തുടരെത്തുടരെ മുഴക്കിപ്പോകു-
മാ, അന്ധൻെറ മിഴികളിലെ
ശൂന്യത തേടി;

ആമണിനാദത്തിലൊളിച്ചിരിക്കു-
മെൻ ദേവനെത്തേടി;

ഞാനിപ്പോഴും പോകട്ടെ, പ്രിയേ
ഇനി വിട തരിക,
പോയ്‌വരട്ടെ.

ഓർമ്മതൻ ചിറ്റോളങ്ങൾ
    അലതല്ലീടുന്നെന്റെ—
മാനസസരസ്സിലെന്തിനെന്നറിയാതെ
    പാതിരാക്കിളിയതാ പാടുന്നു മധുരമായ്
നിന്നുടെ സ്നേഹഗാനം
    ഈ സായംസന്ധ്യകളിൽ
പൗർണ്ണമിചന്ദ്രികയിൽ
    മുങ്ങി നീ നീന്തീടുമ്പോഴും
എന്നന്തരാളം മെല്ലെ—
    വിലപിക്കും
കറുത്ത രാത്രികളിൽ
    കാർമേഘപടലത്തിൽ
നക്ഷത്രപ്പൂവാടിയിൽ
    അന്നു ഞാൻ പോയിരുന്നു
കൂട്ടാളങ്ങളുമായ്
    ഒഴുകും അരുവിയിൽ
ലയിക്കാൻ കൊതിച്ച ഞാൻ
    ഒരു കൊച്ചുമത്സ്യത്തെപോൽ.
ആ നല്ല സുദിനങ്ങൾ
    മരിച്ചുകിടക്കുന്നു—
എന്നുടെ കാൽച്ചുവട്ടിൽ
    ഇന്നാർക്കുമറിയാതെ
ഇന്നലെ സമ്മാനിച്ച
    പ്രേതഭൂമിയിൽനിന്നും
പ്രയാണം തുടങ്ങുന്നു
    കണ്ണീരും ഫലവുമായ്
ഇന്നിനെ പേടിക്കുന്നു
    പുതുമയെ പേടിക്കുന്നു.
ഇന്നെന്റെ ചെയ്തികളെല്ലാം—
    വെറും പാളിച്ചകൾ
മരുഭൂമിയിൽ കാണും
    മരീചികപോലെ മിന്നും—
മരിച്ചുകിടക്കുന്ന
    നാളെയെ പുണരാനായ്.
വിഡ്ഢിയാണു നീ എന്നു
    മന്ത്രിച്ചതെൻ മനതാർ
കേട്ടില്ല ഞാനതൊന്നും
    ഭ്രാന്തമായ് ചിരിച്ചല്ലോ?

# പുലരി

വർഗ്ഗീസ് വി
കണ്ടംകുളത്തി
II dc

# മദ്ധ്യാഹ്നത്തിൽ

വിൻസെൻറ് എം ജെ
III d c

ഞാനൊരു നാടൻ കനിയായ് ബിന്ദുസമാനനായ്
വീണു ഈ പ്രപഞ്ചത്തിൻ കോണിൽ,
ഒരുശുഭപ്രഭാതത്തിൽ
എൻെറ വേരുകൾ ആഴത്തിൽ ഇറങ്ങിയ വേരുകൾ
നിരാശരായ് കേണു, കരഞ്ഞു വളത്തിനായ്
അമ്മിഞ്ഞപ്പാലും കണ്ണുനീർപ്പാലും നുകർന്ന്
തൃപ്തരായവർ— ഈ മദ്ധ്യാഹ്നംവരെ
ഇന്ന്, ഈ മദ്ധ്യാഹ്നത്തിൽ വിരിയാൻ
തുടങ്ങുന്നൊരായിരം നക്ഷത്രക്കുന്നുകൾ
വരും കാലമതിൻ പ്രസവപ്പുരയിൽ
വെമ്പൽകൂട്ടുന്ന സത്യത്തെ പ്രസവിക്കാൻ
എന്നിലെ മോഹങ്ങൾ, പ്രതീക്ഷകൾ
സ്വപ്നങ്ങൾ, സങ്കല്പങ്ങൾ—
അവയുടെ സത്താണോ കണ്ണേ നീ?
അതോ നീ വെറും വിരൂപനോ?
അല്ലെങ്കിലെന്തിനീ മിഥ്യാബോധമെന്നിൽ
എനിക്കു വേണ്ട കാപട്യമാർന്ന
ആത്മകങ്ങളിനെ—ഞാനല്ല ഒരു മരീചികപ്പോലെ!!

# വിട യരുളൂ

പി എസ്
ഹരിഹരൻ
II d c

ഇന്നലെയുടെ രത്ന,
കമ്പളം നിവർത്തുവാൻ
സ്വപ്നഭൂമിയിൽ നിന്നും
എത്തുന്ന മനോഹരി!
ഇന്നു ഞാൻ നടക്കാവിൽ
ദേവവിഗ്രഹം നോക്കി
അർച്ചന നടത്തുമ്പോൾ
കേട്ടുനിൻ മൃദുസ്വരം
ഒരു വെള്ളിത്താരപോ
ലുഷസ്സിൽ തൊഴാനായി
എത്ര നാളുകൾ വന്നു
നിന്നു നീ നടക്കാവിൽ
എന്തുകൊണ്ടെനിക്കിന്നു
നിന്നുടെ നൈവേദ്യങ്ങൾ
തരുവാൻ മടിക്കുന്നു
നിന്റെ ദേവനല്ലേ, ഞാൻ.
മൂവന്തി മയങ്ങുമ്പോൾ
ഹൃദയകവാടത്തിൽ
ഉണരാതിരിക്കുന്ന
ദേവതേ, എഴുന്നള്ളൂ.
താരകൾ കൊഴിയുമ്പോൾ
പൂവുകൾ വിടരുമ്പോൾ
ഹാ! മൃതി എന്നെ കാത്തു—
നിൽക്കുന്നു നടക്കാവിൽ
ജീവിതക്ലേശങ്ങളാൽ
ഹൃദയം തേങ്ങിടുമ്പോൾ
ഈ മലർക്കാവിൽ നിന്റെ
ശ്രീമുഖം സ്ഫുരിക്കുന്നു.
സുഷുപ്തി എനിക്കായി
സ്വാഗതം അരുളുന്നു
ഞാനതിൽ ലയിക്കട്ടെ,
മൃത്യുവിൻ മടിത്തട്ടിൽ

# ബാധ

കൺമണികൾക്കു മുകളിൽ കയററിവെക്കപ്പെട്ട ഉപ്പിൻചാക്കുകൾക്കകത്തുകൂടി ശക്തിയായ നീരൊഴുക്ക്; ഭാരലഘുത്വം. മഞ്ഞയും നീലയുംകൂടി ഇഴുകിച്ചേർന്ന് തെളിഞ്ഞു മായുന്ന ആയിരം വർണ്ണവലയങ്ങൾ.

പെൺകുട്ടി ഒന്നു പിടഞ്ഞു, ഒന്നു ഞരങ്ങി. കടുകടാ വിയർപ്പു പൊടിയിച്ചുകൊണ്ട് കോട്ടുവായിട്ടു. വില്ലുപോലെ വളഞ്ഞുനിന്നു പല്ലിളിച്ചു.

അണുക്കളിൽനിന്ന് അണുക്കളിലേയ്ക്ക് അരിച്ചുകയറുന്ന വേദന.

''മാധവിക്കുട്ടീ''

പർവ്വതങ്ങളെ പൊട്ടിപ്പിളർപ്പിക്കുന്ന, ജ്യോതിർഗ്ഗോളങ്ങളെ തമ്മിലടിപ്പിച്ച് തീപ്പൊരി ചീററിപ്പിക്കുന്ന ആ ശബ്ദം അപ്പോഴും തലച്ചോറിനെ പ്രകമ്പനംകൊള്ളിച്ചുകൊണ്ടു മുഴങ്ങിനിന്നു.

—പ്രൊഫസറുടെ മൂന്നാമത്തെ വിളി!

കൈകാലുകൾ യാന്ത്രികമായി പിണച്ചുകെട്ടിപ്പോയ പെൺകുട്ടി മുറിയുടെ ഇരുട്ടുള്ള മൂലയിലേയ്ക്ക് ഒതുങ്ങിക്കൂടി ചുളിനിന്നു.

പിന്നീടെന്താണു സംഭവിച്ചത്?

കൺമണികളിലെ ഉപ്പിൻചാക്കുകളിൽ നീരൊഴുക്കു നിലയ്ക്കുന്നു. ഉപ്പിൻചാക്കുകളുടെ എണ്ണം കൂടുന്നു. മഞ്ഞയും നീലയും ഇഴുകിച്ചേർന്ന വർണ്ണവലയങ്ങൾ മുറിഞ്ഞു തകരുന്നു; തരികളായി ചിതറുന്നു.

കോററയകളിൽനിന്നു രക്തം ഇററിററു വീഴുന്ന ചെന്നായ. നിമിഷത്തിൽ ആയിരമുരു വികസിച്ചു സങ്കോചിക്കുന്ന നാസാദ്വാരങ്ങൾ. കിതപ്പിൽനിന്നു വമിക്കുന്ന ദുർഗന്ധം. തിളയ്ക്കുന്ന രക്തക്കടലുകളായി മാറിയ കണ്ണുകൾ.

ചെന്നായയ്ക്ക് പ്രൊഫസറുടെ മുഖമോ, പ്രൊഫസർക്ക് ചെന്നായയുടെ മുഖമോ?

ഓർത്തപ്പോൾ പെൺകുട്ടി മരത്തിന്റെ അത്യഗാധഗർത്തത്തിലേയ്ക്ക് ഉരുണ്ടുരുണ്ടു വീഴുകയായിരുന്നു.

സഹിക്കവയ്യാത്ത വേദനയോടെ അവൾ ഞെട്ടിവിറച്ചു തുറിച്ചു തള്ളിപ്പോയ കണ്ണുകൾക്കു മുൻപിൽ ആളിക്കത്തുന്ന തീപ്പന്തം. തീപ്പന്തത്തിലേയ്ക്ക് ആഞ്ഞുതറിയപ്പെടുന്ന തവിടിൻ തരികൾ. ആളിപ്പടർന്ന നാളത്തിലേയ്ക്കു പതുങ്ങിക്കൂടുന്ന അഗ്നിജ്വാലകൾ.

---

**ഗോപിനാഥ് അഞ്ചത്ത്**

---

ഉയർന്നുപൊങ്ങുന്ന ചൂരൽ.

ഉറഞ്ഞുനില്ക്കുന്ന കമ്പിയുടെ ചിലമ്പിൻ നാദം.

രണ്ടു തുടയിലും ഒപ്പം ആഞ്ഞുപതിക്കുന്ന പ്രഹരം.

''ഹെൻറമ്മേയ്''

പെൺകുട്ടിയുടെകണ്ണിൽനിന്നു പൊന്നീച്ചപറന്നു.

പൊട്ടിക്കരഞ്ഞുപോയി.

''പറയ്, പറയ്, ഒഴിഞ്ഞുപോകുന്നോ ഇല്ല്യോ?''

കിടിലംകൊള്ളിക്കുന്ന ശബ്ദം.

''ഒഴിഞ്ഞു പോവാമേയ്, പോവാമേയ്. അടിയ്ക്കല്ലേ.''

മൂർത്തി കീഴടങ്ങിയപ്പോഴും അടി നിന്നു, ജല്പനം നിന്നു, പന്തം കരിഞ്ഞുനാറി. കന്നി കലിയിറങ്ങി.

''ജോത്സ്യൻ പറഞ്ഞതെത്ര ശരി! തെരളാറായ പെണ്ണല്ല്യോ? എവടെക്കെടന്നോ പേടിച്ചതാ. സാറൊരു നല്ലാനായോണ്ട് ഡാക്കരെ വരുത്തി മരുന്നു ചെയ്തു. ബാധ മാറുന്നോണ്ടു മാറോ?''

അച്ഛൻ അമ്മയോടു പറഞ്ഞ വാക്കുകൾ കേട്ടുകൊണ്ടു മയക്കത്തിലേയ്ക്കു വഴുതിവീണ പെൺകുട്ടി കോറായിൽനിന്നു രക്തത്തുള്ളികളിറ്റുവീഴുന്ന ചെന്നായയെ സ്വപ്നംകണ്ടു വീണ്ടും ഞെട്ടിത്തെറിച്ചു.

അകംതുടയിൽ രക്തം കക്കി നീലച്ചുപോയ പാടുകളിൽ ചെന്നായ നക്കിത്തുടച്ചുകൊണ്ടിരുന്നപ്പോഴും പെൺകുട്ടി കുടുകുടാ വിയർത്തു. രണ്ടു കയ്യും ചേർത്തു നെഞ്ചു തിരുമ്മിക്കൊണ്ടു വില്ലുപോലെ വളഞ്ഞുനിന്നു പല്ലിളിച്ചു.


മൂലക്കുരു ?

## ഡീൻസ് പൈൽസ് ക്യൂർ

മൂലക്കുരു സംഹാരി സേവിക്കുക. മൂലക്കുരു, മൂലം, തള്ളൽ, ചോരപോക്ക്, ഗ്യാസ്ട്രബിൾ, മലബന്ധം, മൂലവേദന എന്നീ രോഗങ്ങളെ ഓപ്പറേഷൻ കൂടാതെ സുഖപ്പെടുത്തുന്നു. വില 12 ക. വി. പി. ചാർജ് പുറമെ. ലഘുലേഖ സൌജന്യം.

സാക്ഷിപത്രങ്ങൾ നൽകിയവരിൽ ചിലർ: 1. ശ്രീമതി രത്നമ്മ, രത്നവിലാസ്, കരുവന്നൂർ 2. ശ്രീ. സൈദു ഫക്രുദ്ദീൻഷാ, റിട്ട. ഡി. കളക്ടർ കല്ലൂർ, തൃശ്ശൂർ ഡിസ്ട്രിക്ട്. 8 ശ്രീ K. T. ഫ്രാൻസിസ് B A., മുൻസിപ്പൽ കമ്മീഷണർ, മൂവാറ്റുപുഴ. 4. ശ്രീ. P.K. ചാത്തൻ M L A., മുൻമന്ത്രി, തൃശ്ശൂർ. 5 ശ്രീ. A.K. അപ്പു ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ, കാക്കൂർ, കോഴിക്കോട്. 6. ശ്രീ. K. കുഞ്ഞുണ്ണി മാരാർ B A., റി. താസിൽദാർ, തൃശ്ശൂർ. 7. ശ്രീ P നാരായണമേനോൻ, ഹെഡ്മാസ്റ്റർ, S R V H S. എറണാകുളം. 8 ശ്രീ. R. ഗണേശൻ, J B മങ്കാരം കമ്പനി, മദ്രാസ്–1. ഡീൻസ് പൈൽസ് ക്യൂർ സ്ഥലത്തെ മരുന്നുഷാപ്പുകളിൽ ലഭിച്ചില്ലെങ്കിൽ നേരിട്ടെഴുതുക. ഫോൺ: 320

**ഡീൻസ് മെഡിക്കൽ സ്റ്റോഴ്സ്**

ഇരിങ്ങാലക്കുട



**PAPER**

*FOR EVERY PURPOSE*

*Please Contact* :

## M/s. SRI RAM AGENCIES

Phone No. 31828
Resi. 33834

Grams: PAPERKING
ERNAKULAM

**Post Box No. 1138**

**ERNAKULAM–COCHIN-682011**

*Distributors for* :

**Ballapur Papers, Shree Gopal Papers,
Jk. Mg. & Speciality Papers,
Rothas & Lustra Cote Products,
Arvind Boards & Paper Products,
Wisdom Note Books**

'തേടിയ വള്ളി കാലിൽ ചുറ്റി'യാൽ സ്വാഭാവികമായും സംതൃപ്തിയാണുണ്ടാകേണ്ടത്. എന്നാലും അപ്രതീക്ഷിതമായി അതു സംഭവിച്ചതിനാലായിരിക്കണം, മനസ്സിൽ ഒരു വീർപ്പുമുട്ടൽ.

കോളേജുവാർഷികത്തിന്, വർണ്ണങ്ങൾ മിന്നിമറയുന്ന രംഗത്ത്, തിളങ്ങുന്ന പട്ടുവസ്ത്രങ്ങളണിഞ്ഞ്, മിടഞ്ഞിട്ട നീണ്ട മുടിയിൽ നിറയെ ജമന്തിപ്പൂക്കൾ ചൂടി നൃത്തം ചെയ്ത ആ രൂപം, ഒരു ദേവതയായി മനസ്സിൽ നിറഞ്ഞുനില്ക്കുകയാണ്!

''എടാ....നട്ടെല്ലില്ലാത്തവനേ,....'' സാംബശിവന്റെ വെല്ലുവിളിയാണത്: ''നിന്റെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ പണ്ടേ അവളോട് തുറന്നു പറയുമായിരുന്നു''—

—എന്നിട്ടും അവളെകണ്ടപ്പോഴെല്ലാം നാവു ചലനമറ്റു കിടന്നു! വിശ്വസിക്കാൻ കഴിയാത്ത ഒന്നാണു സംഭവിച്ചത്—അവൾ തന്നെ വീട്ടിലേയ്ക്കു ക്ഷണിച്ചിരിക്കുന്നു; രഹസ്യമായല്ല– പരസ്യമായിത്തന്നെ!

സാംബശിവനും, ശ്രീകുമാറും, ശ്രീനിയും അതു നേരിട്ടു കേൾക്കുകയും, പരസ്പരം കണ്ണെറിഞ്ഞ് അവർ അർത്ഥം വെച്ചു ചിരിക്കുകയും ചെയ്തു.

വനജയുടെ വീടടുക്കുംതോറും, മനസ്സിന്റെ കോണുകളിൽനിന്നു ദൗർബല്യത്തിന്റെ—ഉറങ്ങിക്കിടന്നിരുന്ന അകാരണമായ ഭീതിയുടെ—കൊച്ചു നീർക്കോലികൾ തല പൊക്കാൻ തുടങ്ങിയിരിക്കുന്നു.

---

എം ഡി രവീന്ദ്രൻ I b a

---

........എടാ നട്ടെല്ലില്ലാത്തവനേ........

ഛേ!–തന്റേടം പുരുഷന്റെ കൈമുതലാണ്. അടച്ചിട്ടിരുന്ന പച്ചച്ചായം തേച്ച ഗെയ്റ്റ് തള്ളിത്തുറന്നു തലയുയർത്തി നടന്നു.

# ബന്ധനം

സാമാന്യം വലിയൊരു വീട്—ഒരു ശലഭം പോലെ വനജ പൂമുഖത്തേയ്ക്കു പറന്നുവന്നു. അവൾ കുലുങ്ങിച്ചിരിച്ചു:

''നേരം വൈകിയപ്പോൾ, ഞാൻ കരുതി വരില്ലായിരിക്കുമെന്ന്....!''

കാമിനിക്ക് ഉള്ളം തുറന്ന ആ പ്രഥമ പുഞ്ചിരി സമ്മാനിക്കാൻ ഒരു വിഫലശ്രമം നടത്തിനോക്കി.

—മനസ്സിൽ സ്വപ്നവർണ്ണങ്ങളുള്ള മാരിവില്ലു തെളിഞ്ഞു നിന്നു!

''വരൂ....അമ്മ അകത്താണ്....'' യാന്ത്രികമായി അവളെ അനുഗമിച്ചു. അഗ്രം പിടിച്ചുകെട്ടിയ ഈറനായ മുടി അവളുടെ പിൻപുറം നനച്ചിരിക്കുന്നതു കാണാൻ ചന്തമുണ്ട്.

കുഴമ്പിന്റേയും കഷായത്തിന്റേയും രൂക്ഷഗന്ധം തങ്ങിനില്ക്കുന്ന ഇടുങ്ങിയ മുറിയിലേയ്ക്കു കടന്നപ്പോൾ എന്തോ ഒരബദ്ധത്തിൽ വന്നു ചാടിയപോലെ തോന്നിപ്പോയി. മുറിയിൽ ജനാലയോടു ചേർത്തിട്ടിരിക്കുന്ന കയറുകട്ടിലിൽ വാതരോഗിയായ വനജയുടെ അമ്മ എഴുന്നേറ്റിരുന്നു. വിസ്മയവും, തുടർന്നു സ്നേഹവും സങ്കടവും മാറി മാറി നിഴലിക്കുന്ന കണ്ണുകൾ!

''വാ, മോനിവിടിരിക്ക്....''

കട്ടിലിൽ ഒരു വശത്ത് ഇരുന്നു. വനജ തിരക്കിട്ടു മുറി വിട്ടുപോയി. വിറയ്ക്കുന്ന കൈകൊണ്ടു തോളിൽ പിടിച്ചു വാതരോഗി അന്വേഷിച്ചു—

''എന്താ പേര്?''

''അരവിന്ദാക്ഷൻ....''

''ഞാൻ മുകുന്ദനെന്നേ വിളിക്കൂ.....'' അവർ കണ്ണീരു തൂകി. രണ്ടു വർഷം മുമ്പു മരിച്ചുപോയ അവരുടെ മുകുന്ദനെന്ന മകനെക്കുറിച്ചവർ പറഞ്ഞു. തന്റെ ഛായയും, പ്രായവുമായിരുന്ന മുകുന്ദനെന്ന പരേതനെക്കുറിച്ചോർത്തപ്പോൾ ദുഃഖം തോന്നി.

വർഷങ്ങൾക്കു മുമ്പ്, വനജ കൊച്ചുകുട്ടിയായിരിക്കുമ്പോൾ കാറപകടത്തിൽ മരിച്ചുപോയ വക്കീലായിരുന്ന അച്ഛനെക്കുറിച്ചും അവർ പറയാൻ തുടങ്ങിയപ്പോൾ അവർക്കു പറയാനുള്ളതു് മുഴുവൻ ദുഃഖത്തിന്റെ കഥകളാണെന്നു മനസ്സിലായി—ഇത്ര വലിയ വീടും പറമ്പുമൊക്കെ ഉണ്ടായിട്ടെന്താ കാര്യം!

എല്ലാം കേട്ട് അവരുടെ ദുഃഖത്തിൽ പങ്കുകൊണ്ടിട്ടെന്നോണം മൂകനായിരുന്നു. വീടിനെ കുറിച്ചവർ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം ചുരുങ്ങിയ വാക്കുകളിൽ മറുപടി പറയാൻ ശ്രമിച്ചു. അവരപ്പോൾ മുകുന്ദനെ അനുസ്മരിച്ചു: ''മുകുന്ദന്റെ സ്വഭാവംതന്നെ—കുറച്ചേ സംസാരിക്കൂ....''

വെറുതെ ചിരിച്ചു!

''അതു ശരി....''അവർ പറഞ്ഞു ''അപ്പോ ആണായിട്ടും പെണ്ണായിട്ടും അമ്മയ്ക്കും അച്ഛനും ഒരേ ഒരു മോനേ ഉള്ളൂ അല്ലേ?''

''അതെ!''

വനജ കൊണ്ടുവന്ന കാപ്പി ഊതി ഊതി കുടിച്ചുകൊണ്ടിരുന്നപ്പോൾ അമ്മ പറഞ്ഞു:

''ഇവൾ കുറെ നാളായി മോനെപ്പറ്റി പറഞ്ഞു തുടങ്ങിയിട്ട്. ഞാനെന്നും പറയും അവളോടൊന്നു വിളിച്ചുകൊണ്ടുവരാൻ. മുകുന്ദനെ കാണുന്ന 'പഴർപ്പെ'ങ്കിലും ഒന്നു തീർക്കാമല്ലോന്നു കരുത്യാണ്.'' അവരുടെ തൊണ്ട വിറച്ചു ''ആ നെറ്റിയിലെ മുറിവുകൂടി ഉണ്ടായിരുന്നില്ലെങ്കിൽ മോന് ഏറെക്കുറെ എന്റെ മുകുന്ദന്റെ ഛായതന്നെയാണ്.''

—മനസ്സിൽ എവിടെയോ ഒരു വേദന!

അവർ പ്രത്യേകം ഓർമ്മിപ്പിച്ചു: ''ഇനി ഇടയ്ക്കൊക്കെ ഇങ്ങോട്ടൊക്കെ വരണം കേട്ടോ?'' സമ്മതഭാവത്തിൽ മൂളി.

വനജ കുലുങ്ങിച്ചിരിച്ചു. ''അരവി വെറുതെ മൂളുവാണോ?'' — അവൾക്കു സംശയം!

''ശ്....ശ്'' അമ്മ വിലക്കി. ''അരവിച്ചേട്ടനെന്നു വിളിക്കു്.''

—യാത്ര പറഞ്ഞു മുറി വിട്ടിറങ്ങുമ്പോൾ ബന്ധനത്തിലകപ്പെട്ട മനസ്സിൽ അതൃപ്തിയുടെ കാർമേഘങ്ങൾ തങ്ങിനിന്നു!

പൂമുഖത്തെ വാതില്ക്കു കടക്കുമ്പോൾ: ''അരവ്യേട്ടാ....''

പിന്നിൽനിന്നു വിളി. തിരിഞ്ഞുനോക്കി. വനജ!

മൂകത, വാചാലമാണ്! ഹൃദയത്തുടിപ്പുകൾമാത്രം വ്യക്തമായി കേൾക്കുന്നു. അനുജത്തി—എന്റെ—അനുജത്തി—

—കാർമുകിലുകൾ പെയ്തുതീർന്നിരിക്കുന്നു; ഇപ്പോൾ വാനം സ്വച്ഛമാണ്!

ചന്ദനത്തോപ്പിൽ സരള കഴിഞ്ഞ കൊല്ലം വരെ എട്ടും പൊട്ടുമറിയാത്ത ഒരു പെണ്ണായിരുന്നു. ഇന്നവൾ എല്ലാമറിയുന്ന ഒരു കന്യകയാണ്.

ആററത്തിന്റെ ഘടനയെക്കുറിച്ച് പ്രൊഫസ്സർ തകപ്പൻ ലക്ചർ ചെയ്യുമ്പോൾ സരളയുടെ ഘടനയെക്കുറിച്ച് അന്തംവിട്ട ചിന്തിക്കുകയായിരുന്നു ബാബു

മൊയലൻ വേണു ഒരു പെൺകുട്ടിയെ പ്രേമിക്കുന്നുണ്ട്. സഖാവു പ്രേമനു, പ്രേമത്തിന്റെ രസമറിഞ്ഞവനാണ്. താൻമാത്രം ഇക്കാര്യത്തിൽ എന്തിനു സായിബാബയാകണം. പ്രേമിക്കാനൊരു ശലഭമുണ്ടെങ്കിലേ ജീവിതം സ്വാമിലമാകൂ എന്ന് വയലാർ പാടിയിട്ടുള്ളതായി

ല്ലയിരുന്നെങ്കിൽ പിന്നെന്താണ്? ആഹ്ളാദത്തിരത്തള്ളലിൽ ഒരു താങ്ക്സ് പറയാൻ പോലുമുള്ള മഹാമനസ്കത തനിക്കില്ലാതെ പോയതിൽ ബാബുവിനു തന്നോടുതന്നെവെറുപ്പു തോന്നി.

വേണുവിനോളമോ പ്രേമനോളമോ സൗന്ദര്യം തനിക്കില്ലെന്നു ബാബുവിനറിയാം. പരിശുദ്ധപ്രേമത്തിനു മുന്നിൽ രൂപഭംഗിയ്ക്കു സ്ഥാനമില്ലെന്ന് ഏതോ കവിവര്യൻ പാടിയതു കള്ളിൻ പുറത്താണോ? ആകാൻ വഴിയില്ല

സംശയമില്ല. അവൾക്കെന്നോടു പ്രേമം തന്നെ കലശലായ പ്രേമം. തുടിക്കുന്ന ഹൃദയവുമായി അവൾ എനിക്കുവേണ്ടി കാത്തിരിക്കുന്നുണ്ടാകണം.

# കാമുകനാവണം

ഓർത്തു ഒരു പ്രേമം സംഘടിപ്പിക്കണം. ഇനി വൈകിക്കൂടാ.

വേണുവിന്റെ കാമുകി സുന്ദരിയാണ്. എന്റെ പ്രേമത്തിനിരയാകുന്ന പെണ്ണും സുന്ദരിയായിരിക്കണം. സരള സുന്ദരിയല്ലേ? അതെ. കരിനീലക്കണ്ണുകളും തക്കാളിപ്പഴക്കവിളും സൗന്ദര്യത്തിന്റെ ലക്ഷണമാണെങ്കിൽ അവൾ സുന്ദരിയാണ്.

അവൾക്കെന്നോടു പ്രേമമില്ലേ? അവളുടെ പടിക്കലൂടെ കോളേജിൽ പോകുമ്പോൾ എന്നെ നോക്കി അവൾ ചിരിക്കാറുള്ളതു വെറും പരിചയത്തിന്റെ പേരിലാണോ? ചങ്ങമ്പുഴയുടെ രമണനെ കാണുമ്പോൾ ചന്ദ്രിക ചിരിക്കാറുള്ളത് അങ്ങനെയല്ലേ? ആയിരിക്കാം. അതെ.

നാട്ടിലെ ചെറുപ്പക്കാരോടൊന്നും അവൾ സംസാരിക്കുന്നതു ഞാൻ കണ്ടിട്ടില്ല. അങ്ങനെയിരിക്കെ ചുരുക്കമായെങ്കിലും എന്നോടവൾ സംസാരിക്കാറുള്ളത് ഒരു സ്പെഷ്യൽ കേസായി എടുത്തുകൂടെ. എടുത്തുകളയാം.

പ്രീഡിഗ്രിക്കു ഫസ്റ്റ്ക്ലാസ്സിൽ പാസായപ്പോൾ അവൾ അഭിനന്ദനങ്ങൾ പാസാക്കിയ സംഭവം അവൻ ഓർത്തു. അതു പ്രേമിക്കാനുള്ള ലൈസൻസ

എനിക്കു പ്രേമിക്കണം. പ്രേമിച്ചു പ്രേമിച്ച് എനിക്കു മരിക്കണം.. പ്രേമത്തിന്റെ രക്തസാക്ഷിയാകുന്ന എന്നെക്കുറിച്ച് പത്രങ്ങൾ മുഖപ്രസംഗമെഴുതും. ബാബുവിന്റെ കട്ടംകൈ എന്ന പേരിൽ മന്നൽകവികൾ കവിതകൾ രചിച്ച് പോക്കററു വീപ്പിക്കും. പെണ്ണുങ്ങൾ കണ്ണീർ വാർക്കും. ശാശ്വതസൗന്ദര്യവും തേടി എന്റെ ആത്മാവ് അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞുകൊണ്ടിരിക്കും.

ബാബുവിലെ വിജയിയായ കാമുകൻ അറിയാതെ ഒന്നു ചിരിച്ചുപോയി, ഏതോ തമിഴ് നടനെപ്പോലെ.

''ആർ യൂ ഡ്രീമിങ്? ദേർ യൂ ആർ സംവേർ ഔട്ട് സൈഡ് ദി ക്ലാസ്സ്.''

പ്രൊഫസറുടെ ഫലിതം കേട്ട ശിഷ്യഗണം പൊട്ടിച്ചിരിച്ചു. പൊട്ടിച്ചിരിയിൽ വിലയം പ്രാപിച്ച് ബാബുവിന്റെ മുഖം വിളറിവെളുത്തു.

'സിററ് ഡൌൺ ദേർ.' അതൊരാശ്വാസമായിരുന്നു. ശേഷം ചിന്തകൾ അടുത്ത പീരിയഡിലേയ്ക്കു മാററിവച്ച് ബാബു ഒന്നു നിവർന്നിരുന്നു.

പുഷ്പാകരൻ കെ വി III b sc

# ഒരു യാത്രയുടെ തുടക്കം

അധികം കഴിഞ്ഞില്ല തന്റെ മുറിയുടെ വാതില്ക്കൽനിന്നും അമ്മയുടെ ഒച്ച പൊങ്ങി.

''ഓ തമ്പുരാനിനീം ഒണരാറായിട്ടില്ല. നേരമുച്ച്യായാലും എഴുനേൽക്കില്ല. പിന്നെങ്ങനെ നേര്യാവാനാ ...''

കേൾക്കാത്തപോലെ പായയിൽ തിരിഞ്ഞു കിടന്നു. അമ്മ പോയപ്പോൾ പതുക്കെ എഴുന്നേറ്റു പുറത്തേയ്ക്കു പോയി. കിണറ്റുകരയിൽ കീറിയ ബ്ലൗസും പഴയ മുണ്ടുമുടുത്തു നിന്നു പാത്രം തേയ്ക്കുന്ന ലക്ഷ്മിക്കുട്ടി! ഉറയത്തു തൂക്കിയിട്ടിരുന്ന പാട്ടയിൽനിന്നും ഉമിക്കരിയെടുത്തു പല്ലു തേയ്ക്കാൻ തുടങ്ങിയപ്പോൾ അറിയാതെ അച്ഛനെക്കുറിച്ചോർത്തുപോയി. ഇന്നച്ഛനുണ്ടായിരുന്നെങ്കിൽ താനിത്രയേറെ ദുഃഖിക്കേണ്ടിവരുമായിരുന്നില്ല.

പല്ലുതേപ്പു കഴിഞ്ഞു പത്രം വായിക്കാനായി ചായക്കടയിലേയ്ക്കു പുറപ്പെട്ടു. വേലിക്കലെത്തുന്നതിനുമുൻപ് അമ്മ വിളിച്ചു ചോദിക്കുന്നതു കേട്ടു.

''നേരം വെളുക്കണേനു മുൻപ് എവിടേയ്ക്കാണാവോ പൊറപ്പാട്. വല്ല ചാത്തന്റേം കോരന്റേം ചായക്കടേ കേറി നെരങ്ങാനാവും.''

ഓ ഇതെന്തൊരു ശല്യമാണ്. കിടന്നുറങ്ങിയാൽ കുറ്റം, വീട്ടിൽ ഇരുന്നാൽ കുറ്റം. അറിയാതെതന്നെ പറഞ്ഞുപോയി.

''എന്നാ എനി പൊറത്തൊന്നും പോണില്ല. ദിവസ്സോം ഓരോ പത്രം വരുത്ത്. ഇവിടെ തന്നെ ഇരുന്നു വായിച്ചോളാം.''

''ഓ തുടങ്ങി അവന്റെ പ്രസംഗം. പത്രം വരുത്താനായിട്ട് ചാക്കുകണക്കിനല്ലെ മോൻ സമ്പാദിച്ചുവെച്ചിരിക്കണത്.''

അതു കേട്ടില്ലെന്നു നടിച്ചുകൊണ്ടു നടന്നു.

''എടീ ലക്ഷ്മിക്കുട്ട്യേ.... നീ എന്തു കണ്ടിട്ടാ ഈ കെടന്നൊറങ്ങണത്.... നേരം വെളുത്താ അടുക്കളേല പണിയൊന്നും ഒല്ലേരിയ്ക്കും. ആയിരകണക്കിനാളല്ലെ നിൻേറട്ടൻ പണിയ്ക്കു നിർത്തീരിയ്ക്കുന്നത്....''

ഓ, അമ്മയുടെ ശകാരമാണ്. പാവം ലക്ഷ്മിക്കുട്ടി. താൻ കാരണം അവളും അമ്മയുടെ ശകാരം സഹിക്കേണ്ടിവരുന്നു. സ്വന്തം മോഹങ്ങളും അഭിലാഷങ്ങളും ഉള്ളിലൊതുക്കി ഈ പഴയ വീട്ടിൽ ഒതുങ്ങിക്കൂടുന്ന എന്റെ കൊച്ചുപെങ്ങൾ.

ഈശ്വരാ! ഇതെന്തൊരു ജീവിതം .... എന്തു ജോലി വേണമെങ്കിലും ചെയ്യാമെന്നുണ്ട്. കൂലിപ്പണി എടുക്കാൻപോലും താൻ ഇന്നു തയ്യാറാണ്. പക്ഷെ ഇലഞ്ഞിയ്ക്കൽ തറവാട്ടിലെ ഏകപുത്രൻ പട്ടിണികിടന്നാലും കൂലിപ്പണിക്കു പോകാൻ പാടില്ലല്ലൊ? അമ്മയെ എങ്ങിനെയെങ്കിലും പറഞ്ഞു മനസ്സിലാക്കാം എന്നു വെച്ചിട്ട്

ജോസ് കെ എൽ II b com

ഒരു രക്ഷയുമില്ല. അമ്മ അറിയാതെ പണിക്കു പോയാൽത്തന്നെ അതമ്മയുടെ ചെവിയിലെത്തിക്കാൻ ആളു കാണും. തറവാടു ഭാഗിച്ചപ്പോൾ കിട്ടിയ പറമ്പിൽനിന്നും കിട്ടുന്ന ചുരുങ്ങിയ ആദായംകൊണ്ടുമാത്രമാണിന്നു കുടുംബം

കഴിഞ്ഞുകൂടുന്നതു്. ഓരോന്നു ചിന്തിച്ചുകൊണ്ടു നടന്നു് ചായക്കടയിലെത്തിയതറിഞ്ഞില്ല.

പത്രത്തിൽ അഭ്യസ്തവിദ്യരുടെ തൊഴിൽസാദ്ധ്യതകൾ എന്നു പറഞ്ഞു് ഒരു വലിയ ലേഖനം തന്നെ എഴുതിക്കൂട്ടിയിട്ടുണ്ടു്. ഒന്നും നടപ്പാകുന്ന മട്ടില്ല എല്ലാം കടലാസ്സിൽ മാത്രം. അല്ലെങ്കിൽ മൂന്നു കൊല്ലം മുൻപു് B. A. പാസായ തനിക്കു് എന്നേ ജോലി കിട്ടേണ്ടതായിരുന്നു.

പത്രംവായന കഴിഞ്ഞു വീട്ടിലേക്കു മടങ്ങുമ്പോൾ വഴിയിൽവെച്ചു കണ്ട മാധവപ്പണിക്കരും, ചാത്തൻപുലയനും എല്ലാം ഒന്നേ അറിയേണ്ടു....തന്റെ ജോലിക്കാര്യം എവിടത്തോളമെത്തിയെന്നു്. തനിക്കു ജോലി കിട്ടാത്തതിൽ തന്നേക്കാൾ വിഷമം അവർക്കാണെന്നു തോന്നും, ചോദ്യം കേട്ടാൽ.

പടി കയറുമ്പോൾ അകത്തുനിന്നും ലക്ഷ്മിക്കുട്ടിയുടെ ശബ്ദം കേട്ടു.

''അമ്മ എന്തിനാ ഏട്ടനെ എപ്പഴും ഇങ്ങനെ വഴക്കു പറേണതു്. ഏട്ടൻ വേണോന്നു കരുതീട്ടല്ലല്ലൊ, ജോലി കിട്ടാഞ്ഞിട്ടല്ലെ?''

''ഓ! നീപ്പൊ എന്നെ പഠിപ്പിക്കാൻ വരണ്ട. ആ കെഴക്കേലെ മാധവ്യമ്മേടെ മോൻ ഇവന്റൊപ്പം പഠിച്ചേർന്നതല്ലെ? ഇപ്പൊ മാസം നൂറാമ്പതു റുപ്യവീതാ അയയ്ക്കുണെ. അന്നട്ടിവന്മാത്രം ജോലില്ല്യ....എന്റെ പരദേവതമാരേ വളൻ ഇങ്ങനെ ഒന്നിനും കൊള്ളാത്തോനായീലോ....''

അധികം കേട്ടുനില്ക്കാൻ കഴിഞ്ഞില്ല, നിന്ന നിലയിൽ താൻ ഇല്ലാതാകുന്നതുപോലെ തോന്നി. അമ്മയ്ക്കുപോലും താൻ കൊള്ളരുതാത്തവനാണു്. ലക്ഷ്മിക്കുട്ടീ.... നീ എന്തിനീ ഏട്ടന്റെ ഭാഗത്തു നില്ക്കുന്നു. നീയും പറ ഏട്ടൻ കൊള്ളരുതാത്തവനാണെന്നു്. നിന്റെ കൂട്ടുകാരികളെല്ലാം വിവാഹിതരായി. നിന്നെ വിവാഹം കഴിപ്പിച്ചയയ്ക്കാൻപോലും ഈ ഏട്ടനു കഴിവില്ല.''

അമ്മ വടക്കേപ്പുറത്തേക്കു പോയപ്പോൾ അടുക്കളയിലേക്കു കയറിച്ചെന്നു.

ലക്ഷ്മിക്കുട്ടി കഞ്ഞിക്കു ചമ്മന്തി അരയ്ക്കുകയാണു്. പാവം....കിഴക്കു വെള്ള കീറുമ്പോൾ തുടങ്ങി സന്ധ്യയാവുന്നതുവരെ പണിതന്നെയാണു്....തുള്ളിച്ചാടി നടന്നിരുന്ന ലക്ഷ്മിക്കുട്ടിയല്ല ഇന്നവൾ....മുഖത്തെ പ്രസാദമെല്ലാം മങ്ങിത്തുടങ്ങി.

കഞ്ഞികുടി കഴിഞ്ഞു മുറിയിൽ വന്നു ലൈബ്രറിയിൽനിന്നും കിട്ടിയ പുസ്തകം വായിച്ചുതുടങ്ങിയപ്പോൾ അടുക്കളയിൽനിന്നും അമ്മ അന്വേഷിക്കുന്നതു കേട്ടു.

''രാഘവൻ വന്നില്ലെ മോളെ....''

''ഉവ്വമ്മേ''

''അവനു കഞ്ഞി കൊടുത്തോ....പാവം കാലത്തന്നെ ഞാൻ കൊറെ വഴക്കു പറഞ്ഞു. വെഷമംകൊണ്ടു് എന്തൊക്ക്യോ പറഞ്ഞു....''

പറഞ്ഞു വന്നപ്പോൾ അമ്മയുടെ ശബ്ദം ഇടറുന്നുണ്ടെന്നു തോന്നി. കുറച്ചു മുൻപു തന്നെ വഴക്കു പറഞ്ഞ ആ അമ്മ തന്നെയോ ഇതു്?

''നീ കഞ്ഞി കുടിച്ചോടീ....''

''ഇല്ല....അമ്മ കുടിച്ചോ....ഞാൻ ഉച്ചയ്ക്കു കഞ്ഞി വെവുമ്പൊ കുടിച്ചോളാം.''

''വേണ്ടടീ നീ കുടിച്ചോ....എനിക്കിത്തിരി കഞ്ഞിവെള്ളം കിട്ട്യാലും മതി. ചാവണവരെ എങ്ങിനേങ്കിലും അങ്ങു കഴിയണം. ഉള്ളതോണ്ടു നീയും രാഘവനും സുഖായി കഴ്യേണതു കണ്ടാ മതി.''

ഇതു കേട്ടുകൊണ്ടിരുന്നപ്പോൾ അമ്മയുടെ സ്നേഹം ലോകത്തിൽ വേറൊരു ശക്തിയിൽനിന്നും കിട്ടില്ലെന്നു തോന്നി. സ്നേഹത്തിന്റെ മൂർത്തീകരണമായ അമ്മ .. കൊച്ചുകുട്ടിയെപ്പോലെ നിഷ്കളങ്കയായ അമ്മ....ഈ അമ്മ താൻ കാരണം ഇന്നത്ര ദുഃഖിക്കുന്നു. വയറു നിറച്ചു ഭക്ഷണംപോലും കിട്ടുന്നില്ല . ഇല്ല... ഈ നില ഇനിയും തുടർന്നുകൂടാ .. താൻ എവിടെയെങ്കിലും പോയി കൂലിവേല ചെയ്തെങ്കിലും അമ്മയെ പോറ്റും.

അങ്ങനെ ചിന്തിച്ചുകൊണ്ടു കിടന്നപ്പോൾ തോന്നി നാട്ടിൽനിന്നെവിടെയെങ്കിലും പോകണമെന്നു്....നാട്ടിൽ നിന്നും പുറത്തുപോയി എന്തു ജോലി ചെയ്താലും ആരും അറിയാൻ പോകുന്നില്ല. താൻ പട്ടിണി കിടന്നാലും അമ്മ

യേയും ലക്ഷ്മിക്കുട്ടിയേയും പട്ടിണി കിടത്തിക്കൂടാ....

ഉടനെ ഒരു കടലാസ്സെടുത്തെഴുതി:

"അമ്മേ ഞാൻ പോവുന്നു....എവിടെയെങ്കിലും പോയി എന്തെങ്കിലും ജോലിയായതിനു ശേഷമേ ഇനി ഞാൻ തിരിച്ചു വരൂ. അമ്മ വിഷമിക്കണ്ട. ഇനി തിരിച്ചു വരുന്നതു" ഈ പോകുന്ന രാഘവനായിരിക്കില്ല. എന്റെ പെങ്ങളുടെ കല്യാണം നടത്തുന്നതിനു വേണ്ട പണവുമായിട്ടേ ഞാൻ തിരിച്ചു വരൂ നിങ്ങളെ ഞാൻ ഇനി പട്ടിണി കിടത്തില്ല....എന്നോടു ക്ഷമിക്കൂ...."

എഴുത്തു മടക്കി ലക്ഷ്മിക്കുട്ടിയുടെ പെട്ടിക്കു മീതെ വെച്ചു. താൻ ഒരു പുതിയ ഷർട്ടു വാങ്ങാനായി കുടുക്കയിൽ സൂക്ഷിച്ചിരുന്ന കാശെടുത്തെണ്ണിനോക്കി പത്തേകാൽ രൂപയുണ്ട്. അതും കൊണ്ടു വേഗം പുറത്തു കടന്നു. കൂടെ കൊണ്ടു പോകാൻ തന്റെ സർട്ടിഫിക്കറ്റൊഴിച്ചു വേറെ ഒന്നും ഉണ്ടായിരുന്നില്ല. തന്റെ യാത്ര തുടങ്ങുകയാണ്. കൂടുതൽ ശക്തിയോടെ തിരിച്ചുവരാനുള്ള യാത്ര. അമ്മേ....ലക്ഷ്മിക്കുട്ടി ഞാൻ പോകുന്നു ... ഞാൻ തിരിച്ചുവരും. നിങ്ങളും വിഷമിക്കാതിരിക്കൂ .......

WITH BEST COMPLIMENTS FROM

**M/s. EDUCATIONAL & SCIENTIFIC APPLIANCES**

**PUNKUNNAM P. O.**
**TRICHUR-2**

*MANUFACTURERS AND DEALERS IN SCIENTIFIC APPARATUS*

**BADUSHA TAILORS**

LADIES & GENTS TAILORS

TANA
IRINJALAKUDA

*FOR QUICK SERVICE*
*UP TO DATE WORK*
*PERFECT STITCHING*

........ഭാവനയുടെ നിറക്കൂട്ടുള്ള ചായക്കൂട്ടിൽ യുവസാഹിത്യകാരൻ തന്റെ പുതിയ കഥയ്ക്കു രൂപം കൊടുത്തു. സാഹിത്യകാരന്റെ മെലിഞ്ഞ കൈയ്യിലെ ചുവന്ന തൂലിക കറുത്ത മഷിയിൽ മുങ്ങി. പരുപരുത്ത കടലാസ്സിൽ ഭാവനയും ജീവിതവും അലിഞ്ഞുചേർന്നു.

സാഹിത്യകാരൻ ആത്മവിസ്മൃതിയിലാണ്.

* * *

നഗരത്തിൽനിന്നു് ഒഴിഞ്ഞുമാറി ഒഴുകുന്ന വീതി കുറഞ്ഞ പുഴ. അതിന്റെ മടിത്തട്ടിൽ ഉയർന്നു നില്ക്കുന്ന ബംഗ്ലാവിലെ മനോഹരമായി അലങ്കരിച്ച ഒരു മുറിയിൽ ടേബിൾ ലൈറ്റിന്റെ പ്രകാശത്തിൽ കലാകാരൻ പ്രകൃതിയുടെ മനോഹാരിത മുഴുവനും കടലാസ്സിലേയ്ക്കു പകർത്തുവാൻ ശ്രമിക്കുകയാണ്.

കലാകാരന്റെ വീതി കുറഞ്ഞ ബ്രഷ് ചുവന്ന ചായത്തിൽ മുങ്ങി. വെളുപ്പു കലർന്ന ചുവപ്പിൽ കലാകാരൻ തന്റെ ചിത്രത്തിനു പശ്ചാത്തലമൊരുക്കി.

ഭാവനയ്ക്കു ചിറകു മുളച്ചു.

മഞ്ഞിൻപടലത്തിന്റെ നേർത്ത നൈറ്റ് ഗൗൺ ധരിച്ച മലനിരകൾക്കു കലാകാരൻ ജീവൻ നല്കി. കരിമ്പാറക്കൂട്ടങ്ങളും അവയുടെ ഇടയിലൂടെ കുതിച്ചൊഴുകുന്ന വെള്ളച്ചാട്ടങ്ങളും കലാകാരന്റെ നിശ്വാസമേറ്റു കോരിത്തരിച്ചു. വെളുപ്പും മഞ്ഞയും കലർന്ന പുഷ്പങ്ങളിൽ കലാകാരന്റെ വിരുതുറ്റ കൈ മൃദുലവികാരങ്ങളുണർത്തി.

പ്രകൃതിയുടെ മടിത്തട്ടിലൂടെ കലാകാരന്റെ ബ്രഷു ചലിച്ചു. മലകളുടെ ഇടയിലൂടെ എത്തിനോക്കാൻ ശ്രമിക്കുന്ന ചുവന്ന മേലങ്കി ധരിച്ച സൂര്യനെ കടലാസ്സിന്റെ പരിധിയിൽ കലാകാരൻ ഒതുക്കിനിർത്തി.

........ചുവന്ന വെളിച്ചത്തിന്റെ പ്രകാശത്തിൽ കലാകാരൻ അനുരാഗം കണ്ടു. അനുരാഗം വിപ്ലവമാണ്.

**പോൾ തുളുവത്ത് ജെ** II p d c

കലാകാരൻ വിപ്ലവകാരിയാണ്.

താൻ വരച്ച മുഴുവനാകാത്ത ചിത്രത്തിലേയ്ക്കു കലാകാരൻ കണ്ണോടിച്ചു. കുതിച്ചൊഴുകുന്ന പുഴ. അതിന്റെ അരികുപറ്റി വളർന്നു നില്ക്കുന്ന കല്പവൃക്ഷങ്ങൾ.

വിജനമായ പുഴയുടെ തീരത്തു കലാകാരന്റെ ഭാവന മൺകുടിലിനു ജീവൻ നല്കി.

കരയുന്ന മൺകുടിൽ .... .... .... മൺകുടിലിലെ ചാണകം മെഴുകിയ തറയിൽ കീറിത്തുടങ്ങിയ പായകൊണ്ടു മൂടിപ്പുതച്ചുറങ്ങുന്ന മനുഷ്യരെ കലാകാരൻ കണ്ടു.

സൃഷ്ടിയുടെ സൗന്ദര്യം മുഴുവൻ കടലാസ്സിലേയ്ക്കു പകർത്താൻ ശ്രമിച്ച കലാകാരനു കുടിൽ ഒരു വിരോധാഭാസമാണെന്നു തോന്നി. ചായക്കൂട്ടിലൂടെ അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ കഴിവുള്ള കലാകാരൻ കുടിലിനു സൗന്ദര്യം നല്കുവാനുള്ള ശ്രമത്തിൽനിന്നു തോറ്റു പിൻവാങ്ങി.

''താൻ പരാജയമടയുകയോ?'' കലാകാരൻ ഉണർന്നു. മെലിഞ്ഞ കൈ വേഗത്തിൽചലിച്ചു.

കുടിലിന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. കറുത്ത മേഘങ്ങളുടെ ശക്തിയായ കാറ്റേറ്റു കലാകാരൻ തളർന്നു.

പടർന്നു നില്ക്കുന്ന ബോഗൻവില്ലയിൽ തട്ടി വരുന്ന കാറ്റിന്റെ ദുഃഖനിർഭരമായ സംഗീതം

# തൂവലും ബ്രഷും

കലാകാരൻ കേട്ടു. വിടർന്ന റോസപ്പൂക്കളുടെ ഇതളുകൾക്കിടയിൽ കണ്ണുനീർ കണ്ടു. സ്ഫടിക പാത്രത്തിൽ കിടന്നു നീറുന്ന സ്വർണ്ണമത്സ്യത്തിന്റെ കരിനീലമിഴികളിൽ കലാകാരൻ ശോകത്തിന്റെ നിഴലാട്ടം കണ്ടു.

—കുടിലിൽ സൃഷ്ടിസൗന്ദര്യമുണ്ടോ? അതിൽ കൃത്രിമത്വമില്ലേ? തന്റെ അറിവില്ലായ്മയിൽ കലാകാരനു ലജ്ജ തോന്നി.

കലാകാരൻ സന്തോഷത്തിന്റെ പൊയ്മുഖമണിഞ്ഞ ജീവിതം കണ്ടു. വിവിധവികാരങ്ങളുടെ സ്പന്ദനം കലാകാരൻ തന്റെ ഹൃദയത്തിൽ കേട്ടു.

ജീവന്റെ അസ്തമയത്തിൽ കലാകാരൻ ചുവന്ന വെളിച്ചം കണ്ടു. മദ്യപിക്കുന്ന കൊലമരങ്ങൾ!............

ചുവന്ന രക്തം കുടിച്ചു് മുതലാളിത്തം വളർന്നു. രക്തരക്ഷസ്സിന്റെ കഴുത്തിൽ അണിഞ്ഞ ചെത്തിമാല കിടന്നു പിടഞ്ഞു.

ദാരിദ്ര്യം കരഞ്ഞു. അല്ല ഗർജ്ജിച്ചു. ഗർജ്ജനം തീയായി. കലാകാരൻ ഞെട്ടി.

പാരതന്ത്ര്യത്തിന്റെ ചുമരുകൾക്കുള്ളിൽവച്ചു ധനം ദാരിദ്ര്യത്തെ ബലാൽസംഗം ചെയ്തു.

''സൃഷ്ടിസൗന്ദര്യം നിത്യമാണോ?''

വിടർന്നു നിന്നിരുന്ന പുഷ്പങ്ങൾ വാർദ്ധക്യത്തിൽ പ്രവേശിച്ചു. മരങ്ങൾ മരിച്ചു വീണു. കൊടുങ്കാറ്റിന്റെ ചുഴിയിൽ കലാകാരൻ മുങ്ങിത്തുടിച്ചു.

—''ഇന്നലെയുടെ ശവപ്പെട്ടി നാളെക്കുവേണ്ടി സൂക്ഷിച്ചുവെയ്ക്കുന്ന മനുഷ്യാ നിനക്കുതെറ്റു പറ്റി''.

പഴയ മാമൂലുകൾ തകർത്തു തരിപ്പണമാക്കുവാൻ കലാകാരനു് ആവേശം തോന്നി.

കലാകാരന്റെ മുഖം രൗദ്രരൂപം പൂണ്ടു. നീണ്ട ബ്രഷ് കറുത്ത ചായത്തിൽ മുങ്ങി. താൻ വരച്ച പടത്തിലേക്കു കലാകാരൻ നിർന്നിമേഷനായി നോക്കി.

കറുത്ത ചായം കടലാസ്സിൽ ഓടി നടന്നു. ടേബിൾലൈറ്റു കണ്ണടച്ചു. ബോഗൻവില്ലയുടെ കൊമ്പുകൾ ആടിയുലഞ്ഞു. മഞ്ഞിന്റെ നൈറ്റ് ഗൗണിലൂടെ കറുത്ത രക്തമൊഴുകി. സൂര്യൻ നെടുകെ പിളർന്നു. കട്ടപിടിച്ച രക്തം അതിന്റെ മാറിലൂടെ ഒലിച്ചിറങ്ങി. കൊടുങ്കാറ്റലറി.

മേഘങ്ങൾ കൂട്ടിമുട്ടിത്തകർന്നു വെള്ളമായി. പുഴയിലെ വെള്ളം അട്ടഹസിച്ചു. പുഴയുടെ തീരത്തു് ഒതുങ്ങിക്കിടന്നിരുന്ന മണൽത്തരികൾ ഉയർന്നുപൊങ്ങി.

കലാകാരനു സംതൃപ്തി തോന്നി.

കലാകാരൻ പൈശാചികമായി പൊട്ടിച്ചിരിച്ചു. എതിർപ്പുകൂടാതെ വാതിൽ പരാജയം സമ്മതിച്ചു. കലാകാരൻ കറുത്ത ഇരുട്ടിലേക്കു തുറിച്ചുനോക്കി.

ഇരുട്ടിന്റെ കല്പടവുകൾ തപ്പിത്തടഞ്ഞു് വിജനമായ റോഡിലൂടെ കലാകാരൻ ഓടി.

ഉറക്കഗുളിക കഴിച്ചു് നഗരം മയങ്ങുകയാണു്.

റോഡിന്റെ ഇരുവശങ്ങളിലും ഉയർന്നു നില്ക്കുന്ന കെട്ടിടങ്ങൾ കലാകാരനെ നോക്കി പല്ലിളിച്ചു.

ദരിദ്രർ തിങ്ങിപ്പാർക്കുന്ന വീതി കുറഞ്ഞ വഴിയിൽ കലാകാരൻ നിന്നു. ഇരുട്ടിന്റെ ഭീകരതയിൽ ഉറങ്ങുന്ന ചെറ്റക്കുടിലുകളിലേക്കു കലാകാരൻ നിർന്നിമേഷനായി നോക്കി. വിഷാദത്തിന്റെ കരിനിഴലിൽ കലാകാരൻ കുടിലിന്റെ സൗന്ദര്യം കണ്ടു.

ഭ്രാന്തനെപ്പോലെ പൊട്ടിച്ചിരിച്ചുകൊണ്ടു കലാകാരൻ തിരിഞ്ഞോടി.

''ഭ്രാന്തൻ .......ഭ്രാന്തൻ.... .. ....''

കലാകാരൻ തിരിഞ്ഞുനോക്കി. ശബ്ദത്തിന്റെ ഉടമസ്ഥനായ ലജ്ജയില്ലാത്ത മനുഷ്യനെ കണ്ടു. അയാളുടെ അരികപറ്റി നഗ്നരായിക്കിടന്നുറങ്ങുന്ന മനുഷ്യക്കുട്ടികളെ കണ്ടു. കലാകാരൻ ഉച്ചത്തിൽ പൊട്ടിച്ചിരിച്ചു.

''ഹാ....ഹാ....ഹാ....എനിക്കല്ലടോ ഭ്രാന്തു്. നിങ്ങൾക്കാണു്.'' കലാകാരൻ ഗൗരവം പൂണ്ടു.

നീണ്ട ജൂബ്ബയുടെ പോക്കറ്റിൽനിന്നു പത്തിന്റെ ഒരു നോട്ട് ആ മനുഷ്യന്റെ അരികിലേക്കു വലിച്ചെറിഞ്ഞു.

'ഉം.... ഇതു കൊണ്ടുപോയി കുറച്ചു വിഷം വാങ്ങി ഇവററങ്ങൾക്കു കൊടുക്ക്"....''

ഭംഗിയുള്ള കെട്ടിടങ്ങളുടെ നിഴലിൽ ഉറങ്ങാതെ കിടക്കുന്ന മാംസവും രക്തവുമില്ലാത്ത മനുഷ്യപേക്കോലങ്ങളെ നോക്കാതെ കലാകാരൻ ഓടി.

നിശ്ശബ്ദതയുടെ ഭീകരനിമിഷങ്ങൾ ഇഴഞ്ഞിഴഞ്ഞു നീങ്ങി. ''മരണത്തിനു സൗന്ദര്യമുണ്ടോ?''

ഇരുട്ടിൽ ലയിച്ചുകിടക്കുന്ന ബംഗ്ലാവിന്റെ വാതിൽ കലാകാരൻ ചവുട്ടിത്തുറന്നു.

ഭ്രാന്തനെന്നുള്ള വിളി കേൾക്കുന്നുണ്ടോ? കലാകാരൻ ശ്രദ്ധിച്ചു. ഇല്ല.

''താൻ ഭ്രാന്തനാണോ?'' കലാകാരൻ മന്ത്രിച്ചു.

അനുകൂലമായ മറുപടി വായുവിൽനിന്നു"വന്നു" വായുവിൽ അലിഞ്ഞുചേർന്നു.

''അതെ! ഞാൻ മുഴുഭ്രാന്തനാണു". ഞാൻ മാത്രമല്ല മറെറല്ലാവരും'' കലാകാരൻ ജീവിതത്തിന്റെ സത്യം കണ്ടുപിടിച്ചു.

കലാകാരൻ ജയിച്ചു.

* * *

താൻ എഴുതിത്തീർത്ത കഥ സാഹിത്യകാരൻ വായിച്ചുനോക്കി. സാഹിത്യകാരനു സംതൃപ്തിയായി.

ഫോൺ: 266

പോളി ബ്രദേഴ്സ്

ഇംഗ്ലീഷ് മരുന്നു വ്യാപാരം

ഇരിങ്ങാലക്കുട

Phone No. 590
Resi. No. 290
Tel. JOSBEE

JOS BROS.

LEATHER & SHOE MART

TANA

IRINJALAKUDA

# സമസ്യ

അകലെ പള്ളിയുടെ സ്രാമ്പി ഉയർന്നുനിൽക്കുന്നു. സ്രാമ്പിയുടെ കൊത്തുപണികളുള്ള മുകപ്പിന്നടുത്തു് വലിയ ഉച്ചഭാഷിണി. വെള്ളത്തുണികൊണ്ടു് തലയിൽക്കെട്ടുന്ന നരച്ച മുസല്യാരുടെ വാങ്കുവിളി ഈ ഉച്ചഭാഷിണിയിലൂടെയാണു ഞാൻ കേൾക്കാറുണ്ടായിരുന്നതു്.

കുററിക്കാടുകൾക്കുള്ളിൽ കോണുതിരിഞ്ഞുനിൽക്കുന്ന പള്ളിയെ നോക്കിനടക്കുമ്പോഴാണു് എതിരെ പോസ്റ്റുമാൻ വന്നതു്. പോസ്റ്റുമാൻ എന്നും എന്നിൽ ജിജ്ഞാസയുണർത്തിയിട്ടുണ്ടു്. അയാളുടെ കക്ഷത്തിലിറുക്കിയ കാർഡുബോർഡുഫയലിൽ എന്റെ മേൽവിലാസമെഴുതിയ ഒന്നുണ്ടാകുമോയെന്ന ആശങ്ക മനസ്സിലുയർന്നുവരും.

'എനിക്കെഴുത്തുണ്ടോ ശിപായീ?'

'എന്താണു പേരു്? പേരും വിലാസോം പറ നോക്കട്ടെ.'

എന്നെ എന്നും കാണുന്ന രാമൻകുട്ടി എന്ന പോസ്റ്റുമാൻ ഇങ്ങനെയാണു് എന്റെ പേരു ചോദിക്കുന്നതു്? അയാൾക്കു് എന്റെ പേരറിയില്ലേ?

---

ജോസ് എം എം

---

'കെ. പി. രാമനാഥൻ'

'ഓ. നോക്കട്ടെ.' ശിപായി എഴുത്തുകെട്ടിനുള്ളിൽ രാമനാഥനെ തിരഞ്ഞു. 'രാമനാഥനോ? വിലാസോംകൂടി പറ.'

'കാണാശ്ശേരിയിൽ പ്രഭാകരൻ മകൻ.'

ഞാൻ കാണാശ്ശേരിയിൽ പ്രഭാകരന്റെ മകനായിരുന്നു. ബഹുമാന്യനായ അദ്ദേഹത്തിന്റെ ആദ്യസന്താനമായി ഞാൻ പിറന്നതു് ഇരുപതോ ഇരുപത്തഞ്ചോ വർഷം മുമ്പാണു്. കൃത്യമായി എനിക്കറിയില്ല.

പിന്നീടു രാമൻകുട്ടി പറഞ്ഞു: 'ഉണ്ടു്. രാമനാഥനു് എഴുത്തുണ്ടു്.'

ഒരു വെളുത്ത കാർഡു കിട്ടി. വെളുത്ത പ്രതലത്തിൽ കറുത്ത മഷിയിൽ ടൈപ്പുചെയ്തിരിക്കുന്നു. എനിക്കു് ഇൻറർവ്യൂ ആയിരുന്നു. 73-ാം ആണ്ടു് മാർച്ച് 14-ാം തീയതി. സമയം പത്തു മണി.

73 മാർച്ച് 14-ാം തീയതി പത്തു മണിക്കു് എന്റെ ഇൻറർവ്യൂ. അന്നു ഞാൻ, എന്നെ ചോദ്യങ്ങൾ ചോദിച്ചു വിഷമിപ്പിക്കുന്നവരുടെ മുമ്പിൽ നില്ക്കും. നിസ്സഹായനായി. അവർ എനിക്കെതിരെ ചോദ്യങ്ങളുടെ ശരങ്ങളെയ്തു് എന്നെ കൊല്ലും.

എന്നാണു് ഗോട്ടിമാല സ്വതന്ത്രമായതു്?

ക്വാണ്ടം സിദ്ധാന്തമെന്നാലെന്താണു്?

എന്തുകൊണ്ടു ഗവമെന്റുജോലി തേടിനടക്കാതെ സ്വന്തമായി ബിസ്സിനസ്സാരംഭിച്ചില്ല?

അക്കൗണ്ടൻസിയിൽ മുൻകാലപരിചയമുണ്ടോ?

അവർക്കെതിരെ അയയ്ക്കുവാൻ എന്റെ ആവനാഴിയിൽ ശരങ്ങളോ കയ്യിൽ ആയുധങ്ങളോ ഇല്ല.

എന്റെ ഇൻറർവ്യൂ പത്തു മണിക്കാണു്. എന്റെ മുററത്തെ പത്തുമണിപ്പൂക്കൾ വിടരുമ്പോൾ എനിക്കെതിരെ ആദ്യത്തെ ശരം തൊടുത്തു കഴി

ഞ്ഞിരിക്കും. ഞാൻ പഠിച്ച സ്കൂളിലെ കരുണാകരൻനായർ എന്ന വൃദ്ധനായ ശിപായി കൂട്ടമണിയടിച്ചുകഴിയുമ്പോൾ എന്റെ ദേഹത്തുനിന്നും ചോരത്തുള്ളികൾ പൊടിഞ്ഞുകഴിഞ്ഞിരിക്കും.

ചെമന്ന മണ്ണുള്ള വഴിയിൽ ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ താമരവില്ലൻകാലൻകുട തോളിൽ തൂക്കി ശിപായി എന്ന രാമൻകുട്ടി അകലെ നടന്നുപോകുന്നതു കണ്ടു.

ഉച്ചമേഷിണി ശബ്ദിക്കുന്നു. പള്ളിയിലെമുസല്യാരുടെ വാങ്കുവിളി.

പൊന്തക്കാടുകൾക്കുള്ളിൽ ഉയർന്നുനിൽക്കുന്ന പള്ളി. പള്ളിക്കു ചുറ്റും ഇഞ്ചിപ്പുൽക്കാടുകൾക്കിടയിലുറങ്ങുന്ന മരിച്ച ഇസ്ലാമികൾ എന്നെ വിളിക്കുന്നു.

പള്ളിക്കുളത്തിനരികെ മദ്രസയിലിരിക്കുമ്പോൾ പായൽ നിറഞ്ഞ കുളത്തിൽ തലയിൽ ഉറുമാൽ കെട്ടിയ മുസ്ലിങ്ങൾ കാലും മുഖവും കഴുകുന്നു.

പള്ളിയുടെ സ്രാമ്പിയിൽ മുക്രയും മുസല്യാരന്മാരും അറബിയിൽ ഈശ്വരനെ വിളിച്ചു. പള്ളിക്കു ചുറ്റും ഇഞ്ചിപ്പുല്ലും കടലാവണക്കും കെട്ടുപിണഞ്ഞു വളരുന്നു. അവയുടെ ഇടയിൽ വെള്ളിവരയനും മൂർഖനും ചേരകളും. രാത്രികളിൽ മൂർഖനും ചേരയും ഇണചേരും. അവരുടെ സന്തതിയാണു് എമ്പ്രാന്തിരിയെ കടിച്ചതു്. അയാൾ നല്ല മനുഷ്യനായിരുന്നു. പക്ഷെ നല്ലവർ വേഗം മരിക്കുന്നു.

ഞാനോ, ചീത്തയും കൊള്ളരുതാത്തവനും ആകയാൽ ഇന്നും ജീവിക്കുകയും മരണംവരെ ജീവിക്കുവാൻ വിധിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു.

ഇന്നു വെളുപ്പിനു മഞ്ഞു പെയ്യുകയുണ്ടായി. ഇന്നലെ രാത്രി സിനിമ കഴിഞ്ഞു ബസ്സിൽ പോരുമ്പോൾ എന്റെ മുഖത്തു ശീതക്കാററടിച്ചതു ഞാനോർക്കുന്നു.

മാർച്ചുമാസം 14–ാംതീയതി മഞ്ഞു പെയ്യുമോ? ഇനിയെത്ര നാൾ പതിനാലാം തീയതിക്കു ഞാൻ കാത്തിരിക്കണം?

ഇന്നു് തീയ്യതിയെത്രയാണു്?

എനിക്കറിയില്ല.

ഇന്നു് എന്താഴ്ചയാണു്? അതും എനിക്കറിയില്ല. ബാങ്കുവിളിമാത്രം എന്നിൽ സമയത്തിന്റെ വ്യക്തത വരുത്തുന്നു.

നിസ്കാരം കഴിഞ്ഞുപോകുന്ന കച്ചവടക്കാരൻ സെയ്തു മാപ്പിള. അയാൾക്കു് ഇന്നു തീയ്യതിയെത്രയെന്നു് അറിയുവാൻ കഴിയും.

'ഇന്നു തീയ്യതിയെത്രയാ സെയ്തു മാപ്പിളേ?'

'ഇന്നു പതിനാലാംതീയതിയോ പതിനഞ്ചാംതീയതിയോ ആണു്. കഴിഞ്ഞ വെള്ളിയാഴ്ചയായിരുന്നു, ജമാലുവിന്റെ കല്യാണം. അതു് ഒമ്പതാം തീയതിയാണു്, അപ്പ, ഇന്നു്....വെള്ളിയോട്ടുവെള്ളി പതിനാറു്....'

അയാൾ കൂട്ടിനോക്കുവാനാരംഭിച്ചു.

'നന്ദി. ഞാൻ കണ്ടുപിടിച്ചോളാം.'

ജമാലുവിന്റെ കല്യാണം വെള്ളിയാഴ്ചയായിരുന്നു. ഇന്നു് എന്താഴ്ചയാണു്. ഞാൻ മനസ്സിന്റെ കോണുകളിൽ തിരഞ്ഞുനോക്കി. ഇന്നു് എന്താഴ്ചയാണു്?

റോഡിലൂടെ നടക്കുമ്പോൾ കറിപ്പൊടികളുടെ ബോർഡു്. അതിൽ സ്ഥലത്തിന്റെ പേരു് കറുത്ത മഷിയിൽ എഴുതിയിരിക്കുന്നു. പക്ഷെ അതിൽ ആഴ്ചയും തീയതിയും സമയവും എഴുതിയിരുന്നില്ല.

പിന്നീടു മുടിവെട്ടുകാരൻ കൃഷ്ണൻകുഞ്ഞിയോടു ഞാൻ ചോദിച്ചു: 'ഇന്നെത്രാന്ത്യ?

അയാൾ ഇറയത്തെ ബെഞ്ചിലിരുന്നു നിരത്തിലെ മീൻവില്പന നോക്കിയിരിക്കുകയായിരുന്നു. കൃഷ്ണൻകുഞ്ഞി അകത്തു കയറി. ചുമരിൽ വലിയഷീററു കലണ്ടർ. അതിൽ കറുപ്പും ചുവപ്പും നിറത്തിൽ തീയതികൾ, ആഴ്ചകൾ. കൃഷ്ണൻകുഞ്ഞി മേശവലിപ്പു തുറന്നു കണ്ണടയെടുത്തുവെച്ചു് കലണ്ടർ പൊക്കിപ്പിടിച്ചു നോട്ടമാരംഭിച്ചു. അയാൾ പല തീയതികളിലും വഴിമുട്ടിനിന്നു. അവസാനം കണ്ണടച്ചില്ലുകളിലൂടെ എന്നെ നോക്കി.

'ഇന്നെന്താഴ്ചാ?'

എനിക്കറിയില്ലായിരുന്നു.

കടന്നുപോകുന്ന ദിവസങ്ങളെ എനിക്കു മനസ്സിൽ തളച്ചിടുവാൻ കഴിഞ്ഞിരുന്നില്ല. കറുത്ത ഇരുട്ടിൽ നോക്കി ഉറങ്ങാൻ കിടക്കുമ്പോൾ എന്നെ കബളിപ്പിച്ചു രക്ഷപ്പെടുന്ന ദിവസത്തെയോർത്തു കുണ്ഠിതപ്പെടാനേ എനിക്കു കഴിഞ്ഞുള്ളൂ.

മാർച്ച് 14-ാം തീയതി എന്റെ മനസ്സിലൊരു വ്രണമുണ്ടാക്കി. എന്നാണ് ആ ദിവസം. ന്യായവിധിയുടെ ദിവസമെന്നാണ്? അന്ന് ആകാശത്തിൽനിന്നും മാലാഖമാർ വന്ന് എന്നെ ദൈവത്തിന്റെ മുമ്പിലെത്തിയ്ക്കും. കാരുണ്യവാനായ ദൈവം എന്റെ വിധി പ്രസ്താവിക്കും. എന്റെ ദൈവമേ എനിക്കുള്ളതെന്താണ്? നരകമോ സ്വർഗ്ഗമോ?

എനിക്കുവേണ്ടി നരകത്തിന്റെ വാതിൽ തുറക്കുകയില്ലേ?

പതിനാലാം തീയതി എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ദിവസങ്ങളിലൊന്നായിരിക്കും. അത് എന്റെ ദിവസങ്ങളുടെ അന്ത്യമായിരിക്കും.

അന്ന് എന്നെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചിരിക്കുന്നു

വേലായുധൻ വൈദ്യനോട് ചോദിച്ചു – 'ഇന്നെത്രാന്ത്യം വൈദ്യരേ?'

വൈദ്യർ ചിരിച്ചു അകത്തു കള്ളറകളുള്ള പെട്ടി തുറന്നു പഞ്ചാംഗമെടുത്തു തിരക്കിലാരംഭിച്ചു 'കന്നി. വൃശ്ചികം തുലാം' അയാളും പിറുപിറുത്തു.

'ഇപ്പഴത്തെ പഞ്ചാംഗങ്ങളിൽ നെറച്ചു തെററാ. എത്രേണാവോ. ഗണിച്ചുപറയാൻ പ്രയാസം.'

വൈദ്യർ എന്നെ കയ്യൊഴിയുകയാണോ 'എന്നാൽ മാർച്ച് 14ാംനു എന്നാണെന്നു പറഞ്ഞാലും മതി.'

അതു കൊള്ളാം. ഞാനെന്താണ് വല്ല മഹർഷിയാണോ? വരാൻ പോകുന്ന ദിവസം കണക്കുകൂട്ടിപ്പറയുവാൻ.'

വൈദ്യർ മഹർഷിയായിരുന്നില്ല

ഞാൻ മടങ്ങിപ്പോന്നു. എന്റെ ദിവസമെന്നാണ്? ഞാനറിയാതെ എന്റെ കണ്ണുകളിൽ പൊടിയിട്ട് ആ ദിവസം കടന്നു പോകുമോ?

ദാമോദരൻ മാസ്റ്ററിൽനിന്നും എനിക്കു ചെറിയൊരു തുമ്പു കിട്ടി 'കഴിഞ്ഞ ഇരുപതാം തിയ്യതി ഒഴിവുദിവസമായിരുന്നു. അന്നാണ് ഞാൻ സുശീലയെ കാണാൻ പോയത്. ഇന്നെത്രേണാവോ'

മാസ്റ്ററുടെ മര്യ സുശീല പ്രസവത്തിനു വീട്ടിൽ പോയിരിക്കുകയായിരുന്നു. അവരുടെ അടുത്തു മാസ്റ്റർ പോയിരുന്നതു് ഇരുപതാം തിയ്യതിയാണ്. ഒരു പക്ഷേ അവർക്കറിയാൻ കഴിയും ഇന്നത്തെ തിയ്യതി. ദാമോദരൻ മാസ്റ്ററുടെ ഭാര്യവീട് ഞാനറിയും. പുഴ കടന്നു തെങ്ങിൻ തോപ്പുകൾ താണ്ടി ഞാൻ നടന്നു.

മുള്ളുവേലികളതിരിടുന്ന കുമ്മായം പൂശാത്ത വീട്. കുമ്മായം പൂശാത്ത ചെമന്ന വീടുകൾ എന്നും എന്നിൽ അസ്വസ്ഥത വളർത്തിയിട്ടേയുള്ളൂ.

'പൂയ്, ഇവിടാളില്ലേ?'

തൂങ്ങിയാടുന്ന മുലകളുമായി ഒരു വൃദ്ധ വന്നു.

'ന്താ? കേറിരിക്ക്'

ആചാരങ്ങൾ; ഉപചാരങ്ങൾ.

ഞാൻ മുളയുടെ തൂണിൽ പിടിച്ചു നിന്നു. ദാമോദരൻ മാസ്റ്ററുടെ ഭാര്യക്കും തിയ്യതി അറിയില്ലാന്നുവരുമോ?

കാലുകൾ ശരീരം താങ്ങി നിറുത്തുവാൻ വിഷമിക്കുന്നു—

'മനസ്സിലായില്ലല്ലോ.' വൃദ്ധ വെററില മുറുക്കിയിട്ടുണ്ട്.

നിങ്ങളെന്നെ അറിയില്ല. ഞാനാകട്ടെ നിങ്ങളുടെ മകളുടെ വിവാഹത്തിന്റെ സാക്ഷിയായിരുന്നു.

'എനിക്കു സുശീലേടത്തിനെ ഒന്നു കാണണം.'

അവർ സുശീലയെ വിളിച്ചു.

വീർത്ത വയറുമായി സുശീല വന്നു. അവരുടെ കണ്ണുകളിൽ വിട്ടുമാറാത്ത ഉറക്കത്തിന്റെ അവസാനത്തുടിപ്പുകൾ.

സുശീലേടത്തി വിളറി വെളുത്തിരിക്കുന്നല്ലോ ചെമന്ന ചുമരിൽ തൂങ്ങുന്ന അവരുടെ വിവാഹഫോട്ടോയിൽനിന്നും യുഗത്തിന്റെ വ്യത്യാസം.

'ന്താ?'

'അല്ല, ഇന്നു തിയ്യതി എത്രയാണെന്നറിയ്യോ?'

സുശീലേടത്തിയുടെ കണ്ണുകളിൽ ഒരു നടുക്കത്തിന്റെ തുടക്കം. അവരുടെ കണ്ണുകൾ ദുഃഖത്തിന്റെ നിഴലിൽ വീണു. പൊടിയുന്ന ജലം.

'എനിക്കറിയില്ല '

ങേ! എന്നാൽ മാർച്ച് 14-ാം നു എന്നാണെന്നെങ്കിലും പറയൂ.'

എന്റേതു് ഒരു ദീനമായ അപേക്ഷയായിരുന്നു. അവർ അത്ഭുതത്തോടെ അവിശ്വസനീയതയോടെ എന്റെ നേരെ നോക്കി.

'മാർച്ച് 14—ാം നു- എന്നാണെന്നറിയ്യോ?'

വീണ്ടും എന്റെ ആവർത്തനം.

വാർണീഷടിച്ച ജനൽപാളികളിൽ അവർ അമർത്തിപ്പിടിച്ചു. അവരുടെ കാൽക്കീഴിലെ ഭൂമി ഇളകി മറിയുന്നുണ്ടോ?

പിന്നീട് ഞാനവരുടെ ചുണ്ടുകളുടെ ചലനം പ്രതീക്ഷിച്ചു നിന്നു

'എനിക്കറിയില്ല എന്നാണെന്ന് മാർച്ച് 14—ാം നു- ക്ക് ആവുന്ന ആ ഡോക്ടറു പറഞ്ഞതു്. എത്ര നാളുകളായ് ഞാനീ ഭാരവും പേറി മാർച്ച് 14—ാം തിയ്യതി തേടി നടക്കുന്നു എന്നാണെന്ന് എനിക്കറിയില്ല ആർക്കുമറിയില്ല....'

'എന്റെ മനസ്സിന്റെ അഗാധതകളിൽ ഭീതിയുടെ പറ്റങ്ങൾ ഇടിഞ്ഞുവീണുകൊണ്ടിരുന്നു. എന്നിട്ടും'

'എന്താവുമെന്നാണു പറഞ്ഞതു്! എനിക്കു മനസ്സിലായില്ലല്ലോ.' മഷിയെഴുതിയ നിറഞ്ഞ മിഴികൾ താഴോട്ടു പതിച്ചു. അവരുടെ ക്രമാധികം വളർന്ന വലുതായ വയർ. പൊക്കിളിനു താഴെവെച്ച് അവർ കള്ളിരുണ്ടേത്തിരിക്കുന്നു.

എനിക്കു മനസ്സിലായി—

സുശീലേടത്തിയുടെ പ്രസവം. അവർ പ്രസവം തേടി നടക്കുന്നു. ഏതോ ജീവിതത്തിന്റെ ആരംഭം

എന്റെ........

എനിക്കറിയില്ല.

N. Moideensha
SILK PALACE

FOR ALL YOUR REQUIREMENTS IN PIECE GOODS
especially gwalior crepe shirting & suiting
P. O. ROAD
TRICHUR-1

# രൂപാന്തരം

രാജു എ ആർ

അതു ചൈത്രത്തിന്റെ അവസാനമായിരുന്നു. വൈകുന്നേരങ്ങളിൽ പുഴയിൽ കുളിച്ചു വന്ന ഭർത്താക്കന്മാർ പുരസ്സു പുറത്തു കാററിന്റെ ഒയ കാത്തു കിടന്നിരുന്ന കാലം. ഉണങ്ങി വരണ്ട വയലുകളിൽനിന്നു വസൂരി ഉണർന്നു് ഗൃഹങ്ങളിലേയ്ക്കു പടർന്നു കയറിയിരുന്നു

പക്ഷെ അയാളുടെ വീട്ടിൽ വസൂരി ഉണ്ടായിരുന്നില്ല. വസൂരിയുടെ ദേവതയ്ക്കു് അയാളുടെ വീട്ടിലേയ്ക്കു കാററിൽ വിത്തുകൾ പരത്താൻ കഴിഞ്ഞില്ല. ഒരു പ്രഭാതത്തിന്റെ വിടരലിൽ അയാൾ വീട്ടിൽനിന്നു നടന്നു പോവുകയുണ്ടായി – അകലെ ഭർത്താവൊന്നിച്ചു താമസിക്കുന്ന മകളെ കാണാൻ. ചൈത്രത്തിലെ സൂര്യന്റെ ചൂടിൽ അയാൾ, ചെറുനഗരത്തിന്റെ വിജനമായ ഒരു പാതയിലൂടെ നടന്നു.

ഈ പാതയാകട്ടെ സുപരിചിതമായിരുന്നു. ഈ പാതയിലൂടെ നടന്നുപോരുന്നതു തന്നിൽ നിന്നൊരുനാൾ വേർപെട്ടുപോയ ജീവകണത്തെ തേടിയായിരുന്നു.

മകളുടെ ശരീരത്തിൽ എവിടെയായിരിക്കും വസൂരികലകളുണ്ടായിരിക്കുകയെന്നു് അയാൾ ഓർത്തു. അവളുടെ മുഖം വസൂരി വിരൂപമാക്കിയിട്ടുണ്ടാവില്ലെന്നു് അയാൾ വിശ്വസിച്ചു.

അവളുടെ മുഖം സുന്ദരമായിരുന്നു –

വസൂരിയുള്ള വീടുകളിൽനിന്നും വിളിപ്പാടകലെ മാറി നടന്നു.

നഗരസഭയിലെ, ജലവിതരണ ഓഫീസിന്റെ മുൻവശത്തുകൂടെ അയാൾ നടക്കുകയായിരുന്നു. വരുന്ന മേടത്തിൽ തനിക്കു് 62 വയസ്സു തികയുമെന്ന ദുഃഖചിന്തയായിരുന്നു അയാളുടെ സ്സിൽ.

അപ്പോഴാണു് അതു സംഭവിച്ചതു്.

അയാളുടെ കാലിൽ ഒരു മുള്ളു തറച്ചു. മുള്ളു വലിച്ചുകളയാതെ നടക്കുക പ്രയാസമായിരുന്നു. അയാൾ വേദന നിറഞ്ഞ കാൽ പൊക്കി.

എന്നാൽ അതൊരു വലിയ മുള്ളായിരുന്നു. അതെങ്ങനെ ഈ ചെറിയ കാലിൽ കയറിയെന്നു് അയാൾ അത്ഭുതപ്പെട്ടു. അത്ഭുതം വേദനയായി മാറിയപ്പോൾ മുള്ളു വലിച്ചെടുക്കാൻ ശ്രമിച്ചു.

അയാളിലെ മാംസപേശികൾ മുള്ളെടുക്കുവാൻ ശ്രമിച്ചു—വായിലെ പല്ലുകൾ മുള്ളെടുക്കാൻ ശ്രമിച്ചു.

കറുകകൾ വളർന്ന റോഡുവക്കിലിരുന്നു് മുള്ളെടുക്കാൻ ശ്രമിച്ചു പക്ഷെ ആ മുള്ളുമാത്രം അയാളുടെ കാലിലെ എല്ലുകളിൽ കുടുങ്ങി, ചോരയും നീരും വലിച്ചു കുടിച്ചു കിടന്നു. പരിചിതമായ വേദന മരവിപ്പായി.

പക്ഷെ, മുള്ളെടുക്കാനുള്ള പരിശ്രമം അയാളെ അലട്ടി. കാലിലെ വേദന മനസ്സിലെ അസ്വാസ്ഥ്യമായി, മുഖത്തു പററിയ എട്ടുകാലിവല പോലെ.

ഇപ്പോൾ ജലവിതരണ ആഫീസിന്റെ മുമ്പിലെ റോഡുവക്കിൽ ഇരുട്ടു തുടങ്ങിയിട്ടു സമയം വളരെയായി എന്നയാളോർത്തു എന്നാലയാൾക്കാകട്ടെ ഒരു ലക്ഷ്യമുണ്ടായിരുന്നു —

വസൂരി മാറി കുളിച്ച മകളെ കാണുവാനായിരുന്നു അയാൾ ഒരു പ്രഭാതത്തിൽ പുറപ്പെട്ടതു്. മകളുടെ മുഖത്തു വസൂരികലകൾ വൈരൂപ്യം സൃഷ്ടിച്ചിട്ടുണ്ടോയെന്ന ആശങ്കയോടെയായിരുന്നു, അയാൾ ആ മേടമാസത്തിന്റെ പ്രഭാതത്തിൽ പുറപ്പെട്ടതു്.

പക്ഷെ പുല്ലു പിടിച്ച റോഡുവക്കിൽ അയാൾ ഇരുപ്പായിട്ടു മണിക്കൂറുകൾ കഴിഞ്ഞിരുന്നു. അയാളുടെ കൈകാലുകൾക്കും വായിലെ തേഞ്ഞ പല്ലുകൾക്കും ശക്തി നഷ്ടപ്പെട്ടിരുന്നു. എന്നാൽ വഴിയിലൂടെ കടന്നുപോയ കറുത്ത മനുഷ്യനെ നോക്കി അയാൾ പറഞ്ഞു

''ദയവായി എന്റെ കാലിലെ മുള്ളൊന്നു് എടുത്തു തരൂ.''

കറുത്ത മനുഷ്യൻ ഹരിജനാണെന്ന് അയാൾക്കു തോന്നി. അല്ലാത്തവർക്ക് ഇത്ര കറുത്ത തൊലിയും മണ്ണിന്റേയും ചെളിയുടേയും മണവുമുണ്ടാവില്ലല്ലോ.

എന്നാൽ കറുത്ത മനുഷ്യനും അയാളുടെ മുള്ളെടുക്കുവാൻ അസാദ്ധ്യമായിരുന്നു. പല നിറത്തിലുള്ള മനുഷ്യർ വന്നു. പക്ഷെ ഈ മുള്ളെടുക്കുവാൻ അവർക്കു വയ്യ —

ഇരുട്ട് അയാളുടെ മനസ്സിൽ ഭയത്തിന്റെ വിത്തുകൾ വിതച്ചു. രാത്രിയിൽ പാടങ്ങൾക്കകലെ ചെറിയ വീടുകളിൽ വിളക്കുകൾ തെളിഞ്ഞു

വീട് എത്ര അകലെയാണ്! അവിടെ ഇപ്പോൾ ഭാര്യ തന്നെ കാത്തിരിക്കുന്നുണ്ടാവും. മക്കൾ തന്നെ നോക്കിയിരിക്കുന്നുണ്ടാകും.

എന്നാൽ അയാളാകട്ടെ മക്കളുടെ വീട്ടിലോ സ്വന്തം വീട്ടിലോ എത്തുകയുണ്ടായില്ല. പിറേറന്നു പച്ച നിറത്തിലുള്ള പാവാടയും വെളുത്ത ജാക്കററുമണിഞ്ഞു കൂട്ടംകൂട്ടമായി നടന്നുപോയ പെൺകുട്ടികൾ അയാളെ നോക്കി വിസ്മയപ്പെട്ടു.

അയാളെന്താണു റോഡിലിരിക്കണ് —

അവർ പരസ്പരം പറയുന്നു.

അയാളുടെ കാലിൽ മുള്ള് തറച്ചു. എടുക്കാൻ പററില്യ —

അവരുടെ മുഖങ്ങളിൽ ഭയവും അനുഭാവവുമുണ്ട് — മക്കളെ നിങ്ങൾ എന്റെ മുള്ളെടുത്തു തരു.

ഞങ്ങൾ കൊച്ചുകുട്ടികളല്ലേ, ഞങ്ങളിലും വലിയവർ, ഞങ്ങളെക്കാൾ ആരോഗ്യമുള്ളവർ പിന്നാലെ വരുന്നുണ്ട് അവരോടു പറയൂ.

പച്ചനിറം വിദൂരതയിലലിഞ്ഞു —

ടാറിട്ട റോഡിലൂടെ സൈക്കിളിലും ആളുകൾ സഞ്ചരിച്ചു —

ആരോഗ്യമുള്ളവരെ, നിങ്ങൾ എവിടെയാണ്. മനുഷ്യർ നടന്നു വരുന്നതയാൾ കണ്ടു.

എന്റെ മുള്ളെടുത്തു തരുന്നവൻ ഈ സംഘത്തിലുണ്ടോ?

മനുഷ്യർ അയാളെ കണ്ടില്ല.

ചൈത്രത്തിലെ സൂര്യൻ അയാളിലേക്ക് അഗ്നിയുടെ അമ്പുകളയച്ചു. അയാളുടെ വായിൽ വിശപ്പു പടർന്നു കയറി. ഇന്നലെ ഭാര്യ വിളമ്പിത്തന്ന കഞ്ഞി കുടിച്ചിറങ്ങിയതാണ് — പിന്നീടൊന്നും —

ഒന്നും വേണ്ട. ഇവിടെനിന്നനങ്ങുവാൻ കഴിഞ്ഞെങ്കിൽ. പക്ഷെ മുള്ളിൽ തൊടുമ്പോൾ ശരീരത്തിൽ ഞരമ്പുകൾ ഞരങ്ങുന്നു.

ഇത്തിക്കണ്ണികൾ നിറഞ്ഞ ഒട്ടുമാവിന്റെ തണലിൽ ഇപ്പോൾ വീട് ഉണർന്നിരിക്കുകയാവും. വെളുത്ത ട്രിമർ പടർന്നുകയറിയ വീടിനുള്ളിൽ ഭാര്യയും മക്കളും പരക്കംപായുന്നുണ്ടാകും, തന്നെ കാണാഞ്ഞ്.

പക്ഷെ ഇതു റോഡിന്റെ ഇടുങ്ങിയ അരികാണ്.

വീടും ഭാര്യയുമെല്ലാം സ്വപ്നമായിരിക്കുന്നു.

''ഇയ്യാള് ഇന്നലെ മൊതലിരിക്കണതാണെല്ലാം.''

അപരിചിതനായ മനുഷ്യന്റെ സ്വരം.

'ഏതാ പുള്ളി' കൂട്ടുകാരന്റെ ജിജ്ഞാസ. അപരിചിതനായ മനുഷ്യൻ മറഞ്ഞു.

ആരാണ് എന്നെ മോചിപ്പിക്കുക? എന്റെ ബന്ധനത്തിന്റെ ചങ്ങല പൊട്ടിക്കുന്നവൻ ഇപ്പോൾ എവിടെയാണ്?

രണ്ടാമത്തെ രാത്രിയും വന്നു. മാടത്തിന്നരികിലെ മാടത്തിൽ ഭാര്യയും ഭർത്താവും തമാശകൾ പറയുന്നു, പൊട്ടിച്ചിരിക്കുന്നു. സ്ത്രീയുടെ ചിരി ഭംഗിയുള്ളതാണ്. അവളും ഭംഗിയുള്ളവളാണ്. പകൽവെളിച്ചത്തിൽ അവൾ പണിയെടുക്കുന്നതു കണ്ടു.

വസൂരിപിടിച്ച മകൾ ഇപ്പോൾ വിരൂപിണിയായിട്ടുണ്ടാവുമോ? എന്നാണെന്നറിഞ്ഞുകൂടാ.

ഭവാനിയൊന്നിച്ചു താമസിക്കുന്ന കാലം. അതെ, ഞാൻ ഭർത്താവും അവൾ ഭാര്യയുമായി. അവൾ എനിക്കു ഭക്ഷണം പാകംചെയ്തുതന്നു. ഞാൻ അവളെ എന്റെ അടിമയാക്കി. അവൾക്കറിയാം അവൾ ഒരു മനുഷ്യന്റെ പിടിയിൽ ഒതുങ്ങുവാൻ വിധിക്കപ്പെട്ടിരിക്കുന്നുവെന്ന്.

മാടത്തിലെ സംസാരം കാററിലൊഴുകിവന്നു.
''നിങ്ങളെയല്ലാതെ ആരെയും....''

ഭാര്യയുടെ മധുരമായ ശബ്ദം.

ഭവാനിയുടെ ശബ്ദം മധുരമുള്ളതായിരുന്നു, അവൾ യുവതിയായിരുന്നപ്പോൾ.

ഇന്നാകട്ടെ അവളുടേത്‌ കനത്ത പാറയിൽ വീണു തെറിക്കുന്ന ചുററികപോലെ ചിലമ്പിച്ചതാണ്‌.

‘‘എനിക്കറിയാമെടീ’’

അവർ പ്രേമിക്കുകയാവും. പ്രേമം എന്താണെന്ന്‌ അയാൾക്കറിയില്ലായിരുന്നു. അയാൾ ഭവാനിയെ ഓമനിക്കുകയും അനുഭവിക്കുകയും ചെയ്തിട്ടുള്ളതല്ലാതെ.

ജലവിതരണ ഓഫീസിന്റെ മുകളിലൂടെ കാണാവുന്ന കുന്നിൻപുറത്തെ കോളേജിൽ വെളിച്ചം. കുട്ടികൾ പഠിക്കുകയുമാവും.

റോഡിൽ കാൽപ്പെരുമാററം.

നീലസാരിയുടുത്ത കറുത്ത സ്ത്രീയും രണ്ടു പുരുഷന്മാരും. ഈ സ്ത്രീയെ എനിക്കറിയാം. ഇവൾ വേശ്യയെന്നു കുപ്രസിദ്ധി നേടിയവളാണ്‌. ഇവരോ ഇണചേരുവാൻ പോകുകയാണ്‌. ഇരുട്ടിൽ ഇണകൾ മറഞ്ഞു. കടലിൽ പൊട്ടിച്ചിരി. അയാൾ അസ്വസ്ഥനായി. പക്ഷെ വീട്‌ അകലെയായിരുന്നു. ഭവാനി വൃദ്ധയാണ്‌.

പച്ചപ്പാവാടയണിഞ്ഞ പെൺകുട്ടികളും അവരുടെ പുറകെ വില കൂടിയ വസ്ത്രങ്ങളിട്ട യുവാക്കളും നടന്നു. പെൺകുട്ടികളുടെ കണ്ണുകൾ കാലിൽ മുള്ളു തറച്ച മനുഷ്യനെ കണ്ടില്ല. അവർ ഇടംകണ്ണിട്ടു തിരിഞ്ഞുനോക്കിയതു്‌ അവരെ പിൻതുടരുന്ന ചെറുപ്പക്കാരെയായിരുന്നു.

സ്ത്രീകളുടെ ലോഡ്ജിൽനിന്നു ബാഗും കൊട്ടയും പിടിച്ച്‌ പെണ്ണുങ്ങൾ ഓഫീസിലേയ്ക്കു നടന്നു.

വെളുത്ത മുണ്ടും ചട്ടയും ഇട്ട തോട്ടിവേലക്കാരി വണ്ടിയുന്തി നടന്നുപോയി.

അലൂമിനിയം ഫാക്ടറിയിലെ കാവൽക്കാരൻ ഗൂർഖ കയ്യിൽ ചോററുപാത്രവുമായി നടന്നു. ചുവന്ന പട്ടി അയാളെ മണപ്പിച്ച്‌ ചുമരിൽ കാലുപൊക്കിവെച്ച്‌ മൂത്രമൊഴിച്ചു. ഇന്നലെ കണ്ട കറുത്ത വേശ്യ കയ്യിൽ മണിപ്പേഴ്‌സുമായി കമ്പിട്ടു നടക്കുന്നു. നീ എന്താണു തിരയുന്നതു്? ഇന്നലെ നഷ്ടപ്പെടുത്തിയ സുഖത്തിന്റെ കണികകളാണോ?

ജലവിതരണ ഓഫീസിന്റെ മുമ്പിൽ നീലയും കറുപ്പും ചായമടിച്ച ജീപ്പു വന്നുനിൽക്കുകയും പാൻസിട്ട ഉദ്യോഗസ്ഥന്മാർ ഇറങ്ങിപ്പോകുകയും ചെയ്തു. കാക്കിയിട്ട ഡ്രൈവർ ജീപ്പിൽ ചാരിനിന്ന്‌ അകലേയ്ക്കു നോക്കി. അകലെ കുന്നിൻ മുകളിൽ മഞ്ഞനിറമുള്ള കോളേജ്‌. ഡ്രൈവർ വലിച്ചു കഴിയാറായ സിഗരററുകുററി വലിച്ചെറിഞ്ഞു. അതു കാലിൽ മുള്ളുതറച്ച മനുഷ്യന്റെ ദേഹത്തിലിരുന്നു പുകഞ്ഞു

അയാളെ കബളിപ്പിച്ചുകൊണ്ടു ദിവസങ്ങൾ ഓടിയൊളിച്ചു! അയാൾ ഫുട്‌ബോൾ കോർട്ടിലെ ഗോളിയായിരുന്നു. തനിക്കു നേരെവന്ന ദിവസങ്ങളുടെ പന്തുകൾ അയാൾക്കു പിടിക്കുവാൻ കഴിഞ്ഞില്ല.

നീണ്ട നാവിലെ പശയിൽ പ്രാണികൾ പററിപ്പിടിച്ചു.

അയാൾ വിശപ്പടക്കി.

കടലിൽ വീണ്ടും സുഖത്തിന്റെ അലകൾ. ആരായിരിക്കും അവിടെ അവളെ പൊട്ടിച്ചിരിപ്പിക്കുന്നതു്? അവളുടെ ഭർത്താവ്‌ ശിരസ്സിൽ പാപത്തിന്റെ കെട്ടുമായി മല ചവിട്ടാൻ പോയിരിക്കുകയായിരുന്നു മലമുകളിലിരിക്കുന്ന ദൈവത്തിന്റെ കാൽക്കൽ പാപത്തിന്റെ കെട്ടിറക്കിവെയ്ക്കുവാൻ.

‘‘അയാളെ പുലിപിടിച്ചിരുന്നുവെങ്കിൽ നമുക്കൊന്നിച്ച്‌....’’

ആ ശബ്ദം അവളുടേതായിരുന്നു.

അയാൾക്കു മനസ്സിലായി, ഭാര്യ കാമുകനൊത്തു രമിക്കുന്നു.

ഒരു മണ്ഡലകാലത്ത്‌ ശിരസ്സിൽ പള്ളിക്കെട്ടേന്തി, കർപ്പൂരവും നെയ്യുമായി അയാളും ദൈവത്തെ കാണുവാൻ പോയിരുന്നു. അന്ന്‌ ഭവാനി മറെറാരു പുരുഷന്റെ കരവലയത്തിലൊതുങ്ങിയിട്ടുണ്ടാകുമോ? പുലി തന്നെ പിടിച്ചു തിന്നുവാൻ ആശിച്ചിട്ടുണ്ടാവുമോ? പക്ഷെ ആ മലയിലെ പുലികൾ അയാളെ വേട്ടയാടിയില്ല. അതുകൊണ്ട്‌ ഇന്നും ജീവിക്കേണ്ടിവന്നു.

കറുത്ത സ്ത്രീയുടെകൂടെ ഇന്ന്‌ ചെറുപ്പക്കാരാണ്‌. അവരാകട്ടെ കുന്നിൻമുകളിലെ കോളേജ്‌ വിദ്യാർത്ഥികളാണ്‌.

അവർ സങ്കേതങ്ങളിലേയ്ക്കു വേഗം നടക്കുന്നു.

അയാൾ സാക്ഷിയായിരുന്നു. വ്യഭിചാരത്തിന്റെ, വഞ്ചനയുടെ, ദുഃഖത്തിന്റെ. ഇലക്ട്രിസിററി ആഫീസിൽ ജോലിചെയ്യുന്ന മകൻ പണ്ടു പഠിച്ചിരുന്നപ്പോൾ ഒരുപക്ഷെ ഈ കറുത്ത പെണ്ണുമായി....

എങ്ങിനെ മറിച്ചു വിശ്വസിക്കും?

അയാൾ എല്ലാററിന്റെയും സാക്ഷിയായിരുന്നു. ചത്ത നഖങ്ങളിൽകിടന്നു് ഇഴജന്തുക്കൾ പിടഞ്ഞു. എണ്ണമില്ലാത്ത മുടിച്ചുരുളുകൾ കമ്യൂണിസ്റ്റുപച്ച പടർന്ന കാററിക്കാട്ടിൽ ലയിച്ചു. അയാൾക്കുചുററും ചിതലുകൾ പുററുകൾ ഉണ്ടാക്കി, രാത്രിയിൽ പെരുച്ചാഴികൾ മാളങ്ങൾ അന്വേഷിച്ചു പതുങ്ങിവന്നു. പല്ലുകൾ കൂർത്തു് അരിവാളുപോലെ വളഞ്ഞു. നഖങ്ങൾ നീണ്ടുവളർന്നു് ശരീരത്തിൽ ചിതമ്പലുകൾ ഉയർന്നു. ഒരു വലിയ തവളപോലെ രാത്രികളും. രാത്രിയിൽ വരുന്ന ഇരകളും മോഹിച്ചു് അയാൾ ഇരുന്നു. അപ്പോളാകട്ടെ ഒട്ടുമാവിന്റെ തണലിലെ വീടു് അയാൾക്കു് അപരിചിതമായിരുന്നു, അതിനുള്ളിലെ മനുഷ്യർ അയാളെയും.

എല്ലാത്തരം വസ്ത്രങ്ങൾക്കും
സമീപിക്കുക
ചക്കച്ചാംപറമ്പിൽ
വറാപ്പൻ ലോനപ്പൻ
തുന്നിച്ചരക്കു് കച്ചവടം
ഇരിങ്ങാലക്കുട
കൂടാതെ ബിന്നി, മേട്ടൂർ
ഫോൺ: 531 തുണിത്തരങ്ങൾക്കും

Phone: 306
A. M. D. G.
St. George's Press
Colour Printers & Binders
Ruling a Speciality
IRINJALAKUDA
Kerala State (India)
Prop. THOMAS VARGHESE
PALLIPAT

FOR
SPORTS GOODS
OKTOPALS
SHORANUR ROAD
TRICHUR-1

VISIT:
FANCY
FABRICS
Wholesale Piece Goods Dealers &
Commission Agents
Jai Hind Market Buildings
TRICHUR & CHERPU
Prop. E. P. PORINCHUNNY & SONS

''അവൾ എന്താണിത്ര വൈകുന്നതു്?'' കറുത്ത ഡയലുള്ള വാച്ചിലെ വെളുത്ത നിറമുള്ള സൂചിയുടെ സ്ഥാനം വീണ്ടും നോക്കി. സമയം അറിയാമായിരുന്നിട്ടും വീണ്ടും വീണ്ടും നോക്കി.

ഈ കടൽപ്പുറത്തു വന്നിട്ടു് ഒരു മണിക്കൂറാകാൻ പോകുന്നു എന്ന യാഥാർത്ഥ്യം അയാളെ ഓർത്തു അതിനു യുഗങ്ങളുടെ ദൈർഘ്യം തോന്നിയതും ഒപ്പം ഓർമ്മ വന്നു.

കണ്ണു മടുത്ത അനന്തമായ കടൽപ്പരപ്പു നോക്കി അയാൾ കണ്ണു മിഴിച്ചു നിന്നു. കണ്ണുകൾ തളർന്നപ്പോൾ കണ്ണു് അടച്ചു നിന്നു. കാലുകൾ തളർന്നപ്പോൾ ആ മണലിൽ മലർന്നു കിടന്നു. ആകാശം നോക്കി, നിറം മാറുന്ന ആകാശം നോക്കി....

ഇവിടെ എപ്പോഴും ഈ കടൽക്കരെ തിക്കവാറും വിജനമായിരുന്നു. ഇപ്പോൾ ആളുകളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ഇനിയും നിലച്ചിട്ടില്ല ജനപ്രവാഹം—ഗർഭസ്ഥ ശിശുക്കൾ മുതൽ....... പിച്ചവെച്ചു നടക്കുന്ന, വൃദ്ധന്മാർ അല്ലെങ്കിൽ വൃദ്ധകൾ വരെ.

ശബ്ദം കേട്ടു തല ഉയർത്തി നോക്കി. ഒരു കൂട്ടം തരുണീമണികൾ. ഒരേ വേഷം. ഒരേ പാദചലനം. ഒരേ........ അവളുണ്ടാകുമോ അതിൽ? അയാൾ നോട്ടം പിൻവലിച്ചു അവൾ ഉണ്ടെങ്കിൽ ഇങ്ങോട്ടു വരട്ടെ. അയാൾ കണ്ണടച്ചുകിടന്നു. കടലിന്റെ താളാത്മകമായ ഗർജ്ജനം കേട്ടുകിടന്നു.

''ഇവിടെ ഈ ശബ്ദത്തിനു് അർത്ഥമില്ലാതാകുന്നു.'' അയാൾ ഓർത്തു. പൊരിക്കടല വിൽ

സേതുമാധവൻ തെയ്യൂറ്റ്

ക്കുന്ന പയ്യന്റെ ശബ്ദം കേട്ടു. ഒരു കൊച്ചന്റെ കരച്ചിൽ കേട്ടു. അവ്യക്തമായി മററു പല ശബ്ദങ്ങളും കേട്ടു.

''അവളെന്തേ ഇതുവരെയും എത്താതിരുന്നതു്?'' അയാൾ കൈകൾ മണലിൽ കുത്തി ചാഞ്ഞിരുന്നു. സൂര്യൻ കടലിൽ മുങ്ങി മരിക്കാൻ തുട

ങ്ങുന്നു. ആകാശത്തിനു രക്തവർണ്ണം. അവിടെ കടലിനു രക്തവർണ്ണം. ഇവിടെ ആളുകൾക്കു രക്തവർണ്ണം.

തന്റെ നിഴലിന്റെ നീളം കൂടിയിരിക്കുന്നതു് അയാൾ ശ്രദ്ധിച്ചു. ഇനി അതു് അലിഞ്ഞലിഞ്ഞു് ഇല്ലാതാകുന്നതു് അയാൾ മനസ്സിൽ ദർശിച്ചു, തെല്ലൊരസ്വാസ്ഥ്യത്തോടെ.

ഈ സൂര്യാസ്തമനം കാണാനാണോ ഇത്രയധികം ആളുകൾ വന്നിരിക്കുന്നതു്. അല്ലെങ്കിൽ, കുട്ടികളി മാറാത്ത ഈ കടലിന്റെ ചലനങ്ങൾ ആസ്വദിക്കാനോ? അയാൾക്കത്ഭുതം തോന്നി.

കുറെ പെൺകുട്ടികൾ കടൽത്തിരകളിൽ കളിക്കുന്നു. മണലിൽ കാലുകൾ ഉറയ്ക്കാതെ മറിഞ്ഞു വീഴാൻ ഭാവിക്കുമ്പോൾ അവർ ചിരിക്കുന്നതെ

# കാത്തിരിപ്പ്

ന്തിനു്? അതു് ഇന്നലെയും മിനിഞ്ഞാന്നും ഇവർ കണ്ടതല്ലേ? പക്ഷേ, കണ്ടതു മുഴുവൻ ശ്രദ്ധിക്കപ്പെടണമെന്നില്ലല്ലോ? അയാൾ ചിന്തകൾക്കു് കീഴടങ്ങി.

തനിക്കിപ്പോൾ ചിരിക്കാനാവില്ല. ചിന്തിക്കാനും. അവൾ വരണം. അവൾ.

''അവൾ ഇന്നു വരാമെന്നു പറഞ്ഞിരുന്നതാണല്ലോ?'' അവൾ വരാതിരിക്കില്ല—അവൾ വരാതെ എവിടെപ്പോകാൻ? എവിടെ ...?എവിടെ..? വാച്ചിലെ സൂചികൾ കറങ്ങിക്കൂടി സഞ്ചരിച്ചിരിക്കുന്നു; ഏതോ ലക്ഷ്യസ്ഥാനത്തെത്താനുള്ള ബദ്ധപ്പാടുപോലെ.

അയാൾ മററു വല്ലതും ആലോചിക്കാമെന്നു കരുതി എഴുന്നേററു മെല്ലെ നടന്നു. അപ്പോൾ നീളമുള്ള അവ്യക്തമായ നിഴൽ പിൻതുടരുന്നതു കണ്ടു.

കടലിന്റെ അപാരതയെപ്പററി, അപ്രാപ്യതയെപ്പററി അയാൾ ചിന്തിച്ചു. ആലോചിക്കുന്തോറും മനസ്സിൽ ഭീതി കൂടിവന്നു, അസ്വാസ്ഥ്യവും. നിലയ്ക്കാത്ത തിരമാലകളുടെ ഗർജ്ജനത്തെപ്പററി ചിന്തിച്ചു. കരയെ കീഴടക്കാനുള്ള കടലിന്റെ ആവേശം. അതു് തുടങ്ങിയിട്ടെത്ര നാളായി. ഒരിക്കൽ അവ വിജയിക്കും. ഒരിക്കൽ അന്നു്... ഈ കര, ഈ തിരമാലകളുടെ കൈകളിൽ ഞെരിഞ്ഞമർന്നുപോകും, പോകാതെ വയ്യ.

അനന്തമായ ഈ മണൽപ്പരപ്പ്—അതും പൂർത്തിയാകാത്ത ഏതോ അഭിലഷിതത്തിന്റെ ഭാഗമാകും— ജീർണ്ണിച്ചു കിടക്കുന്ന, ഈ മണൽപ്പരപ്പിലെ ജീവന്റെ അവശിഷ്ടങ്ങളോ? ഇവിടെ പതിഞ്ഞുകിടക്കുന്ന കാലടിപ്പാടുകളോ? തെണ്ടികളുടേയും പ്രഭുക്കളുടെയും, ജീവിക്കാൻ മറന്നവരുടേയും ജീവിക്കാൻവേണ്ടി ജീവിക്കുന്നവരുടേയും കാലടിപ്പാടുകളുണ്ടാകാം ഇതിൽ. പക്ഷെ ഇവിടെ അതു് ഒന്നു മാത്രമായി കാണപ്പെടുന്നു—കാലടിപ്പാടുകൾ മാത്രമായി—അതുമാത്രം. ആ കാലടിപ്പാടുകൾക്കുടമയായ മനുഷ്യൻ എന്ന രണ്ടു കാലുകളുള്ള ജീവിക്കു് ഈ മണൽപ്പരപ്പിൽ വ്യക്തിത്വമില്ല. അതിലെ അംശങ്ങളായ താൻ—അവൾ—പിന്നെ, അവൾ ഇല്ലെങ്കിൽ താനെന്ന ജീവിയുമില്ല.

''അവളെന്തേ വന്നില്ല?''

അയാൾ അവിടെ നിന്നാലോചിച്ചു. അപ്പോൾ ദേഷ്യം വന്നു. ദേഷ്യം അപകർഷതകളുടെ ലക്ഷണമാണെന്ന 'നിയമം' ഓർമ്മവന്നു. അപ്പോൾ സങ്കടം തോന്നി. പിന്നെ സമാധാനിച്ചു.

അവൾ വരില്ലേ? ഉവ്വ്—അവൾ വരും. അവൾ വരാതിരുന്നാൽ—എങ്കിൽ.......

എങ്കിൽ താൻ താനാകില്ല.

പിന്നെ.... പിന്നെ....ആരും ആരുമാകില്ല.

ഈ ഭൂമി പൂർണ്ണമാകില്ല.

പക്ഷെ, പൂർണ്ണമായെന്തുണ്ടു്? എന്തുണ്ടു്? ഒന്നുമില്ലേ?

യുവത്വത്തിന്റെ ചാപല്യത്തിന്റെ ശബ്ദം കേട്ടു് അയാൾ തിരിഞ്ഞു നോക്കി. കടൽവെള്ളത്തിൽ കൂത്താടുന്ന പെൺകൊടികളെ കണ്ടു—മറയ്ക്കപ്പെട്ട പ്രധാനഭാഗങ്ങൾ ജൃംഭിച്ചുനില്ക്കുന്നു. കണ്ണുകൾ നിമിഷങ്ങളോളം പാറി നിന്നു. ഇവിടെ മനോഹാരിതയുണ്ടു്.

അവളുണ്ടോ അതിൽ? അതു് അവളായിരുന്നെങ്കിൽ! അതു് അവളാണോ? അതു്—അവൾ ഇങ്ങനെതന്നെയല്ലേ?.... പക്ഷെ അവളെങ്ങിനെ ഇവളാകാൻ.... അവൾ, സുന്ദരിയാണു്, സുശീലയാണു് ഇത്തരം ബാലചാപല്യങ്ങൾക്കതീതയാണു്.

അയാൾക്കു തന്നോടുതന്നെ വെറുപ്പു തോന്നി. സഹതാപം തോന്നി.

അവൾ ആണയിട്ടു പറഞ്ഞതാണല്ലോ ഇന്നു വരാമെന്നു്! ഇന്നലെ വരാൻ തരപ്പെട്ടില്ലെങ്കിലും ഇന്നു തീർച്ചയായും വരാമെന്നു്—അവൾ വരാതിരിക്കില്ല. തന്റെ ക്ഷമകേടിൽ അയാൾക്കു ലജ്ജ തോന്നി. അവൾ വരാറാകുന്നതേയുള്ളൂ. അകലെ ആകാശത്തു വർണ്ണങ്ങൾ മാത്രം ശേഷിച്ചിരിക്കുന്നു. സന്ധ്യ എന്ന വർണ്ണസങ്കരം. ആ വർണ്ണങ്ങളിൽ, അലൗകികമായൊരു ആനന്ദം ആർക്കും ദർശിക്കാനാവും. സന്ധ്യയുടെ മനോഹാരിത — ഇവിടെ അതു മാത്രമേയുള്ളൂ.

സന്ധ്യ എന്നും മുടങ്ങാതെ വരുന്നു. അവളെ കാണുമാറു ചിലരും. പക്ഷെ അവൾ മോഹിനീരൂപം പൂണ്ട ഭയങ്കരിയാണു്. നിമിഷങ്ങൾക്കുള്ളിൽ അവൾ ഇരുണ്ട കരാളരൂപം ആവഹിക്കുന്നു.

അവിടവിടെ ആളുകൾ കൂടിയിരുന്നു സംസാരിക്കുന്നു. അടുത്തൊരിടത്തു് ഒരു യുവാവും യുവതിയും—അവൾ അയാളുടെ കാമുകിയായിരിക്കാം. അവർ പൊട്ടിച്ചിരിക്കുന്ന യുവതിയുടെ മുഖം, ചിരിച്ചു ചിരിച്ചു മണലിൽ മുട്ടുന്നു എന്താണിത്ര ചിരിക്കാൻ? അയാൾക്കു് അപരിചിതത്വം തോന്നി. ഭയം തോന്നി. ആ ചിരിയിൽ വരാനിരിക്കുന്ന ഏതോ ദുഃഖത്തിന്റെ ഛായ കണ്ടു

കൈ കോർത്തുപിടിച്ചുകൊണ്ടു് അലസരായി എന്തോ സംസാരിച്ചുകൊണ്ടു് ഒരു ജോഡി നടന്നു വരുന്നു. ഇംഗ്ലീഷ് കലർന്ന ഹിന്ദിയിലാണെന്നു തോന്നുന്നു സംസാരം. കത്രിക കാണാത്ത ചെമ്പൻ മുടികൾ അലസമായി ഒതുക്കിവച്ചിരിക്കുന്നു ലൂസായ പൈജാമയും ബെൽബോട്ടം അയഞ്ഞ ഷർട്ടും. മുഖത്തു് ആലസ്യം. വസ്ത്രങ്ങളിൽ ആലസ്യം. സംഭാഷണത്തിലും നടപ്പിലും ആലസ്യം. എങ്കിലും ആ കണ്ണുകളിൽ തിളക്കമുണ്ടു്. പ്രതീക്ഷയുടെ തിളക്കം. നാളെയുടെ പ്രതീക്ഷ. കണ്ണുകളിൽ മോഹവും നടപ്പിൽ മോഹഭംഗവും. ഇവിടെ വൈരുദ്ധ്യ

ണ്ട്. ഇവർ വൈരുദ്ധ്യത്തിന്റെ പ്രതീകങ്ങളാണ്. എങ്കിലും അവർ ആനന്ദിച്ചു ജീവിക്കുന്നു. മാരിജ്വാനയിലൂടെ, ചരസ്സിലൂടെ, എൽ എസ്. ഡിയിലൂടെ........സർവ്വസ്വാതന്ത്ര്യത്തിലൂടെ ഇവിടെ സ്ഥലമേയില്ല. സമയമേയില്ല. ധനമേയില്ല. ലിംഗഭേദമില്ല....ചതിയില്ല; അത്യാർത്തിയില്ല–

അയാൾക്ക് സാമ്യം തോന്നി. പിന്നെ അത്ഭുതപ്പെട്ടു; ഒരു വലിയ സത്യം കണ്ടെത്തിയപോലെ. ആ രൂപങ്ങളെ നോക്കുംതോറും, അസ്വസ്ഥത തോന്നി. അസഹ്യത തോന്നി. ആ നിഷേധത്തിന്റെ പ്രതീകങ്ങളെ കാണാതിരിക്കാൻ കണ്ണുകൾ തിരിച്ചു: ഒരു കുറ്റബോധത്തോടെ.

അവൾ വരാമെന്നു പറഞ്ഞിരുന്നില്ലേ? ഉവ്വ്. അവൾ വരാതിരിക്കുമോ? വൈകിയെങ്കിലും വരാതിരിക്കുമോ? ഒരു പക്ഷേ, ഇന്നല്ലെങ്കിൽ, നാളെയെങ്കിലും....നാളെയെങ്കിലും.... നാളെ....നാളെ?

അയാൾക്ക് തന്നോടുതന്നെ കലശലായ ദേഷ്യം തോന്നി, മടുപ്പു തോന്നി. തമാശയായിട്ട് ആർത്തു ചിരിക്കാൻ തോന്നി. ചിരിയെ ഭയപ്പെട്ടതുകൊണ്ടു ചിരിച്ചില്ല; കരയാൻ ഇഷ്ടപ്പെടാഞ്ഞതുകൊണ്ടു കരഞ്ഞില്ല...... അവൾ നാളെ വരുമായിരിക്കും. അല്ലെങ്കിൽ, ചിലപ്പോൾ ഇപ്പോൾത്തന്നെ വന്നേക്കാനും മതി—ഇപ്പോൾ അവൾ വരുമോ?....... എന്തുകൊണ്ട് ആയിക്കൂടാ....?

പടിഞ്ഞാട്ടു നീണ്ടുകിടക്കുന്ന അവ്യക്തമായ സ്വന്തം നിഴൽ കണ്ടു. കിഴക്കെ ആകാശത്തിന്റെ ചെരിവിൽ ചന്ദ്രന്റെ ഉദയം കണ്ടു— ആളുകൾ തങ്ങളുടെ മാളങ്ങളിലേയ്ക്കു തിരിച്ചു പോകുന്നതു കണ്ടു.

അവളെയും കാത്ത്—

സമയം കാവലില്ലെന്നു മനസ്സിലാക്കാതെ—

തന്റെ നിഴലിനു കട്ടി കൂടുന്നതും കണ്ട്, അയാൾ ഇരുന്നു.


# Lion Matches

Sole Distributors:
THE KERALA MATCH SYNDICATE
**P.B. No. 11**
OTTAPALAM
Kerala
**Always Insist on**
**LION MATCHES**

Phone: 329

# C.T. Brothers

**Merchants**
TANA
IRINJALAKUDA
*Dealers in:*
Stationery, Electrical, College
Text Books, School Books,
Best Veriety Note Books

ഒരിക്കൽ ഞാൻ എന്റെ രാജാവിനെ കണ്ടു. കാററിന്റെ വേഗതയുള്ള അശ്വങ്ങളുടെ കുളമ്പടി ശബ്ദങ്ങൾക്കു മുന്നിൽ, ദിഗന്തങ്ങളിൽ മാറെറാലിക്കൊണ്ട കാഹളനാദത്തിനു മുന്നിൽ. മണ്ണും മരവും നിഴലുകളും ഏററുപാടിയ ജയാരവങ്ങൾക്കു മുന്നിൽ, ശത്രുവിന്റെ രക്തം ചീമ്പിക്കടിച്ച മണ്ണിലൂടെ, സ്വായത്തമാക്കിയ പ്രദേശങ്ങളിലൂടെ, ധീരനും അചഞ്ചലനുമായ എന്റെ രാജാവു മുന്നോട്ടുള്ള പ്രയാണം തുടരുന്നതു് ഞാൻ ആവേശത്തോടെ കണ്ടു.

പഴയ കുരുക്ഷേത്രയുദ്ധത്തിലെ കഥ എനിക്കോർമ്മ വന്നു

പെട്ടെന്നു് എനിക്കു മദം പൊട്ടി.

ഞാൻ ഞാനല്ലാതായി.

എന്റെ മനസ്സിൽ ഭദ്രകാളി തുള്ളി.

എന്റെ ആത്മാവു പുകച്ചുരുളുകളായി അന്തരീക്ഷത്തിൽ ഉഴറിനടന്നു.

പഴയ നിമിഷങ്ങളുടെ മരണം ഞാൻ കണ്ടു.

എന്റെ മരണവും കാത്തു തപസ്സിരുന്നവർ വ്യഥയോടെ മടങ്ങി.

എനിക്കു മരണമില്ലായിരുന്നു.

മരണത്തിന്റെ മണമുള്ള ശുഷ്കമരങ്ങൾക്കരികിലൂടെ, സ്വപ്നങ്ങൾ പതിയിരിക്കുന്ന നിരത്തിലൂടെ ഞാൻ നടന്നു.

---

കെ കെ മോഹനൻ II dc

---

# ജേതാവ്

വായുവിൽനിന്നു്, പരുപരുത്ത കറുത്ത ശിലാലിഖിതങ്ങളിൽനിന്നു ഞാൻ ശക്തി ആവാഹിച്ചെടുത്തു

എന്നിൽ ജീവനുണ്ടായി.

എന്റെ രക്തത്തിലെ അണുക്കൾ പിടഞ്ഞു.

എന്റെ സിരകളിൽ വീര്യമുണർന്നു.

എന്റെ പാദങ്ങൾക്കു ചലനമുണ്ടായി.

ഒരു ചോദ്യചിഹ്നമായി പെരുമ്പാമ്പായി എന്റെ ആത്മാവു് എന്നിലേക്കു് അഭയം തേടി.

പിന്നീട്,

ആയിരം ഉദയങ്ങളും അസ്തമയങ്ങളും ഞാൻ കണ്ടു. തണുത്ത രാത്രിയിൽ, നനുത്ത പൂഴിമണ്ണിൽ നിലാവുണങ്ങിക്കിടന്നിരുന്നതും കണ്ടു്. അവസാനം.

ഞാൻ വിപ്ലവകാരിയായി.

* * *

പഴയ സംഭവങ്ങൾ മനസ്സിൽ ഇന്നും പച്ചയായി പററിച്ചേർന്നുകിടക്കുന്നു. അതിലൂടെയെല്ലാം സ്വന്തം ചിത്രം സങ്കല്പിക്കാൻ ശ്രമിച്ചു. അന്നു ചെയ്തതു് തെററാണെന്നു് ഒരിക്കലും തോന്നിയിട്ടില്ല.

എല്ലാം ആദർശത്തിനു വേണ്ടിയായിരുന്നു.

എല്ലാം ജനങ്ങൾക്കു വേണ്ടിയായിരുന്നു.

അവർക്കുവേണ്ടി ജന്മം തുലച്ചുവെന്നു് ഒരിക്കലും ചിന്തിക്കാൻ കഴിയുന്നില്ല.

അങ്ങനെയായിരുന്നെങ്കിൽ അബ്ദു മരിച്ചതെന്തിനാണു്? നല്ല ഒരു ഭാവിയുണ്ടായിരുന്ന അപ്പു മരിച്ചതെന്തിനാണു്? കുട്ടപ്പനെയും, രാഘവനുണ്ണിയെയും വധിച്ചതെന്തിനാണു്? ഒളിവിലുള്ള ജോണി ആർക്കുവേണ്ടി പ്രവർത്തിക്കുന്നു?

എല്ലാവരും ആദർശത്തിനുവേണ്ടിയാണു് മരിച്ചതു്. മെഡിസിനു പോകാനും, ഒരു ധനവാന്റെ പുത്രിയെ വിവാഹം ചെയ്യാനും, തീരുമാനിച്ച രാഘു വെടിയേററു വീണപ്പോഴും അവന്റെ ചുണ്ടുകളിൽ മുദ്രാവാക്യമുണ്ടായിരുന്നു. അവന്റെ കണ്ണുകളിൽ തീരാപ്പകയുണ്ടായിരുന്നു.

അതെല്ലാമോർക്കുമ്പോൾ താനെത്ര നിസ്സാരനാണ്, തന്റെ ത്യാഗം എത്രയോ വില കുറഞ്ഞതാണ്.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ മുദ്രാവാക്യം, നിങ്ങളുടെ പക, നിങ്ങളുടെ ആവേശം, ഞങ്ങൾ ഉൾക്കൊള്ളുന്നു. അതിലൂടെ ഞങ്ങൾക്ക് മൂല്യമുണ്ടാകുന്നു.

* * *

ഇരുമ്പിന്റെ മണമുള്ള ഇരുമ്പഴികളിൽപ്പിടിച്ച് പുറത്തേയ്ക്കു നോക്കിനിന്നു. തണുത്ത കാറ്റിൽ രാവുറങ്ങുന്നു. ജയിൽവളപ്പിലെ വെളിച്ചം കുറഞ്ഞ ലൈറ്റുകൾ ഇടയ്ക്കിടെ കണ്ണു ചിമ്മുന്നു. നേരിയ വെളിച്ചത്തിൽ അഴികൾ ബന്ധിച്ചിരിക്കുന്ന കനത്ത വലിയ താഴ് കണ്ടു. ബലം കുറഞ്ഞ കൈകൾ അഴികളിലമർത്തി ഒന്നു കുലുക്കി. ഒരു പിടച്ചിലോടെ അതു് പരുപരുത്ത ശബ്ദമുണ്ടാക്കി.

പെട്ടെന്ന് മുന്നിലെ കാവൽക്കാർ പിടഞ്ഞെഴുന്നേൽക്കുന്നതും ആയുധം ധരിച്ചുകൊണ്ട് ഉലാത്തിക്കൊണ്ടിരുന്ന മറ്റു ചിലർ ഭീതിയോടെ നോക്കുന്നതും കണ്ടു. തടവറയുടെ നാലു ഭാഗവും സൂക്ഷ്മതയോടെ നിരീക്ഷിക്കുന്നതും കണ്ടു.

മനസ്സിൽ അവരെക്കുറിച്ചോർത്തു ചിരിച്ചു. ഒരു കണക്കിനു നോക്കുമ്പോൾ താനെത്രയോ വിലയുള്ളവനാണ്. തന്റെ ഓരോ ചലനത്തിന്റെയും കാതോർത്ത് അവർ കാവലിരിക്കുന്നു. എപ്പോഴും ആയുധധാരികളായി അഴിക്കു പുറത്ത് ഉലാത്തുന്നു, ചുവരിന്റെ ഓരോ വശവും എപ്പോഴും പരിശോധിക്കുന്നു. തനിക്കുവേണ്ടി മാത്രം ആറു പേർ.

താനെത്ര ധീരനാണോ? സ്കൂളിൽ പഠിക്കുന്ന കാലത്തു തടിച്ച മീശയുള്ള മേനോൻ സാറിനെ കണ്ടാൽ ഓടിയൊളിക്കുമായിരുന്നു. അദ്ദേഹത്തിന്റെ നീണ്ട ചൂരൽവടിയിൽ ലോകത്തിലെ ഏറ്റവും വലിയ ക്രൂരത ദർശിച്ചിരുന്നു.

തന്നെ ഇപ്പോൾ അവർ ഭയപ്പെടുന്നതിന്റെ കാരണമോർത്തു. കഴിഞ്ഞ കൊല്ലം, ഒരു അർദ്ധരാത്രിയിൽ, വളരെ നാളത്തെ ഒരു ശ്രമം പൂർത്തീകരിച്ച്, ചുവരിന്റെ ഇടയിലെ ഒരു ചെറിയ വിടവിലൂടെ പുറത്തു ചാടിയപ്പോൾ, അവർ കബളിപ്പിക്കപ്പെട്ടു. പുറത്ത് ഉറക്കംതൂങ്ങിയിരുന്ന കാവൽക്കാർ കണ്ണുതുറന്നു നോക്കിയപ്പോൾ മുറി ശൂന്യമായിരുന്നു.

* * *

അനേകം വിപ്ലവകാരികളുടെ ആവേശത്തെ തളച്ച മുറിയിലൂടെ വെറുതെ ഉലാത്തിക്കൊണ്ടിരുന്നു. പഴകി ദ്രവിച്ച, മൂത്രത്തിന്റെ ഗന്ധമുള്ള വായു ശ്വസിച്ച് മനസ്സു മടുത്തു.

ഓ! നാളെ വിധിയാണ്.

കുറ്റം ചെയ്തവനെന്നു മുദ്രയടിക്കപ്പെട്ടവരെ ഒരു പക്ഷേ തൂക്കിലിടാൻ വിധിയ്ക്കും. അല്ലെങ്കിൽ അനേക വർഷം ഈ മുറിയിൽ ഏകാന്തവാസത്തിനു വിടും.

തന്റെ കുറ്റത്തിന്റെ കാര്യമാലോചിച്ചാൽ തൂക്കിലിടാനാണു സാധ്യത. നീണ്ട നൂറുകണക്കിനു പേജുള്ള കുറ്റപത്രമാണ് മുമ്പിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

ചിലപ്പോൾ, തൂക്കുമരം ഒരിക്കൽക്കൂടി മരണത്തിന്റെ മണമറിയും. തൂക്കുമരം ഒരിക്കൽക്കൂടി പിടച്ചിൽ കാണും. അതോടെ താനെന്ന വിപ്ലവകാരി ശൂന്യതയിൽ ലയിക്കും. ഹാ! ആദർശത്തിനുവേണ്ടി മരിക്കുക, അതു് എത്ര സുന്ദരമാണ്.

പിന്നീട് ഈ മുറിയിൽ മറ്റാരെങ്കിലും വിധിയും കാത്ത് ഊഴമിരിക്കും. അതങ്ങിനെ തുടർന്നു പോകും. ഒരിക്കൽ, അവസാനം.

ഞങ്ങൾ വിജയിക്കും. തൂക്കുമരങ്ങൾ ഒരിക്കൽക്കൂടി കരയും. ഞങ്ങളുടെ രാജാവു സിംഹാസനത്തിലേറും.

ചിന്തകൾ എന്തിനേയോ കേന്ദ്രീകരിച്ച് അസ്വസ്ഥമായി.

പെട്ടെന്ന് വീട്ടിലുള്ളവരെക്കുറിച്ചോർത്തു. മകനെ ഉദ്യോഗസ്ഥനാക്കാൻ പാടുപെട്ട അമ്മയെക്കുറിച്ചോർത്തു. തന്റെ കാര്യമാലോചിച്ച് ആധിപിടിച്ച്, താൻ ഒളിവിലായിരുന്നപ്പോൾ മരിച്ച അച്ഛനെക്കുറിച്ചോർത്തു. സഹോദരീസഹോദരന്മാരെക്കുറിച്ചോർത്തു.

മനസ്സിൽക്കിടന്നു ചിന്തകൾ പതറി. ഹൃദയത്തിലേതോ വേദന കിടന്നു പിടഞ്ഞു.

താൻ കാരണമാണു തന്റെ അച്ഛൻ മരിച്ചതു്. തന്റെ സഹോദരീസഹോദരന്മാർ അനാഥരായതു് താൻ മൂലമാണ്. ഏതാണ്ടു മരിച്ചു കഴിഞ്ഞ അമ്മ രോഗബാധിതയായതും താൻ മൂലമാണ്. കഴിഞ്ഞ കൊല്ലം സഹോദരിയുടെ വിവാഹം കഴിഞ്ഞു. ഒന്നിനും പങ്കുകൊള്ളാൻ കഴിഞ്ഞില്ല. അച്ഛൻ മരിച്ചതറിഞ്ഞപ്പോൾ അവിടംവരെ

ഒന്നു പോകാനുംകൂടി കഴിഞ്ഞില്ല. കറുത്ത താടിയുള്ള ദൈവവിശ്വാസിയായ അച്ഛന്റെ രൂപം സങ്കല്പത്തിൽ നിറഞ്ഞുനിന്നു.

പെട്ടെന്നു വിധിയെക്കുറിച്ചോർത്തു തൂക്കുമരത്തെ കുറിച്ചോർത്തു രോഗബാധിതയായ അമ്മയുടെ, അനാഥരായ സഹോദരങ്ങളുടെ രൂപങ്ങൾ മനസ്സിൽക്കിടന്ന് ഇളകിയാടി. കണ്ണുകൾ അറിയാതെ നിറഞ്ഞൊഴുകി. ഞാൻ വികാര പരവശനായി.

''എനിക്കെന്റെ വീട്ടുകാരെ കാണണം........ നാളെ രാവിലെ........''— മുന്നിലിരിക്കുന്ന കാവൽക്കാരോട് ഞാൻ കെഞ്ചി.

''സാധ്യമല്ല''— ഉറച്ച ഘനഗംഭീരമായ ശബ്ദം. അതു ചുവരുകളിൽ പ്രതിധ്വനിച്ചു.

വെറുതെ ശൂന്യതയെ നോക്കിയിരുന്നപ്പോൾ ഞാൻ ശാന്തനായി. എന്നിലെ വിപ്ലവകാരി ഉണർന്നു, ഛെ. ഒരു വിപ്ലവകാരി ഇത്രയും സെന്റിമെന്റലാകാൻ പാടില്ലായിരുന്നു. അബുവിന് അമ്മയുണ്ടായിരുന്നില്ലേ? രഘുവിന് അമ്മയുണ്ടായിരുന്നില്ലേ?

ഞാൻ ചെയ്ത തെറ്റിനെക്കുറിച്ച് ഞാൻ ബോധവാനായി.

ചുവരു ചാരിയിരുന്ന് പഴയ കഥകൾ ഞാനാലോചിച്ചു. എന്റെ മനസ്സ് ഭൂതകാലത്തിൽ വിലയം കണ്ടെത്തി. ഞാൻ പരിസരം മറന്നു.

വർഷങ്ങൾക്കു മുമ്പാണത്. ഒരു തൊഴിലാളി കുടുംബത്തിൽ ജനിച്ചപ്പോൾ ഇത്രയും പരീക്ഷണങ്ങളെ നേരിടേണ്ടിവരുമെന്ന് ഒരിക്കലും കരുതിയില്ല. കഷ്ടപ്പാടിലൂടെ വളർന്നു. പിന്നീട് കുടുംബത്തിനുവേണ്ടി സഹോദരങ്ങൾക്കുവേണ്ടി, അധ്വാനിച്ചു. ദേഹത്തിൽനിന്നു വിയർപ്പു മാറി രക്തമൊഴുകിയിട്ടും ജീവിതം പരുങ്ങലിലായി.

ഫാക്ടറിയിൽ കൂലികൂടുതലിനു വേണ്ടി സമരം ചെയ്തു. ഒരു ഘട്ടത്തിൽ യൂണിയൻ നേതാക്കൾ ക്രൂരമായി വധിക്കപ്പെട്ടു. അവരുടെ നെഞ്ചിലും, കഴുത്തിലും ആഴത്തിലുള്ള മുറിവുകളുണ്ടായിരുന്നു. എന്നിട്ടും ഫാക്ടറിയുടമയും, ജന്മിയുമായ പത്മനാഭൻ മുതലാളി റോഡിലൂടെ മാന്യമായി നടന്നു. നിയമത്തിന്റെ എല്ലാ ഊരാക്കുടുക്കുകളിൽനിന്നും അയാൾ നിഷ്പ്രയാസം പുറത്തു ചാടി.

അയാളുടെ അടുത്ത ഉന്നം തന്നെയായിരുന്നു എന്നു വ്യക്തമായിരുന്നു.

ഒരിക്കൽ ഒരു സായാഹ്നത്തിൽ ഫാക്ടറിയിലെ യൂണിയൻ സെക്രട്ടറിയും, പത്മനാഭൻ മുതലാളിയും ഒന്നിച്ചു ചിരിച്ചുല്ലസിച്ചു വരുമ്പോഴാണ് ആ നഗ്നസത്യം വെളിവായത്. അയാൾ എന്നെയും, ഞാൻ അയാളെയും, സൂക്ഷിച്ചു നോക്കി. സെക്രട്ടറിയുടെ കയ്യിൽ ഒരു ചുവന്ന ഡയറിയുണ്ടായിരുന്നു. അയാളുടെ മുഖത്ത് ജാള്യത തീരെയുണ്ടായിരുന്നില്ല.

വഞ്ചിക്കപ്പെട്ടുവെന്ന പൂർണ്ണമായ ബോധ്യം വന്നത് അപ്പോഴാണ്. രാഷ്ട്രീയം ബിസിനസ്സാക്കിയ ചുവന്ന ഡയറിക്കാരനെ പിന്നീട് പലപ്പോഴും കണ്ടു. വിപ്ലവം ലഘുലേഖകളിൽക്കുറിച്ചു. അതെല്ലാം ഒന്നിച്ചു ചേർത്ത ഒരു തടിച്ച പുസ്തകം എപ്പോഴും അയാളുടെ കൈവശമുണ്ടായിരുന്നു.

വെറുപ്പ് അയാളിൽനിന്ന് ആരംഭിച്ചതാണ്. വധിക്കപ്പെട്ട തോമസിന്റെയും, ബാലന്റെയും അനാഥരായ കുടുംബങ്ങളെക്കുറിച്ചോർത്തപ്പോൾ മനസ്സിലെവിടെയോ പ്രതികാരം പടർന്നുകത്തി. പാടില്ല. ഒരിക്കലും അടങ്ങിയിരിക്കാൻ പാടില്ല. ഈ വ്യവസ്ഥിതിയെ നിലനിർത്തുവാൻ വേണ്ടി വിടുപണി ചെയ്യരുത്

ചുവന്ന രക്തം നാഡികളിൽ ഇരച്ചു കയറി.

ഫാക്ടറിയിലെ ജോലിയുപേക്ഷിച്ച് തൊഴിലാളികളെ സംഘടിപ്പിച്ചു. ഗ്രാമപ്രദേശങ്ങളിൽ അവരുടെ ശക്തിയായ നിര വളർന്നു. അവർക്കു വേണ്ടി ക്ലാസ്സുകൾ സംഘടിപ്പിച്ചു. രാഘവനുണ്ണിയും, രഘുവും, അപ്പുവുമായി ബന്ധപ്പെട്ടു

പുതിയ പ്രസ്ഥാനവുമായി തൊഴിലാളികൾ എളുപ്പത്തിലിണങ്ങി.

ഞങ്ങൾ ഞങ്ങളുടെ രാജാവിൽ വിശ്വസിച്ചു. അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രം ഞങ്ങൾ ഉരുവിട്ടു പഠിച്ചു ആ പടയണിയിൽ സായുധരായി ഞങ്ങളുണ്ടായിരുന്നു.

എന്റെ മനസ്സിൽ നിറയെ പത്മനാഭൻ മുതലാളിയായിരുന്നു

പുതിയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടതോടെ പത്മനാഭൻ മുതലാളി എന്നെ ഭയപ്പെട്ടിരുന്നു. ദൃഷ്ടിയിൽപ്പെടാതെ അയാൾ കരുതലോടെ ഒഴി

ഞ്ഞു മാറി നടന്നു. പക്ഷെ രക്ഷപ്പെടുക അയാൾക്ക് അസാദ്ധ്യമായിരുന്നു.

ഞാനെപ്പോഴും അയാളുടെ നീക്കങ്ങളെ വീക്ഷിച്ചുകൊണ്ടിരുന്നു. അയാളുടെ കാലടിപ്പാടുകൾ മണത്തു് ഞാനയാളെ പിന്തുടർന്നു.

ഒരിക്കൽ ഒരു സന്ധ്യാസമയത്താണ് അതു സംഭവിച്ചതു്. കൂടെ രാഘവനുണ്ണിയും, അപ്പുവുമുണ്ടായിരുന്നു. പത്മനാഭൻ മുതലാളി എതിരെ നടന്നു വരുന്നതും, ഞങ്ങളെ കണ്ടതോടെ, ഒരബദ്ധം പറ്റിയ മാതിരി പിന്തിരിഞ്ഞു നടക്കുന്നതും കണ്ടു. ഇടവഴിയിലെ കൂർത്ത കല്ലുകളിൽ അമർത്തിച്ചവിട്ടി, പത്മനാഭൻ മുതലാളിയുടെ അടുക്കലേയ്ക്കു പാഞ്ഞു ചെന്നു. അയാളുടെ കണ്ണുകളിൽ ഭയം നിറഞ്ഞിരുന്നു.

അരയിലെ മൂർച്ചയുള്ള കത്തി കൊണ്ടു ഞാൻ അയാളുടെ മാറു് നെടുകെ പിളർന്നു. മാറിലൂടെ പുറത്തേയ്ക്കൊഴുകിയ രക്തത്തിൽ ബാലന്റെയും, തോമസിന്റെയും രക്തം കണ്ടു. ഭീമാകാരനായ മുതലാളി ഒരു കടങ്കഥയായി അവശേഷിക്കുന്നതും നോക്കി സംതൃപ്തിയോടെ നിന്നു.

പിന്നീട് ഒളിവിൽപ്പോയി. രാഘവനുണ്ണിയെയും, അപ്പുവിനെയും ഇടയ്ക്കിടെ കണ്ടുകൊണ്ടിരുന്നു.

ചുവന്ന ഡയറിക്കാരൻ ഞങ്ങളെ എപ്പോഴും പിന്തുടർന്നിരുന്നു. പലപ്പോഴും പലയിടത്തും വച്ച് അയാളുടെ മുന്നിൽനിന്നു നാടകീയമായി രക്ഷപ്പെട്ടു.

ഒരിക്കൽ ഒരു മീററിംഗിനു പങ്കെടുത്തു വരികയായിരുന്നു. ടൗണിലെ ഇരുട്ടുമൂടിയ വശത്തിലൂടെ ധൃതിയിൽ നടക്കുകയായിരുന്നു. അപരിചിതസ്ഥലം. ആ ദിവസം മുഴുപ്പട്ടിണിയിലായിരുന്നു. അടുത്തുള്ള ഒരു ചായക്കടയിൽക്കയറി ചായ കുടിക്കാൻ. കയറിയപ്പോൾ ഒന്നുമോർത്തില്ല.

എന്നെ അറിയുന്ന ആരോ ഒരാൾ എന്നെ തന്ത്രപൂർവ്വം കെണിയിൽ പെടുത്തി എന്നു വൈകിയാണു ഞാനറിഞ്ഞതു്. രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും, വമ്പിച്ച ഒരു ജനക്കൂട്ടം എന്നെ വളഞ്ഞിരുന്നു. ജനക്കൂട്ടത്തിൽ സാധാരണക്കാരും, തൊഴിലാളികളുമുണ്ടായിരുന്നു.

ഞാൻ ഞങ്ങളുടെ രാജാവിന്റെ വചനങ്ങളെക്കുറിച്ചോർത്തു:

''ജനങ്ങളെ ഒരിക്കലും കുററം പറയരുതു്. അവർ ക്രൂരമായി തെററിദ്ധരിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങളെ തിരിച്ചറിയുന്നവരല്ല. അവർ നിങ്ങളെ തൊഴിക്കും. ഒരു പക്ഷെ കൊന്നുവെന്നും വരാം. ആ ശക്തിയെ നമ്മോടടുപ്പിക്കാൻ പഠിയ്ക്ക മാത്രം അവരെ ആത്മാർത്ഥമായി സ്നേഹിക്കയാണ്. അവർക്കുവേണ്ടി ത്യാഗം ചെയ്യാൻ തയ്യാറാവുകയാണ്. ജനങ്ങളില്ലാതെ ഒരു പ്രസ്ഥാനത്തിനും മുന്നോട്ടു പോകാനാകില്ല''.

ജനങ്ങൾ എന്നെ പോലീസിലേല്പിച്ചപ്പോഴും, പോലീസുകാർ നിഷ്ഠുരം മർദ്ദിച്ചപ്പോഴും ഞാൻ കരഞ്ഞില്ല. കുട്ടപ്പനും, രാഘവനുണ്ണിയും വധിക്കപ്പെട്ടുവെന്നു പിന്നീടാണറിഞ്ഞതു്.

എന്നിട്ടും ഞാൻ പിടിച്ചുനിന്നു.

ഒരു വർഷത്തിനുശേഷം, ഒരു രാത്രിയിൽ ഞാൻ സുഖകരമായി രക്ഷപ്പെട്ടപ്പോൾ, എന്നിൽനിന്നും ഒരു തുമ്പും കിട്ടാതിരുന്ന കാവൽക്കാർ ഭയന്നു. അവർ എനിക്കുവേണ്ടി കെണികളുണ്ടാക്കി. എന്നെ തിരക്കാൻ ചാരസംഘങ്ങളുണ്ടാക്കി.

പക്ഷെ എല്ലാ കെണിയിൽനിന്നും ഞാൻ അത്ഭുതപൂർവ്വം രക്ഷപ്പെട്ടു.

ഒരുച്ചസമയത്താണ് അതറിഞ്ഞതു്. അച്ഛൻ മരിച്ചിരിക്കുന്നു ജോണിയാണെന്നെ അറിയിച്ചതു്. ആ രാത്രി കഴിയും മുമ്പേ എങ്ങനെയെങ്കിലും വീട്ടിൽപ്പോയി മടങ്ങണമെന്ന ആഗ്രഹം മനസ്സിൽ ശക്തിപ്പെട്ടു.

വീട്ടുകാരെക്കുറിച്ചോർത്തപ്പോൾ എല്ലാം മറന്നു. ജോണിയുടെയും, രഘുവിന്റെയും ഉപദേശം മനസ്സിലൊരു ചലനവും സൃഷ്ടിച്ചില്ല.

ആൾത്തിരക്കൊഴിഞ്ഞ വഴിയിലൂടെ വേഗം നടന്നകന്നപ്പോൾ മനസ്സു നിറയെ അച്ഛനായിരുന്നു. മകനുവേണ്ടി പാടുപെട്ട അച്ഛൻ.

അല്പനേരത്തേയ്ക്കു കുററബോധം മനസ്സിനെ ഉലച്ചിരുന്നു.

ഇടവഴിയിലേയ്ക്കുള്ള വളവു തിരിഞ്ഞു കഴിഞ്ഞപ്പോൾ ആശ്വാസം തോന്നിയിരുന്നു. ആൾപ്പാർപ്പു കുറഞ്ഞ വഴിയിലൂടെ ഒന്നും കൂസാതെ നടന്നു.

സ്ട്രീറ്റു് ലൈററു തെളിഞ്ഞു കത്തിയിരുന്ന വിളക്കുകാലിന്റെ അരികെ ആരൊക്കെയോ നിന്നിരുന്നു.

പിന്നീട് ഓരോ അടി വച്ചതും സൂക്ഷ്മതയോടെയായിരുന്നു.

വിളക്കുകാലിന്റെ അടുത്തെത്തിയപ്പോൾ പെട്ടെന്ന് അയാളെ തിരിച്ചറിഞ്ഞു. അയാളുടെ അനുചരന്മാരെയും കണ്ടു.

അയാളുടെ കയ്യിൽ ചുവന്ന ഡയറിയുണ്ടായിരുന്നു. വിപ്ലവത്തെക്കുറിച്ചുള്ള ആ തടിച്ച പുസ്തകം അപ്പോഴും അയാളുടെ കൈവശമുണ്ടായിരുന്നു.

ഞാനയാളെ വ്യക്തമായി കണ്ടു. അയാൾ എന്നെയും കണ്ടിരിക്കണം.

പിന്തിരിഞ്ഞ്, ഇരുളിലേയ്ക്കു മറയാൻ ഞാൻ തുനിഞ്ഞതും, ''പിടിയെടാ'' എന്ന അയാളുടെ ഉച്ചത്തിലുള്ള അലച്ച് ഇരുളിൽ മുഴങ്ങിയതും ഒപ്പമായിരുന്നു.

ഞാനോടി. ഉച്ചത്തിലലറി. അയാളും അനുചരന്മാരും പിന്നാലെ പാഞ്ഞുവരുന്നതും, ഞാനൊരു വേരിൽത്തട്ടി വീണതും, അയാൾ എന്നെ കീഴടക്കിയതും, പ്രഹരിച്ചതും എനിക്കോർമ്മയുണ്ട്.

ബോധം വീണപ്പോൾ ഞാൻ ലോക്കപ്പിലായിരുന്നു. എന്റെ കാലുകളിലെ മുറിവിന്റെ വേദന ഞാനറിഞ്ഞതും അപ്പോൾ മാത്രമായിരുന്നു.

ലോക്കപ്പിനു പുറത്തു കാവൽക്കാർ പകയോടെ എന്നെ നോക്കുന്നതു ഞാൻ കണ്ടു. അവരിൽ ചിലർക്ക് നേരിയ ഒരു മന്ദഹാസമുണ്ടായിരുന്നു.

ഓരോ പകലുകളിലും, യാമങ്ങളിലും അവർ എന്നോടുള്ള പക തീർത്തു.

പരിസരബോധം കൈവന്നപ്പോൾ നേരം വളരെ വൈകിയിരുന്നു. മുന്നിലെ കനത്ത ഇരുട്ടിൽ എന്തൊക്കെയോ പ്രതിരൂപങ്ങൾ കണ്ടു. ഏതൊക്കെയോ ഭീകരസ്വരൂപങ്ങൾ താണ്ഡവമാടി. അനേകം ഹുങ്കാരങ്ങളലഞ്ഞു.

എല്ലാമോർത്തുകൊണ്ട്, എല്ലാം കണ്ടുകൊണ്ട് കണ്ണുകളടച്ചു.

പിറ്റേ ദിവസം, വളരെ ദിവസങ്ങൾക്കുശേഷം ഒരിക്കൽക്കൂടി ഞാൻ പകൽ കണ്ടു. കാവൽക്കാർ എന്നോടു സ്നേഹത്തോടെ പെരുമാറി. കാലത്ത് എനിക്കു നേരത്തെ ഭക്ഷണം കിട്ടി. അതിനുവരെ പ്രേരിപ്പിച്ച ചേതോവികാരം എനിക്കു പെട്ടെന്നു പിടികിട്ടി.

എന്നെ തൂക്കിലിടുമെന്ന് അവർക്ക് പൂർണ്ണമായും വിശ്വാസമുണ്ടായിരുന്നു.

വിലങ്ങുധാരിയായി കോടതിയിലേയ്ക്കു നടന്നപ്പോൾ മനസ്സിൽ നിറയെ വീട്ടുകാരെക്കുറിച്ചുള്ള ചിന്തകളായിരുന്നു. അവരിലാരെങ്കിലും ഇന്നു വിധി കേൾക്കാൻ വരുമോ?

വേണ്ട വരാതിരിക്കുകയാണു ഭേദം.

കോടതിവളപ്പു കവിഞ്ഞൊഴുകിയ ജനക്കൂട്ടത്തെ കണ്ടു. ഓരോരുത്തരിലും വിവിധ ഭാവങ്ങളായിരുന്നു.

ഞാൻ അവരിലൂടെ കടന്നു പോയപ്പോൾ അവർ എന്റെ ചുററിലും കൂടി ആരൊക്കെയോ, എന്തൊക്കെയോ പറയുന്നതു കേട്ടു. എനിക്കെല്ലാം അവ്യക്തമായിരുന്നു. ഞാനെന്തുകൊണ്ടോ അവരെ ഭയപ്പെട്ടു

പ്രതിക്കൂട്ടിൽ നിർവികാരനായി നിന്നപ്പോഴും ജനക്കൂട്ടം എന്നെ സൂക്ഷ്മതയോടെ നോക്കുന്നതു ഞാൻ കണ്ടു. ജനക്കൂട്ടത്തിന്റെ ഇടയിൽ അക്ഷമനായി നിൽക്കുന്ന ചുവന്ന ഡയറിക്കാരനെ ഞാൻ പെട്ടന്നെ തിരിച്ചറിഞ്ഞു.

ജനക്കൂട്ടത്തെ നിതന്ത്രിക്കാൻ പാടുപെടുന്നതു കണ്ടു. ജനങ്ങളുടെ കയ്യിൽ കല്ലുകളുണ്ടോ എന്നു നോക്കുകയായിരുന്നു ഞാൻ.

കറുത്ത കണ്ണടയുള്ള ജഡ്ജി വിധിപ്രസ്താവം പരത്തി വായിക്കുമ്പോഴും ഞാനെന്തുകൊണ്ടോ നിർവികാരനായിരുന്നു. ഒരല്പം കിതപ്പോടെ, മുന്നോട്ടാഞ്ഞ് എന്റെ കുററപത്രത്തിന്റെ പേജുകൾ ഗൗരവത്തോടെ വായിച്ചുതള്ളുന്ന ജഡ്ജിയെ ഞാൻ കൗതുകപൂർവ്വം നോക്കിയിരുന്നു.

ജനക്കൂട്ടം പെട്ടെന്ന് ശാന്തരായപ്പോൾ ഞാൻ ജഡ്ജിയെ നോക്കി. വിധി പ്രസ്താവനയുടെ അവസാനപേജിലേയ്ക്കു ജഡ്ജി കടന്നിരുന്നു.

വലിയ കറുത്ത അക്ഷരങ്ങൾ എന്റെ മനസ്സിൽ കിടന്നു പിടച്ചു. ''........എന്ന് തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാലും പ്രതിയെ വെറുതെ വിടുന്നു'' — ജഡ്ജിയുടെ സ്വരത്തിനു തളർച്ചയുണ്ടായിരുന്നു.

ഞാനതു കേട്ടു. ആ ഔദാര്യം ഞാനൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ജനങ്ങളുടെ ഇടയിൽ വീണ്ടും പ്രവർത്തിക്കാനുള്ള അവസരം എനിക്കു ലഭിച്ചുവെന്നറിഞ്ഞപ്പോൾ ഒരു തരത്തിലുള്ള ഉന്മാദം എന്നെ കീഴടക്കി, ഞാൻ ജനങ്ങളെ നോക്കി. അവരിലെ ചലനം ഞാൻ ശ്രദ്ധിച്ചു. എനിക്കെന്തോ ഒരു പന്തികേടുള്ളതായി തോന്നി.

തിരികെ ജയിലിലേയ്ക്കു നടന്നപ്പോഴും, കാവൽക്കാർ എന്നെ സ്വതന്ത്രനാക്കിയപ്പോഴും ഞാൻ ജയിൽവളപ്പിൽ കുറച്ചുനേരം കാത്തുനിന്നു.

കുറച്ചുകഴിഞ്ഞ് ഞാൻ പുറത്തു കടന്നു. ഒരരികുപറ്റി നടന്നകലാൻ ഞാൻ ശ്രമിച്ചപ്പോഴും ജനക്കൂട്ടം

എന്നെ വളയുന്നതു ഞാൻ കണ്ടു.

ഞാൻ പരിഭ്രാന്തനായി.

അവരെന്നെ എടുത്തു പൊക്കിയതും, എല്ലാവരും എനിക്ക് അഭിവാദ്യങ്ങൾ നൽകിയതും പെട്ടെന്നായിരുന്നു.

തികഞ്ഞ അവിശ്വസനീയതയോടെ ഞാനതു കണ്ടു.

അവർ ജയാരവം മുഴക്കിയപ്പോൾ ഞാൻ രാജാവിന്റെ വചനമോർത്തു.

മുഷ്ടിചുരുട്ടി ഉച്ചത്തിൽ ഞാൻ മുദ്രാവാക്യം വിളിച്ചു.

അവരതു് ഏറ്റുപാടി.

അവർക്കു മുന്നിലൂടെ ജേതാവായി ഞാൻ നടന്നു.

**T. I. JOSEPH & SONS**
**Prakasam Press & Book Depot**
**IRINJALAKUDA**

*Printers & Dealers in:*
All Varieties of Paper & Boards,
Printing Ink, Glass, Pictures,
Mirrors Etc.
SCHOOL, COLLEGE BOOKS
ALSO AVAILABLE

FOR REFRESHMENTS &
DELICIOUS FOOD
*VISIT*:
Touristotel
**TANA, IRINJALAKUDA**
we also undertake
tea parties and dinners
Phone: 397

# ഒരു ആന പിടുത്തത്തിന്റെ കഥ

വളം ഒന്നുകൂടി സൂക്ഷ്മമായി പരിശോധിച്ചു. എന്തോ ആലോചിച്ചിട്ട് പപ്പൻ കൂരയുടെ അകത്തേക്കു പോയി. പിന്നെ കയ്യിൽ ഒരു പൊതിയുമായി പുറത്തു വന്നു. കൈ മടക്കി, എന്തെല്ലാം എടുത്തിട്ടുണ്ടെന്നു കണക്കു കൂട്ടി. എല്ലാം ഉണ്ടെന്ന് ഉറപ്പായപ്പോൾ സമാധാനത്തോടെ ഒരു ദീർഘശ്വാസം വിട്ടു.

ചാണകം മെഴുകിയ തറയിൽ ബീഡിപ്പുകയുടെ വലയങ്ങൾ മുകളിലേക്കു പറന്നുയരുന്നതും നോക്കി മലർന്നു കിടന്നപ്പോൾ ഒരു ചെറിയ കല്ല് നെഞ്ചത്ത് വന്നു വീണു. തലയുയർത്തി നോക്കി. ആരേയും കണ്ടില്ല. വീണ്ടും പുകയൂതി വിട്ടപ്പോൾ കല്ലു വീണു. ആവർത്തിച്ചപ്പോൾ പപ്പൻ എഴുന്നേററിരുന്നു. പുരയുടെ മുളന്തൂണും ചാരിയിരുന്ന് അവൻ ബീഡിയുടെ ലഹരിയിൽ മുഴുകി.

നാളെയാണ് ജീവിതത്തിലെ ഏററവും വില പിടിച്ച ദിവസം.

മനസ്സിന്നടിയിൽ വേരൂന്നി നില്ക്കുന്ന ഒരു സങ്കല്പം യാഥാർത്ഥ്യമാകുമെന്നുറപ്പിക്കാവുന്ന ദിവസം.

മനസ്സിനെ ഇക്കിളികൊള്ളിക്കുന്ന ചിന്തകൾ മധുരാനുഭൂതികളാകാൻ തുടക്കം കുറിക്കുന്ന ദിവസം.

കൺമുമ്പിലിരിക്കുന്ന നിധി കൈകൊണ്ടെടുക്കാൻ അനുവാദം ലഭിക്കുന്ന ദിവസം.

നാളെ ! നാളെ !!

പപ്പൻ അസ്വസ്ഥതയോടെ എഴുന്നേററു. ആക്കാര്യം ചിന്തിക്കുമ്പോൾ നേരിയൊരു ഭയം.

അവൻ അതു മറക്കാൻ ശ്രമിച്ചു.

അവന്റെ മാളുവിനെക്കുറിച്ചോർക്കാൻ ശ്രമിച്ചു.

പക്ഷേ ......

അവൻ ഓർത്തു് മറെറാന്നാണ്.

അവനു ഭയം തോന്നി. ഇക്കോരനെ അവനു പേടിയാണ്. അവനെപ്പോലെതന്നെ ഇക്കോരനും മാളുവിന്റെ ആലോചനക്കാരനാണ്. പക്ഷെ മാളു അവന്റേതാണ്.

പക്ഷെ അതുകൊണ്ടു മാത്രമായില്ല. അവളുടെ അച്ഛൻ കരിമൂർഖനാണ്. അയാളുടെ അനുവാദം കിട്ടാതെ ഒന്നും നടക്കില്ല. കരിമൂർഖന് പപ്പനെ ഇഷ്ടമാണ്. പക്ഷെ ഇക്കോരനെ പിണക്കിക്കൂടാ.

തടിച്ച ചുണ്ടും, വീർത്ത കവിളുകളും, ഉറക്കം തൂങ്ങുന്ന കൺപോളകളുമുള്ള മാളു അവരുടെ അപ്സരസ്സാണ്. അവളെ ഇക്കോരൻ കൊണ്ടുപോയാൽ ........?

പപ്പന്റെ ഹൃദയം ശക്തിയായി മിടിച്ചു.

ഇക്കോരൻ അവളെ സ്വന്തമാക്കാൻ വേണ്ടിയല്ല ആലോചിച്ചത്.

ഓ ! അതോർക്കുമ്പോൾ ........

കഴിഞ്ഞ ആണ്ടിലെ മേണിക്കാലത്താണ് ഇക്കോരൻ ആദ്യമായി ഇവിടെ വന്നത്. മേണിക്ക പോവുകയായിരുന്നു. വഴിക്കുവെച്ചു കൂട്ടം തെററി. ഇക്കോരൻ ഇവിടെ എത്തി. ഇവിടം അയാളെ വല്ലാതെ ആകർഷിച്ചു. അതുകൊണ്ടു തങ്ങി.

പപ്പനും മാളുവുംകൂടി കൈതക്കാട്ടിനു മറവിലുള്ള കുളക്കരയിലെ പാറപ്പുറത്തിരുന്നു കൊച്ചുവർത്തമാനങ്ങൾ പറഞ്ഞു ചിരിക്കുമ്പോഴാണ് ഇക്കോരൻ ആദ്യമായി മാളുവിനെ കാണുന്നത്. ആദ്യം കണ്ടപ്പോൾത്തന്നെ ഇക്കോരന്റെ തലയിൽ ഒരു ആശയം തോന്നി. പപ്പനെ പിടിക്കുക. അതു ന

പീതാംബരൻ ടി I b com

കോഴ കൊടുക്കാമെന്നേറ്റു. കാര്യം പറഞ്ഞപ്പോൾ പപ്പൻ ആണനായി. ആണത്തത്തോടെ അവൻ തന്റെ തഴമ്പു പിടിച്ച, പരുപരുത്ത, കറുത്ത കൈ ഇക്കോരന്റെ വെളുപ്പും കറുപ്പുമല്ലാത്ത, മീശയുള്ള മുഖത്തിൽ ഊക്കോടെ ചേർത്തു.

ഇക്കോരൻ നിശ്ശബ്ദനായി മടങ്ങി.

അവന്റെ മനസ്സു പ്രതികാരത്തിനുവേണ്ടി ദാഹിക്കയായിരുന്നു. ഒരിക്കലും അവൻ പപ്പനിൽ നിന്നിത്രയും പ്രതീക്ഷിച്ചില്ല. അവനെതിർക്കുമെന്നു കരുതിയില്ല.

ഓ! അവനൊരു സത്യസന്ധൻ! പോയി തൊലയ് ഇക്കോരൻ ആത്മഗതം ചെയ്തു.

പപ്പൻ ഇക്കോരൻ പറഞ്ഞതിനെപ്പറ്റി ചിന്തിച്ചു. അവന്റെ രക്തം ചൂടു പിടിച്ചു. ചൂടു സഹിക്കവയ്യാതായപ്പോൾ അവനെണീറ്റു് ഉലാത്തി. കൈതക്കാട്ടിനു മറവിലുള്ള കുളക്കരയിലെ പാറപ്പുറത്തു്, ശൂന്യമായ ആകാശത്തിലേയ്ക്കും നോക്കി ഇരുന്നു. പിന്നെ പാറപ്പുറത്തു് കമിഴ്ന്നുകിടന്നു മയങ്ങി.

മയക്കത്തിൽ അവൻ കണ്ടു, മാളു പിനെ ഇക്കോരൻ കൊണ്ടുപോകുന്നതും, പട്ടണത്തിലുള്ള മുതലാളിയെ ഏല്പിക്കുന്നതും, മുതലാളി............

അവൻ ഞെട്ടിയെഴുന്നേറ്റു. ഉറക്കം വന്നില്ല. മാളുവിന്റെ തുടിച്ച ചുണ്ടു് മലച്ചിരിക്കുന്നതായി അവനു തോന്നി. ഉറക്കം തൂങ്ങുന്ന കൺപോളകൾ വിദേശദ്രാവകങ്ങളുടെ ശക്തികൊണ്ടു് ഒന്നുകൂടെ കനംവെച്ചതായി തോന്നി. പട്ടണത്തിലെ പണം കാഞ്ഞ മനുഷ്യർ അവളെ ചുറ്റിയെടുത്തു് കഴുത്തിലും കവിളിലും മാറത്തും അരക്കെട്ടിലും മറ്റും മറ്റും മാറിമാറി ചുംബിക്കുന്നതായും അവനു തോന്നി. എല്ലാം കഴിഞ്ഞു് മനുഷ്യർ കൊടുത്ത നോട്ടുകെട്ടുകൾ കയ്യിൽ നിറച്ചു് അവളിരിക്കുന്നു. അവൾ ചിരിക്കുന്നോ? കരയുന്നോ?

പപ്പൻ ചാടി. കുളക്കടവിലെ കല്ലിൽത്തട്ടി വീണു. അപ്പോഴവനു ബോധം വീണു. മെല്ലെ എഴുന്നേറ്റു നടന്നു.

പിറ്റേ ദിവസം രാവിലെ കരിമൂർഖനെ കണ്ടു. വിവരം അറിയിച്ചു.

ആ വിവരം ഇക്കോരൻ അറിഞ്ഞു. അവനും കാര്യം ഉണർത്തിച്ചു. പോരാൻ നേരത്തു് കരിമൂർഖനെ കൊണ്ടുപോയി നിറയെ നാടൻകള്ളു വാങ്ങിച്ചുകൊടുത്തു. കൂടെ മടിക്കുത്തഴിച്ചു മുഷിഞ്ഞ ഒരഞ്ചിന്റെ നോട്ടും.

കരിമൂർഖൻ സന്തോഷിച്ചു. പത്തി താഴ്ത്തി ആനന്ദസൂചകമായി ചീറ്റി. പിന്നെ ചുറ്റിച്ചുറ്റി, വളഞ്ഞുപുളഞ്ഞു്, ആടിക്കുഴഞ്ഞു് മാളത്തിലേക്കിഴഞ്ഞു.

ഇക്കോരന്റെ ചുണ്ടിൽ ചിരി വിടർന്നു.

മൂപ്പിൽ നായർക്കു് ഒരു മോഹം. ഒരു ആനയെ കൂടി വേണം. കിഴക്കൻ മലകളിൽ ആനകൾ ധാരാളമുണ്ടു്.

കരിമൂർഖൻ മൂപ്പിൽനായരെ കണ്ടു മടങ്ങിവന്നപ്പോൾ മുഖം മങ്ങിയിരുന്നു. ഈ വയസ്സുകാലത്തും താൻതന്നെ വേണം ആന പിടിക്കാൻ. കരിമൂർഖൻ വിഷണ്ണനായി ഇരിക്കുമ്പോൾ മകൾ വരുന്നതു കണ്ടു. മനസ്സിലൊരു ബുദ്ധി തോന്നി. അയാൾ സന്തുഷ്ടനായി. ഉടനെ കള്ളഷാപ്പിലേയ്ക്കു തിരിച്ചു.

പപ്പനെ കണ്ടു.

ഇക്കോരനെ കണ്ടു.

രണ്ടു പേരോടും മൂപ്പിൽ നായർ പറഞ്ഞ കാര്യം പറഞ്ഞു. രണ്ടു പേരും ശ്രമിക്കുക. വിജയിയായി ആദ്യം വരുന്നവനു മകളെ കൊടുക്കും. രണ്ടു പേരും കാടുകളിലേയ്ക്കോടി.

ഇക്കോരൻ മയന്നു. വീട്ടിൽ മുരടിച്ചിരുന്നപ്പോൾ ഒരു വഴി കണ്ടു. അയാൾ ചിരിച്ചു, ക്രൂരമായി.

പപ്പൻ ഒരുക്കങ്ങൾ തുടങ്ങി. എല്ലാം പൂർത്തിയായി. എന്നിട്ടും ഇക്കോരൻ ഇതുവരെ അനങ്ങിയില്ല. ഇക്കോരൻ സ്വയം പിന്മാറിയല്ലോ എന്നോർത്തു മാളു സന്തോഷിച്ചു.

ഒരു കല്ലു നെറ്റിയിൽ കൊണ്ടു. പപ്പൻ പിടഞ്ഞെണീറ്റു. ദേഷ്യത്തോടെ പുരയുടെ പുറത്തു ചെന്നു.

മാളു!

അവളോടി. പപ്പൻ അതു നോക്കിനിന്നു. കുണുങ്ങി ഓടുന്ന അവളുടെ തുടിച്ച സമൃദ്ധമായ നിതംബം ചലിക്കുന്ന ഭംഗി ആസ്വദിച്ചു നിന്നപ്പോൾ അവനു് ഒരു ഉണർവ്വു തോന്നി. പ്രത്യേകമായ ഒരാവേശം തോന്നി.

അവൻ മൂന്നു കൂട്ടുകാരുമൊത്തു വനത്തിലേയ്ക്കു നീങ്ങി. സൗകര്യമായ ഒരു സ്ഥലം കണ്ടുപി

ടിച്ചു കഴിച്ചു നാളെയ്ക്കു മുമ്പ് എല്ലാം കഴിയണം. കുഴി വെട്ടുന്ന ശബ്ദം ആനകൾ കേട്ടുകൂടാ.

എല്ലാം തയ്യാറായി. ആനകളെ വശീകരിക്കാനുതകുന്ന തയ്യാറെടുപ്പുകളെല്ലാം കഴിഞ്ഞു് അവർ കാത്തിരുന്നു.

പിറേറന്നു രണ്ടു കുഴികളിൽ ആനകൾ കുടുങ്ങിയിട്ടുണ്ട്.

പപ്പൻ സന്തോഷംകൊണ്ടു തുള്ളിച്ചാടി.

അവൻ ആനയെ കയററാനുള്ള ശ്രമങ്ങൾ തുടങ്ങി. അതിനു മുമ്പായി വടം മുറുക്കി കെട്ടണം. ഏററവും സാഹസപ്രധാനമായ കാര്യം. അവൻ കുഴിയിലേക്കു കമിഴ്ന്നു കിടന്നു. കൂട്ടുകാർ, അവന്റെ അരക്കെട്ടിലെ ബെൽററിൽനിന്നു കെട്ടിയിട്ടുള്ള കയറിൽ പിടിച്ചു് ഊക്കോടെ മറുവശത്തേയ്ക്കു വലിച്ചുകൊണ്ടിരുന്നു. പപ്പൻ ആനയുടെ വടത്തിൽ പിടിച്ചു.

ഇക്കോരൻ പൈശാചികമായ മുഖത്തോടെ അതു കാണാൻ വന്നു. അവന്റെ ആശയം പ്രാവർത്തികമായി.

പപ്പന്റെ മൂന്നു കൂട്ടുകാരേയും അവൻ പിന്നിൽനിന്നാക്രമിച്ചു. മൂന്നു പേരുടേയും കൈകൾ താഴ്ന്നു. കയറിലുള്ള പിടി വിട്ടു. എല്ലാം വിചാരിച്ചതുപോലെ നടന്നു.

ഇക്കോരൻ പൊട്ടിപ്പൊട്ടിച്ചിരിച്ചു.

അട്ടഹസിച്ചു.

കാടു കലുങ്ങി. മരങ്ങൾ കിടുങ്ങി.

മാള[illegible]കളിരുന്നു ഞെട്ടി.

●

വില കുറച്ചിരിക്കുന്നു !

ബ്രാണ്ടി, വിസ്കി, ജിൻ, റം, ബീയർ മുതലായവ

Elite Wine Shop

NEAR ഹോട്ടൽ അപ്പോളൊ

ഇരിങ്ങാലക്കുട

എന്തൊരു നശിച്ച മഴ! മൂന്നു ദിവസമായി കോരിച്ചൊരിയാൻ തുടങ്ങിയിട്ട്. പെട്ടെന്നൊന്നും നിലയ്ക്കുന്ന ലക്ഷണമില്ല. ഒന്നിനു മേലൊന്നായി കാർമേഘക്കീറുകളടിഞ്ഞു കൂടുകയാണ്. പുരമേൽനിന്നായത്തെ പറത്തിയെറിയാൻ കിണഞ്ഞു ശ്രമിക്കുന്ന മൂർച്ചയേറിയ ശീതക്കാറ്റ്. 'ആവൂ!' എന്തൊരു തണുപ്പ്''.

''വെള്ളം........''

പന്ത്രണ്ടു വയസ്സായ മൂത്ത മകൾ ഒരു കലം തണുത്ത വെള്ളം അടുപ്പത്തു വച്ചു. പാവം! തന്റെ മകൾക്കു നിവർന്നുനിൽക്കാൻപോലും വയ്യ. അവളുടെ കരുവാളിച്ച മുഖത്തു ദൃഷ്ടികൾ പതിച്ചപ്പോൾ, ആത്മാവിൽ നീറലനുഭവപ്പെട്ടു. അവൾ വെള്ളം അനത്തി.

# ജീവിതത്തിന്റെ മുഖങ്ങൾ

ചോർന്നൊലിച്ച വെള്ളം, തളം കെട്ടിനിൽക്കുന്ന കളിമൺവരാന്തയിൽ, കീറിപ്പഴകിയ ഒരു തഴപ്പായയിൽ കുന്തിച്ചിരുന്നുകൊണ്ടു കൃഷ്ണൻകുട്ടി നെടുവീർപ്പിട്ടു.

ഇന്നും പണിയില്ല. എങ്ങനെ പണിയുണ്ടാകാനാണ്. വയലിൽ നാഭിക്കൊപ്പമാണു വെള്ളം. ഈ നശിച്ച മഴയൊന്നു തോർന്നിരുന്നെങ്കിൽ!

വയറ്റിൽ തീ പടർന്നിരിക്കുകയാണ്. മൂന്നു ദിവസമായി അടുപ്പത്തു കലം കയറിയിട്ട്. ലേശം കഞ്ഞിവെള്ളം കിട്ടിയിരുന്നെങ്കിൽ ........ഒരുഷാറു കിട്ടുമായിരുന്നു.

''ആവൂ........ഹെന്റമ്മേ........''

തണുത്തുറഞ്ഞ അന്തരീക്ഷത്തിൽക്കൂടി ഇഴഞ്ഞു വരുന്ന ദുർബ്ബലശബ്ദം. പുരയ്ക്കകത്തുനിന്നാണ്. അമ്മിണി കിടന്നു കിടുകിടാ വിറയ്ക്കുകയാണ്. മൂന്നു ദിവസമായി പനി തുടങ്ങിയിട്ട്. തീക്കനൽപോലെയാണു ദേഹം പൊള്ളുന്നത്. ഇന്നലെ രാത്രി രണ്ടു മൂന്നു തവണ വെളിക്കു പോയി. രണ്ടു പ്രാവശ്യം ഛർദ്ദിച്ചു. വയറു കാഞ്ഞിട്ടാകണം........

''ആവൂ ......ഹെന്റമ്മേ........''

പണിപ്പെട്ടെഴുന്നേറ്റ് അകത്തേക്കു നടന്നു. പുതച്ചിരിക്കുന്ന പായ നീക്കി അവളെ തൊട്ടു വിളിച്ചു:

''എന്തു വേണം അമ്മൂ ... ..?''

അമ്മിണി ഒരു ചട്ടി വെള്ളം കുടുകുടാ വലിച്ചു കുടിച്ചു.

''അയ്യോ.... ....''

''എന്തുവേണം അമ്മൂ.......?''

''വെളിക്കിരിക്കണം.''

പറഞ്ഞു തീരും മുമ്പ് അവൾ ഛർദ്ദിച്ചു. തന്റെ മാറിലേക്ക്. അവളുടെ മുഖം വിളറി ബീഭത്സമായി വരുന്നു. നിർജ്ജീവങ്ങളായ നേത്രങ്ങൾ കുണ്ടിൽ ചാടിയിരിക്കുന്നു.

വീണ്ടും ഓക്കാനിക്കുകയാണ് അവളുടെ പുറം തടവിക്കൊണ്ടിരിക്കുമ്പോൾ വേദനയോടെ ചിന്തിച്ചു:

പടിയൂർ ആനന്ദ്

എന്തെങ്കിലും മരുന്നു കൊടുക്കാതെ പറ്റില്ല. അവൾ തളരുകയാണ്.

എന്തു ചെയ്യും? കടം വാങ്ങാവുന്നിടത്തുനിന്നെല്ലാം വാങ്ങിക്കഴിഞ്ഞു. ഇനി ചോദിച്ചാൽ ആട്ടായിരിക്കും കിട്ടുക. മുതലാളിയുടെ കയ്യിൽ

നിന്നു പത്തു ദിവസത്തെ പണിക്കൂലി മുൻകൂർ വാങ്ങിപ്പോയി.

പക്ഷെ — എന്തെങ്കിലും ചെയ്തേ പറ്റൂ. അല്ലെങ്കിൽ തനിക്കു ഭാര്യയെ നഷ്ടപ്പെടും ......

തല പുകയാൻ തുടങ്ങി.

അടുക്കളയിൽ തന്റെ മകൾ, ചൂടാക്കിയ വെള്ളം മോന്തിക്കുടിക്കുകയാണ്. മുറിയുടെ ഇരുണ്ട മൂലയിൽ തന്റെ നാലു പിഞ്ചു മക്കൾ തളർന്നുറങ്ങുകയാണ്. മൂന്നു ദിവസമായി അവർ അരിയിട്ട വെള്ളം കുടിച്ചിട്ട്. ഇളയ കുഞ്ഞ് ഇന്നലെ രാത്രി രണ്ടു മൂന്നു പ്രാവശ്യം ഛർദ്ദിച്ചതാണ്.

പുതച്ചിരുന്ന പായ പൊക്കി കുഞ്ഞിനെ തൊട്ടുനോക്കി. മഞ്ഞുകട്ടിപോലെ തണുത്തുറഞ്ഞ ദേഹം. ജീവന്റെ നേരിയൊരു സ്പന്ദനം മാത്രം ബാക്കിയുണ്ട്.

മസ്തിഷ്കം പുകഞ്ഞു. പുറത്ത് ഇരമ്പിപ്പെയ്യുന്ന മഴയെ പകയോടെ നോക്കി. വൃക്ഷങ്ങളെ ആട്ടിയുലയ്ക്കുന്ന കാറ്റിനെ ശപിച്ചു.

മുതലാളിയോടു തന്നെ ചോദിച്ചുനോക്കാം. ഓരോ നിമിഷം വൈകുന്തോറും അമ്മുവിന്റെ ജീവൻ അപായഗർത്തത്തിലേക്കു താണുകൊണ്ടിരിക്കുകയാണ്.

ഓട്ട കീറിയ കുടയെടുത്തു നിവർത്താൻ ഭാവിച്ചപ്പോൾ ഒരു സമൂഹരോദനം.

''അച്ഛാ....... വെശക്കണ്....... അച്ഛാ വെശക്കണ്........''

കുഞ്ഞുങ്ങൾ ഉണർന്നുകഴിഞ്ഞു. മൂത്ത മകൾ ഒരു കുടുംബിനിയുടെ പക്വതയോടെ അവരെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. പക്ഷെ അവർ അടങ്ങുന്നില്ല. ഒട്ടിയ കുടവയറ്റിൽ കൈയിട്ടടിച്ചുകൊണ്ട് അവർ കേഴുകയാണ്.

''ചേച്ചീ....കഞ്ഞി താ....വെശക്കണ്, ഒരു കഞ്ഞി........''

ഒന്നും ശബ്ദിക്കാൻ സാധിച്ചില്ല. മനസ്സിൽ ഒരു കല്ലു കയറ്റിവച്ച പ്രതീതി. വാക്കുകൾ തൊണ്ടയിൽക്കിടന്നു വീർപ്പുമുട്ടി.

''മോളേ, അച്ഛനിപ്പം വരാം.........''

മുണ്ടു കയറ്റിക്കുത്തിയിട്ട് വയൽവരമ്പത്തേക്കിറങ്ങി. കാർക്കളിൽക്കൂടി മഴത്തുള്ളികൾ ഊക്കോടെ ശിരസ്സിൽ പതിച്ചു. നഗ്നമായ മാറിൽക്കൂടി ഛർദ്ദിലിന്റെ അവശിഷ്ടം ഒലിച്ചിറങ്ങി.

പുഴ മദിച്ചൊഴുകുകയാണ്. മഴ ഈ നിലയിൽ രണ്ടു ദിവസംകൂടി തുടർന്നാൽ പുഴ, തന്റെ കുടിലിനെ വിഴുങ്ങിക്കളയും. വിഴുങ്ങട്ടെ. എല്ലാം നശിക്കട്ടെ. വേദനിക്കാൻവേണ്ടിമാത്രം എന്തിനു ജീവിക്കണം!

തണുപ്പിനെ വകവെക്കാതെ വലിഞ്ഞു നടന്നു.

മനസ്സ് അമ്മുവിന്റെ ചുറ്റും വട്ടമിട്ടു പറക്കുകയാണ്. അവൾക്കെന്തെങ്കിലും സംഭവിച്ചാൽ...

അചിന്ത്യമാണതിന്റെ പ്രത്യാഘാതം.

മുതലാളിയുടെ കൂറ്റൻ വീടിന്റെ വാതിലുകളും ജനലുകളും അടഞ്ഞു കിടക്കുകയാണ്. റേഡിയോവിൽനിന്നും ശോകസാന്ദ്രമായ ഒരു ഗാനം ഒഴുകുന്നുണ്ട്.

ആരും പുറത്തില്ല. അകത്തുനിന്നു പൊട്ടിച്ചിരികളും സംഭാഷണങ്ങളും മുഴങ്ങിക്കേൾക്കുന്നുണ്ട്.

നിമിഷങ്ങൾ പറന്നു പോകുന്നു. തന്റെ അമ്മു ....... അവൾ തളർന്നു കിടക്കുകയാണ്. മലിനമായ തഴപ്പായയിൽ.

കോളിംഗ്ബെല്ലിൽ കൈ അമർന്നു വാതിൽ തുറക്കപ്പെട്ടു. കനത്ത കമ്പിളികൊണ്ടു മൂടിപ്പുതച്ചു കഞ്ചാവു വലിച്ചു പുകയൂതിവിട്ടുകൊണ്ടു മുതലാളി പ്രത്യക്ഷപ്പെട്ടു.

''നീയാണോടാ ബെൽ അമർത്തീത്'? അത്ര ധൃതിയായോ? എന്താ, നിന്റെ തള്ള ചാവാൻ കിടക്കുന്നോ?........''

തന്റെ തള്ള മരിച്ച വിവരം മുതലാളി മറന്നുപോയോ? രക്തം തിളച്ചുപൊങ്ങി. പക്ഷെ എന്തു ചെയ്യാം. പണത്തിന്റെ മീതെ പരുന്തിനു പറക്കാനൊക്കുമോ........

''മുതലാളീ....''

ദയനീയസ്വരത്തിൽ വിളിച്ചു.

''അമ്മിണിക്കു സൂക്കേടു കൂടുതലാ....''

''അതിനു ഞാനെന്തുവേണം....?''

''അവൾക്ക്......ലും ഛർദ്ദിയുമാ. ഒരു പത്തുരൂപ....''

''പ്ഫ''! നിനക്കൊക്കെ നാണമുണ്ടോടാ. രൂപാ അമ്പതു വാങ്ങി തിന്നുകഴിഞ്ഞില്ലേ— അതു തന്നിട്ടാവാം ഇനി........''

മുതലാളി കാർക്കിച്ചു തുപ്പി. തുപ്പലിന്റെ അംശം തെറിച്ചു തന്റെ മുഖത്തു വീണു.

''അഹോ....വാതിലടയ്ക്കൂ. ശീതക്കാറ്റ് അടിച്ചുകയറുന്നു........''

ഈസിചെയറിൽ മലർന്നു കിടന്നു്, റേഡിയോ ഗാനമാസ്വദിക്കുന്ന മുതലാളിയുടെ മുടി വെട്ടിക്കാത്ത മകൻ.

''അടിയൻ....പണിയെടുത്തു വീട്ടിക്കോളാം മൊതലാളീ. ഇനി ഒരിക്കലും ഒന്നും ചോദിക്കില്ല മുതലാളീ ... അടിയന്റെ അമ്മു.........''

കരച്ചിൽ പൊട്ടിപ്പോയി. പക്ഷെ, വാതിൽപ്പാളികൾ നിർദ്ദയം അടഞ്ഞു.

''മൊതലാളീ........''

ആ പ്രാർത്ഥന റേഡിയോഗാനത്തിന്റെ പ്രവാഹത്തിൽ മുങ്ങിപ്പോയി. അടഞ്ഞ വാതിലിനു് നേരെ തുറിച്ചുനോക്കിക്കൊണ്ടു് ഒരു നിമിഷം നിന്നു. അമ്മുവിന്റെ തളർന്ന മുഖം കൺമുമ്പിൽ തെളിയുകയാണു് കാതുകളിൽ പ്രതിധ്വനിക്കുന്നു.

''അഹോ....വെശ്ക്കണു്....ങ്ങ്, ങ്ങ്. കഞ്ഞി താ........''

ഇരുട്ടിന്റെ കറുത്ത പുതപ്പ് അന്തരീക്ഷത്തെ ആവരണം ചെയ്തുകഴിഞ്ഞു. തിരിച്ചു നടക്കാൻ കാലുകൾ ചലിക്കുന്നില്ല. ഇരുട്ടിന്റെ ക്രൂരദൃഷ്ടികൾ തുറിച്ചു നോക്കുന്നു.

എന്തിനു വീട്ടിൽ പോകണം!

വിശന്നു പൊരിയുന്ന തന്റെ മക്കൾക്കു കഞ്ഞിവെച്ചുകൊടുക്കാൻ നാഴി അരിയില്ലാതെ എന്തിനു തിരിച്ചു ചെല്ലണം?

ആത്മാവു് പുകയുകയാണു്.

തഴപ്പായയിൽ, താമരത്തണ്ടുപോലെ വാടിക്കിടക്കുന്ന അമ്മു; വിശന്നു പൊരിയുന്ന അഞ്ചു മക്കൾ..

മുമ്പിൽ ഭഗവതീക്ഷേത്രമാണു്. അറിയാതെ കാലുകളുടെ ചലനം നിലച്ചുപോയി.

ഭഗവതിയുടെ ഭണ്ഡാരത്തിൽ കാശുണ്ടു്. ഭഗവതിക്കു പണംകൊണ്ടെന്തു കാര്യം! എല്ലാ ഒന്നാം തിയ്യതിയും കുളിച്ചു തൊഴുതു്, പായസം കഴിപ്പിക്കുന്ന അമ്മുവിന്റെ ജീവൻ രക്ഷിക്കാൻ ഭഗവതി സഹായിക്കില്ലെ....... ?

പക്ഷെ ഭണ്ഡാരം എങ്ങനെ തുറക്കും?

പെട്ടെന്നു്........

ഭൂമി കുലുങ്ങുമാറു് ഒരു ഇടി വെട്ടി. ഇടിമിന്നലിന്റെ പ്രകാശത്തിൽ ഒരു കൂറ്റൻ കരിങ്കല്ല് ദൃഷ്ടിയിൽപ്പെട്ടു.

മഴതള്ളിത്തൊഴിച്ചു പെയ്യുകയാണു്. പടിഞ്ഞാറുനിന്നു് ഒരു കാറ്റിന്റെ ഇരമ്പൽ കേൾപ്പാനുണ്ടു്. മേഘങ്ങൾ അട്ടഹസിക്കുമ്പോൾ ഉള്ള കിടുങ്ങിപ്പോകുന്നു. എല്ലാവരും അവരവരുടെ മാളങ്ങളിൽ അഭയം തേടിയിരിക്കുകയാണു്. പണക്കാരൻ ടെറസ്സിലെ മെത്തയിലും, പാവപ്പെട്ടവൻ കുടിലിലെ തഴപ്പായയിലും.

ഭണ്ഡാരപ്പെട്ടി തകർന്നു, നോട്ടും ചില്ലറയും വാരിയെടുക്കുമ്പോൾ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു.

''ഭഗവതിയമ്മേ....മാപ്പു തരൂ........''

ആയുർവ്വേദ മരുന്നുഷാപ്പിനെ ലക്ഷ്യമാക്കി ധൃതിയിൽ നടന്നു. വൈദ്യർ കടയടയ്ക്കാൻ തുടങ്ങുകയാണു്.

വൈദ്യർ നിർദ്ദേശിച്ച അരിഷ്ടവും ഗുളികയും വാങ്ങി. കുറച്ചരിയും രണ്ടു പടല പഴവും കുറേ ബിസ്ക്കറ്റും. വിശപ്പു മാറി പുഞ്ചിരിക്കുന്ന കൊച്ചു മുഖങ്ങൾ ഭാവനയിൽ തെളിഞ്ഞു.

പിന്നീടു നടക്കുകയായിരുന്നില്ല. പറക്കുകയായിരുന്നു.

തന്റെ കുടിൽ മഴയേറ്റു വിറച്ചു നിൽക്കുകയാണു്. മഴയുടെ ശബ്ദത്തെ അതിലംഘിച്ചുകൊണ്ടു പട്ടികൾ ഓളിയിടുന്നുണ്ടു്. ചീവീടുകൾ മൂളുന്നുണ്ടു്. തവളകൾ കേഴുന്നുണ്ടു്.

ഇരുട്ടിൽ രക്തക്കച്ച ചുറ്റിയലറുന്ന ഭഗവതി പ്രത്യക്ഷപ്പെടുന്നോ............

''മോളേ....വിളക്കില്ലേ?''

മറുപടിയില്ല. അവൾ തളർന്നുറങ്ങിക്കാണും. ചെറ്റത്തെരുപ്പിൽനിന്നും തീപ്പെട്ടിയെടുത്തു വിളക്കു കത്തിച്ചു. വിളക്കിനെ ഊതിക്കെടുത്താൻ കാറ്റു ശ്രമിക്കുകയാണു്. കൈപ്പത്തികൊണ്ടു കാറ്റിനെ തടുക്കാൻ ശ്രമിച്ചു.

കുഞ്ഞുങ്ങൾ കെട്ടിപ്പിടിച്ചു കിടന്നുറങ്ങുകയാണു്.

''അമ്മൂ ........''

അവളെ തൊട്ടു വിളിച്ചു.

എന്തു് .......

ദേഹം വെറുങ്ങലിച്ചിരിക്കുന്നു. ചലനമില്ല. ഹൃദയസ്പന്ദനമില്ല. ശ്വാസമില്ല.

''അമ്മൂ ........''

കുട്ടികൾ ഞെട്ടിയുണർന്നു

''അമ്മൂ ....''ഹൃദയത്തിന്റെ ആഴത്തിൽനിന്നുയർന്ന ആ സ്വരം തണുത്തുറഞ്ഞ ശൂന്യതയിൽ ലയിച്ചു ചേർന്നു.

# യാത്രയുടെ അവസാനം

തെങ്ങിൻകടകളവശേഷിക്കുന്ന, കടലെടുത്ത കടലോരത്തിന്റെ കിഴക്ക്, ചണ്ടി നിറഞ്ഞ തോടുകളും മടലഴുകുന്ന കുഴികളും അതിരിടുന്ന, മുത്തങ്ങയും കീഴാർനെല്ലിയും വളരുന്ന മണ്ണിൽ നിന്നും ഞാൻ യാത്രയാരംഭിച്ചു. മഴക്കാലത്തിട്ട ഉണങ്ങിയ തെങ്ങിൻ പാലത്തിലൂടെ, മുസ്ലീം ജന്മിയുടെ തെങ്ങിൻ തോട്ടങ്ങളിലൂടെ മടൽ തല്ലുന്ന പെണ്ണുങ്ങളുടെയും ചാടിൽ കയർ പിരിക്കുന്ന മെലിഞ്ഞ നാരായണന്റെയും വീടിന്റെയരികിലൂടെ ഞാൻ യാത്ര തുടർന്നു. അടിക്കുമ്പോൾ മേഘംപോലെ പൊടിപടലമുയരുന്ന മുറ്റമുള്ള വീടിന്റെ തെക്കേ മുറിയിൽനിന്നു ഞാൻ യാത്രയാരംഭിച്ചു—

വർഷങ്ങളായി ഞാൻ ശ്വസിച്ച വായു കെട്ടി നിന്ന മുറി.

എന്റെ ഗന്ധം നിറഞ്ഞു നില്ക്കുന്ന മുറി. ഞാൻ ഉറങ്ങിയ, സ്വപ്നം കണ്ട, ഉണർന്ന മുറി. എന്റെ നാളും ഈ മുറിയിൽ ഞാൻ സ്വയം ഭോഗിച്ചു തൃപ്തിയടഞ്ഞിരുന്നു.

വീടിനേക്കാൾ പഴക്കമുള്ള, കൊത്തുപണികളുള്ള മേശപ്പുറത്തു ഞാൻ പ്രേമലേഖനങ്ങളെഴുതിയിരുന്നു ഞാനിരുന്നു തേഞ്ഞ എന്റെ കസേര.

ബ്രാണ്ടിക്കമ്പനികളുടെ, വസ്ത്രമില്ലാത്ത പെണ്ണിന്റെ പടമുള്ള കലണ്ടറിട്ട മുറിയിൽനിന്നു പെട്ടിയും തൂക്കി ഞാനിറങ്ങി.

എന്റെ പെട്ടിയിൽ എന്റെ വസ്ത്രങ്ങൾ ഞാനടുക്കിവച്ചു. വസ്ത്രത്തിന്നടിയിൽ എന്റെ ഫോട്ടോയും 200 രൂപയും ഞാൻ ഒളിച്ചുവെച്ചു. യാത്രയായപ്പോൾ, പരിചിതമായ മുറി വിട്ടുപോരുമ്പോൾ കൊല്ലങ്ങളായി കണ്ടുപോരുന്ന ആകാശത്തെ ഉപേക്ഷിച്ചു പോരുമ്പോൾ ഞാൻ കരഞ്ഞില്ല.

ജയപ്രകാശൻ കെ പി

അടുത്ത മുറിയിൽനിന്ന് അച്ഛനും അമ്മയും ഇറങ്ങിവന്നു. അവരുടെ പിന്നിലായി സഹോദരിയും. 'നീ പോകേണ്ടല്ലേ'

അവരുടെ ചോദ്യത്തിനു ഞാൻ മറുപടി പറഞ്ഞില്ല.

'എല്ലാം നിന്റെ ഇഷ്ടം. ഞങ്ങൾ എന്തിനു പറഞ്ഞാൽ നീ കേൾക്കില്ലല്ലോ.'

അമ്മയുടെയും സഹോദരിയുടെയും പ്രതിനിധിയെപ്പോലെ അച്ഛൻ പറഞ്ഞു.

അമ്മയുടെ കണ്ണിൽ വെള്ളം പൊടിയുന്നതു കണ്ടു. കണ്ണീർത്തുള്ളികൾ കവിളിലൂടെ ഒലിച്ചു മുഖത്തു പടർന്നില്ലാതായി.

വേലക്കാരി വരഞ്ഞ മുറ്റത്തു പൂക്കുലകൾ അടർന്നു വീണു കിടന്നു. പിന്നീട്, ആറ്റുവള്ളികൾ പടർന്ന വേലിയും ഉണങ്ങിയ പാരിജാത മരവും താണ്ടി ഞാൻ നടന്നു പോന്നു. പിന്നിൽ എനിക്കുവേണ്ടി കണ്ണീരൊഴുക്കുന്നവരെ തിരിഞ്ഞു നോക്കാതെ.

വേലന്റെ വീട്. മുള്ളുതാറ്റു ചുറ്റും ഒടിച്ചു കുത്തി കാടുപിടിച്ചു വളരുന്നു. വേലത്തി വിളിച്ചു ചോദിച്ചു. ''എവിടേയ്ക്കാണ്''? വയസ്സായ വേലത്തിയുടെ ചോദ്യം കേട്ടതായി നടിച്ചില്ല. ധൃതിയിൽ നടന്നു.

പഞ്ചായത്തു വിളക്കുകാലിന്റെയടുത്ത്, കറുത്ത കൃഷ്ണൻ മൂപ്പൻ വെളുത്ത പല്ലുകൾ കാട്ടി ചിരിച്ചു. 'എവിടെയ്ക്കാണ് പെട്ടിയായിട്ട്?''

വലിയ ചെങ്കൽക്കഷ്ണങ്ങൾ കാലിൽ തട്ടിത്തകർന്നു. ചെമ്മാറ്റായ കൈത വരിവരിയായി നില്ക്കുന്ന റോഡിൽ പരിചിതമുഖങ്ങളുടെ കുശലാന്വേഷണങ്ങൾ.

മെയിൻ റോഡിലേയ്ക്കു കേറുന്നിടത്ത്, വിള്ളലുകൾ പൊട്ടിപിടരുന്ന ചുമരുള്ള ചായക്കടക്കാരന്റെ

പരിഹാസത്തോടെ അന്വേഷിക്കുന്നു. 'എങ്ങോട്ടാണാവോ?''

മുഖം തിരിച്ച് നെൽപ്പാടങ്ങളിലെ പശുക്കളെ നോക്കി നടന്നു. റോഡിനു കിഴക്ക ചെറിയ കുന്നുകളും മുസ്ലീം പള്ളിയും പഞ്ചായത്തു ശവക്കോട്ടയും. കശുമാവിൻതോപ്പുകൾ നിറഞ്ഞ വരണ്ട പ്രദേശത്തു മീൻ കച്ചവടക്കാരായ മുസ്ലീംങ്ങൾ. കക്ക നീറുന്ന അസുഖകരമായ മണം. റോഡു നിറഞ്ഞ വെളുത്ത പുകയിലൂടെ നടന്നപ്പോൾ നശിച്ചുപോയ ശബ്ദങ്ങൾ ഉയിർത്തെഴുന്നേൽക്കുകയും രൂപത്തെ തേടി നടക്കുകയും ചെയ്തു. ശബ്ദത്തിന്റെ ആത്മാവ് ശരീരം തേടി നടക്കുന്നു. 'എങ്ങോട്ടാണാവോ.?' ചൂളയിലെ പുകയ്ക്ക് ഇരുണ്ട നിറം. പറയ നെയ്യുന്ന വേലത്തി വിളിച്ചുചോദിക്കുന്നു 'എവിടേയ്ക്കാണ്?' കറുത്ത പെട്ടിയിൽ മുറുകെപ്പിടിച്ച് സ്വയം ചോദിച്ചു.

എവിടേയ്ക്കാണ് ഈ യാത്ര?

എനിക്കറിയില്ല, എന്റെ യാത്ര എങ്ങോട്ടെന്ന്. എനിക്ക് ഒന്നു മാത്രമറിയാം; ഈ യാത്ര ഒരാവശ്യമാണ്. ഇത് കാലത്തിന്റെ അനിവാര്യതയാണ്.

തെങ്ങിനു നനയ്ക്കുന്ന, മുട്ടവരെ മറച്ച പെണ്ണുങ്ങൾ. നനനോക്കി നില്ക്കുന്ന പറമ്പുടമസ്ഥനും കൊച്ചുമക്കളും.

പഞ്ചായത്തു മെമ്പറിന്റെ വീട്.

പേരറിയാത്ത മനുഷ്യരുടെ കൂരകൾ. ഉണങ്ങിയ തോടിനു മുകളിൽ ഇരുമ്പു പാലം.

പരിചയമില്ലാത്ത ജീവിതങ്ങൾക്കിടയിലൂടെ നടന്നു. ഏഴുപത്തു പൈസയുടെ ദൂരത്തിൽ അപരിചിതരോടൊത്ത് ബസ്സിൽ കയറിയിറങ്ങി. തൽപ്രദേശത്തൂടെ നടന്ന്, അവസാനം തീവണ്ടിയാഫീസിൽ.

തീവണ്ടി കാത്തുനില്ക്കുന്ന നിരവധി മനുഷ്യർ നീണ്ടുപോകുന്ന റെയിൽപ്പാളങ്ങളിലൂടെ അടുത്ത നിമിഷങ്ങളിൽ ഉരുണ്ടുവരുന്ന തീവണ്ടി കാത്ത് ആളുകൾ നിന്നു.

കറുത്ത നിറമുള്ള ശരീരത്തിൽ മഞ്ഞസാരിയും ജമന്തി പൂക്കളുമണിഞ്ഞ പെണ്ണ് കറുത്ത കുഞ്ഞുമായി അലഞ്ഞു തിരിയുന്നു.

അപരിചിതരായ മനുഷ്യർ തീവണ്ടി സ്വപ്നം കണ്ടുനിന്നു. ഉരുളുന്ന ചക്രങ്ങളിൽ തീവണ്ടി വന്നപ്പോൾ ചാറൽമഴയുണ്ടായി, ചാറൽമഴയിൽ, കുഞ്ഞുങ്ങളുടെ തലയിൽ കൈവച്ച് അമ്മമാർ ഓടിനടന്നു.

ഞാൻ എന്റെ കമ്പാർട്ടുമെന്റ് അന്വേഷിച്ചു നടന്നു. ആളുകൾ കമ്പാർട്ടുമെന്റുകളന്വേഷിച്ചു നടക്കുന്നു.

ബീഡിയുടെ നാറ്റമുള്ള മനുഷ്യന്റെയടുത്ത് ഞാൻ എന്റെ സീറ്റ് കണ്ടുപിടിച്ചു. ജമാഅത്തുതാടിയും ഇടംകൂടിയ പരുത്തിഷർട്ടുമിട്ടയാൾ എന്റെയെതിരെയിരിക്കുന്നു.

വീണ്ടും ചക്രങ്ങളുരുളുന്നു. ഇതെവിടേക്കാണ്? അകലെ ഇഷ്ടിക നിരത്തിവെച്ച സ്ഥലത്തു പെണ്ണുങ്ങൾ കൽപ്പൊടി ചുമക്കുന്നു. കന്നുകാലികൾ മേയുന്ന വയലുകളിൽ മണ്ണ് ഉണങ്ങി വരണ്ടിരിക്കുന്നു.

വില കൂടിയ വസ്ത്രം ധരിച്ച മനുഷ്യന്റെ നീല നിറമുള്ള കണ്ണുകൾ എന്റെ മുഖത്തായിരുന്നോ?

കണ്ണുകൾ കാണാത്ത ദൃശ്യങ്ങളെ തേടി നടന്നു.

തീവണ്ടി ആടിയുലഞ്ഞു. ഇത് എന്തിന്റെ സൂചനയാണ്?

നീലക്കണ്ണുകൾ മുഖത്തു പതിക്കുമ്പോൾ ചൂട് തോന്നുന്നു. ഈ മനുഷ്യന്റെ കണ്ണുകളിൽനിന്നും തീ പുറപ്പെടുന്നുണ്ടോ? പുറത്ത്, പുഴയിൽ ബോഡിയും തോർത്തുമുണ്ടുമുടുത്ത് പെണ്ണുങ്ങൾ കുളിക്കുന്നു.

ജമാഅത്തുകാരൻ പ്രബോധനം തലയ്ക്കുവെച്ച് ഉറക്കമാരംഭിച്ചുകഴിഞ്ഞു. നീലക്കണ്ണുകാരനു ഉറക്കമില്ലേ? പാന്റുകളണിഞ്ഞ യുവാക്കൾ തമാശ പറഞ്ഞു ഉറക്കെയുറക്കെ ചിരിക്കുന്നു.

പുറത്ത്, കറുപ്പും ചുവപ്പും നിറത്തിൽ കുരിശിന്റെ അടയാളം തുന്നിപ്പിടിപ്പിച്ച വസ്ത്രങ്ങളണിഞ്ഞ ക്രിസ്ത്യാനികൾ വരിവരിയായി നടന്നു പോകുന്നു. ശവപ്പെട്ടിയിൽ ആരുടെ ശവമാണ് അവർ ഒളിച്ചുവെച്ചിരിക്കുന്നത്.

പുറത്തെ വയലുകളിൽനിന്നും പുക പൊങ്ങുന്ന ടൈൽ ഫാക്ടറികളിൽനിന്നും ഇടയ്ക്കിടെ കണ്ണുകൾ തിരിച്ചുവന്ന് കറുത്ത പെട്ടിയന്വേഷിച്ചു. പെട്ടി ഭദ്രമായിരിക്കുന്നുവെന്ന് ഉറപ്പുവരുത്തി.

എനിക്കെതിരെ, ജമാഅത്തുകാരന്റെ ഇടത്തുവശം മൂന്നാളുകൾ. അവരിൽ നടുക്കിരിക്കുന്നയാളുടെ ചുണ്ടിൽ സിഗററ്റിരുന്നു പുകയുന്നു.

ആ മനുഷ്യൻ എന്നിൽ ഭീതിയുളവാക്കി. അയാളുടെ മുഖത്ത് നിശ്ചലത കളിയാടുന്നു. എന്റെ ഭീതി നിറഞ്ഞ നോട്ടങ്ങൾ മറ്റു രണ്ടു പേർ കണ്ടു. 'പേടിക്കേണ്ട' മരിച്ചു കൊണ്ടുവരേണ്ട്. ബോമ്പേന്നാ. ആമ്പുലൻസെടുക്കണമെങ്കിൽ പണമെത്ര വേണം.' മീശക്കാരന്റെ വിശദീകരണം.

ട്രെയിനിക്കേറി, സിഗററ്റു കത്തിച്ച് ചുണ്ടിലുവെച്ചു. ഇതുവരെ ആരുമറിഞ്ഞില്ല. എറങ്ങാനുള്ള സ്റ്റേഷൻ അടുക്കാറായി. ദൈവഭാഗ്യം.'

വാച്ചും മോതിരവുമണിഞ്ഞ ശവത്തെ നോക്കിയിരിക്കുമ്പോൾ, മനസ്സിലെവിടെയോ ഭീതിയുടെ പ്രകമ്പനങ്ങൾ.

സഹയാത്രികർ ഭീതിയോടെ നോക്കുന്നു.

വരുന്ന നിമിഷങ്ങളിലെവിടെയോവെച്ച് ശവങ്ങളാകേണ്ടവർ. ഞാൻ കറുത്ത പെട്ടി മുറുകെ പിടിച്ചിരുന്നു

ഇവിടെ ആളുകളിറങ്ങുന്നു. ഈ സ്റ്റേഷൻ എവിടെയാണ്?

ജമാഅത്ത്കാരനും ബീഡിതെറുപ്പുകാരനും ഇറങ്ങി.

ശവമിറക്കുവാൻ രണ്ടുപേരുടെ പരിശ്രമം

എനിക്കു വേഗമിറങ്ങണം.

ഇപ്പോൾ ഞാനാകെ തകരുന്നു. മുൻപ് എന്റെ മുഖത്ത് കണ്ണുനട്ടിരുന്ന നീലക്കണ്ണുകാരൻ എന്റെ കറുത്ത പെട്ടി ബലമായെടുത്ത് ഇറങ്ങിപ്പോയി.

എന്റെ 200രൂപ, എന്റെ വസ്ത്രങ്ങൾ, എന്റെ ഫോട്ടോ.

എനിക്ക് എന്റെ പെട്ടി തിരിച്ചു വാങ്ങണം. ഞാനയാളുടെ പിറകെ നടന്നു.

അകന്നകന്നുപോകുന്ന നീണ്ടുമെലിഞ്ഞ മനുഷ്യനും എന്റെ പെട്ടിയും.

ആ പെട്ടി എന്റേതാണ്. എന്റെ ജീവിതസമ്പാദ്യമാണ്. എന്റെ ജീവിതംതന്നെയാണ്. അയാൾ തീവണ്ടിയിൽ വെച്ചേ എന്റെ പെട്ടിയിൽ കണ്ണുനട്ടിരിക്കുകയായിരുന്നു. അയാൾ റോഡിലൂടെ റോഡു മുറിച്ചു വയലിന്നിടയിലൂടെ നടക്കുന്നു.

ഞാൻ പിന്നാലെ ഓടി. കിതപ്പു ഞാൻ വകവെച്ചില്ല. നീണ്ടു മെലിഞ്ഞ മനുഷ്യന്റെ കാലുകൾക്ക് നീളക്കൂടുതലുണ്ട്. ഞരമ്പുകൾ പടർന്ന കാലുകൾ വലിച്ചുവെച്ച് ഒട്ടകത്തെപ്പോലെ അയാൾ നടക്കുന്നു. ഈ ഗ്രാമവും ഈ ഗ്രാമത്തിലെ ജനങ്ങളും എനിക്കപരിചിതരാണ്.

അയാൾ മാവുകളും പ്ലാവുകളും വളർന്ന സ്ഥലത്തിലൂടെ നടന്നു. ഞാൻ മാവുകളും പ്ലാവുകളും താണ്ടി. ഞാൻ ഓടി. എന്റെ സർവ്വശക്തിയും സംഭരിച്ച് ഓടി. പിന്നിലൊരാളുണ്ടെന്നയാൾ ഭാവിക്കുന്നില്ല. ഒന്നു വിളിച്ചാലോ. പക്ഷേ അയാളുടെ പേരെനിക്കറിയില്ല. എങ്കിലും ഞാൻ വിളിച്ചു ശബ്ദം പതറാതിരിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. 'ഏയ് ഒന്നു നില്ക്കൂ.' അയാൾ തിരിഞ്ഞുനിന്നു. എന്നെ നോക്കി പരിഹാസം കലർന്ന ചിരി ചിരിച്ച് വീണ്ടും നടന്നു. പൂത്ത എരുക്കുകൾ കാടുപിടിച്ച റബ്ബർത്തോട്ടത്തിന്റെ ചെരിവിലൂടെ നടന്ന് പാടത്തിലെത്തി. പാടങ്ങളിൽ പുലയർ പണിയെടുക്കുന്നു. കസേരയിലിരുന്നു പണി നോക്കിയിരിക്കുന്ന തടിയനായ മനുഷ്യൻ എനിക്കു വൈക്കോൽത്തുരുമ്പു കിട്ടുന്നു. ഇനിപ്പോൾ വിളിച്ചു കൂവണം. ഞാൻ ആയിരം തൊണ്ടകളിൽ വിളിച്ചു കൂവി. 'പുലയന്മാരേ, ഓടിവരൂ. കള്ളൻ. കള്ളൻ. തൂമ്പ വയലിലിട്ട് പുലയരും, കസേരയിൽനിന്നെഴുന്നേറ്റ് തടിച്ച മനുഷ്യനും വന്നു. 'എന്താണ് കാര്യം! കള്ളനെവിടെ?' എന്റെ കിതപ്പു മാറിയിരുന്നില്ല. ഭീതിയും ഭയവും നിഴലിച്ച വാക്കുകളിൽ ഞാൻ പറഞ്ഞു. ''ദേ പോകുന്നു പെട്ടിയുമായി.'' വയലുകളുടെ വരമ്പുകളിലൂടെ അയാൾ പെട്ടിയുമായി നടന്നകലുന്നു. പക്ഷേ പുലയർ കള്ളനെ പിടിച്ചു 'ഈ പെട്ടി നിങ്ങളുടേതാണോ?' തടിച്ച മനുഷ്യൻ അയാളോടു ചോദിച്ചു. 'അതെ എന്റേയാണ്.'

'അല്ല. ഇതെന്റേയാണ്. ഇതിൽ എന്റെ വസ്ത്രങ്ങളുണ്ട്. അതിനുള്ളിൽ എന്റെ ഫോട്ടോ പോലുമുണ്ട്'' 'എന്റേയും വസ്ത്രങ്ങളുണ്ട് ഫോട്ടോയുമുണ്ട്'' നീണ്ടു മെലിഞ്ഞ നീലക്കണ്ണുകാരന്റെ ശബ്ദം. തടിച്ച മനുഷ്യൻ പെട്ടി തുറന്നു. എന്റെ പാന്റുകളും ഷർട്ടുകളും വാരിവലിച്ചിട്ടു. എന്റെ ഫോട്ടോ കവറിന്നകത്തുനിന്നും വലിച്ചെടുത്തു. പക്ഷേ നീലക്കണ്ണുകളും തടിച്ച മീശയുമുള്ള മനുഷ്യന്റെ ഫോട്ടോ ആയിരുന്നു അത്. നീലക്കണ്ണുകളിൽ വിജയാഹ്ലാദം. കറുത്ത കുട്ടികൾ കൂകി വിളിക്കുന്നു. പുലയരുടെ പരിഹാസം കലർന്ന ചിരി.

തൊണ്ടയിൽ വെള്ളം വററി. കാലുകളിൽ തരിപ്പ്. കണ്ണുകളിൽ ഇരുട്ടിന്റെ നേർത്ത പടലം. വയലിന്റെ ഞരമ്പുകൾപോലെ വരമ്പുകൾ. ഞാനവയിലൂടെ ഓടി മറഞ്ഞു. ●●

# “എൻെറ ബന്ധു മേജർ മോളിനെ”ക്കൊരാമുഖം

പി മദനമോഹനൻ III b a

ബ്രിൽ (A. A. Brill) 1910-ൽ ഫ്രോയ്ഡിൻെറ "ലൈംഗികസിദ്ധാന്തങ്ങൾക്ക് മൂന്നു സംഭാവനകളും" (Three contributions to the Theory of Sex) 1912-ൽ 'സ്വപ്നവ്യാഖ്യാനവും' (The Interpretation of Dreams.) വിവർത്തനം ചെയ്തതോടെയാണ് ഇംഗ്ലീഷുസാഹിത്യത്തിൽ ഫ്രോയ്ഡിയൻ സിദ്ധാന്തങ്ങളുടെ കേളികൊട്ടു കേട്ടു തുടങ്ങിയതെന്നു തോന്നുന്നു. ഹാംലെററിനെ (Hamlet) ഫ്രോയ്ഡിയൻ കാഴ്ചപ്പാടിലൂടെ നോക്കിക്കാണാനുള്ള പരിശ്രമം ഡോ. ഏണസ്റ്റ് ജോൺസ്' (Dr. Ernest Jones) 'ഈഡിപ്പസ്സ് കോംപ്ലക്സ്: ഹാംലെററിൻെറ ദുർജ്ഞേയതയ്ക്കുള്ളൊരു വിശദീകരണം' (The Oedipus Complex as an Explanation of Hamlet's Mystery) എന്ന ലഘുലേഖനത്തിലൂടെ വ്യാഖ്യാനിച്ചപ്പോൾ അതിൻെറ തിരനോട്ടവും നിർവ്വഹിച്ചതായി കണക്കാക്കാം. ഹോഫ്മേൻ (F. J. Hoffman) 'Freudianism and the Literary mind' എന്ന ഗ്രന്ഥത്തിൽ ഫ്രോയ്ഡിൻേറയും അനുയായികളുടേയും സിദ്ധാന്തങ്ങളുടെ സാഹിത്യത്തിലെ പ്രസരണ വ്യാപ്തി അളന്നിരിക്കുന്നത് ഇതിനൊരു ചൂണ്ടുപലകയാണ്. ഈ സ്വാധീനവലയം ലോറൻസ്, മേൻ, ഷെർവുഡ് ആൻഡേർസൻ, മേസിൻ ക്ലയർ, ജെയിംസ് ജോയ്സ്, ഗ്രഹാം ഗ്രീൻ, ഡയലൻ തോമസ്സ് തുടങ്ങിയവരിലെല്ലാം പ്രകടമായിക്കാണാമെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. മലയാള സാഹിത്യത്തെ സംബന്ധിച്ചിടത്തോളം എല്ലാം ശാഖകളിലും മനോവിജ്ഞാനീയത്തിൻെറ അറിയപ്പെടാത്ത മേഖലകൾ ചെന്നെത്തിയിട്ടുണ്ടെന്ന് സമകാലീനസാഹിത്യംതന്നെ ഉദാഹരണം.

മനഃശാസ്ത്ര വിചിന്തനത്തിലൂടെ സൃഷ്ടിപ്രക്രിയ നടത്തിയ എഴുത്തുകാരുടെ കൃതികളുടെ ആന്തരരഹസ്യങ്ങളിലേയ്ക്ക് മാതൃകയായിട്ടുപോലും ഊളിയിട്ടിറങ്ങാൻ ഞാനിവിടെ ഉദ്ദേശിക്കുന്നില്ല. കാരണം, ഉപരിപ്ലവബുദ്ധ്യാ ഗ്രഹിക്കേണ്ടവയല്ല, മറിച്ച് ഗഹനമായ മനഃശാസ്ത്രസത്യങ്ങൾ വരികൾക്കിടയിലെ വെള്ളപ്പിടവുകളിൽ നിന്ന് തപ്പിയെടുക്കാൻ കെൽപ്പുള്ളവർക്കേ അതു സാധ്യമാകൂ എന്നാണെൻെറ വിശ്വാസം. ഫ്രോയ്ഡിൻെറയും മുൻഗാമികളുടെയും സിദ്ധാന്തങ്ങൾക്ക വളരെ മുമ്പ് കൃത്യമായി പറഞ്ഞാൽ 1832-ൽ നഥേനിയൽ ഹാഥോൺ എഴുതിയ 'എൻെറ ബന്ധുമേജർ മോളിനെ' (My Kinsman Major Molineux) എന്ന കഥ ഫ്രോയ്ഡിയൻ കാഴ്ചപ്പാടിലൂടെ നോക്കിക്കാണാൻ മാത്രമാണെൻെറ ശ്രമം. യൗവ്വനത്തിലേയ്ക്കു കാലൂന്നുന്ന പതിനെട്ടുകാരൻ പയ്യൻ, സ്വന്തം ബന്ധുവായ മേജർ മോളിനെ തേടി പട്ടണത്തിലെത്തുന്നു. അന്നത്തെ കോളനിയായ 'ന്യൂഇംഗ്ലണ്ടി'ലെ മുന്തിയൻ ഉദ്യോഗസ്ഥനാണ് മേജർ. യുവാവിനെ സംബന്ധിച്ചിടത്തോളം ബന്ധുവിനെ കാണേണ്ടത് അത്യന്താപേക്ഷിതമാണ്. വൈദികപുത്രനായ കഥാനായകൻെറ ജ്യേഷ്ഠനാണ് പിതാവിൻെറ പിൻതുടർച്ച്. കഥാരംഭത്തിനു രണ്ടു വർഷം മുൻപ് വൈദികബന്ധുവെ സന്ദർശിച്ച ധനികനും സന്താനരഹിതനുമായ മേജർ വൈദികപുത്രരിൽ ഒരുവനെ ദത്തെടുക്കണമെന്ന് ആഗ്രഹിച്ചതായി നാം അറിയുന്നു. ഈ ദൗത്യത്തിന് തെരഞ്ഞെടുക്കപ്പെട്ട റോബിൻ പിതാവിൻെറ ശമ്പളബാക്കി നൽകപ്പെട്ടു യാത്രയാക്കപ്പെടുന്നു.

പട്ടണപ്രാന്തത്തിലെത്തുന്നതിനു മുൻപുള്ള പുഴയിലെ കടത്തുകാരനോട് വഴികാട്ടിയാകാൻ

ആവശ്യപ്പെടാമായിരുന്നെന്ന് പിന്നീടവന് തോന്നുന്നു. എങ്കിലും ആദ്യം കണ്ടുമുട്ടുന്ന പാന്ഥനോട് ഇതാവർത്തിക്കാമെന്നുറയ്ക്കുന്ന റോബിനെ ഭർത്സനവും തുടരെത്തുടരെയുള്ള വഴി കൊട്ടിയടക്കലുമാണ് സ്വാഗതം ചെയ്യുന്നത്. വഴിപോക്കരുടെ പരിഹാസച്ചിരികൾക്കിടയ്ക്ക് ആദ്യവ്യക്തിയായ വൃദ്ധ മാന്യൻ മേജറെപ്പറ്റിയുള്ള തന്റെ അജ്ഞതയും ശകാരവും യുവാവിന് കാഴ്ചവെയ്ക്കുന്നു.

ജനരഹിതമായ രാജപാതകളിലൂടെ റോബിൻ അലയുന്ന രംഗമാണ് നാം പിന്നീട് കാണുന്നത്. അപ്പോഴും തുറന്നു കിടപ്പുള്ള സത്രത്തിൽ തന്റെ ലക്ഷ്യസ്ഥാനം ആരായാമെന്നവൻ സമാധാനിക്കുന്നു. ആദ്യരംഗത്തിൽ സത്രത്തിലെ സ്വാഗതത്തിൽ ഊഷ്മളത അനുഭവപ്പെടുന്നുണ്ടെങ്കിലും യുവാവിന്റെ ചോദ്യത്തിനു ശേഷം തികച്ചും വ്യത്യസ്തമായ മരവിപ്പ് അന്തരീക്ഷത്തിൽ അലിഞ്ഞു ചേരുന്നു. സത്രം വിചാരിപ്പുകാരൻ പലായനം ചെയ്യപ്പെട്ട ഒരു പരിചാരകന്റെ വിവരണം വായിച്ചുകൊണ്ടു കുറ്റവാളിയുടെ സാദൃശ്യം നവാഗതനിൽ കാണുംവിധം തുറിച്ചു നോക്കാൻ തുടങ്ങുന്നു. രാത്രിയിൽ വീണ്ടുമൊരിക്കൽക്കൂടി നിന്ദാഗർഭപരിഹാസങ്ങൾ ചെവിയിൽ മുഴങ്ങിക്കൊണ്ട് റോബിൻ പടികളിറങ്ങുന്നു.

വിശാലമായ തെരുവീഥികളിലൂടെ, ആൾക്കൂട്ടത്തിലെ അപരിചിതരെ ഉറ്റുനോക്കിക്കൊണ്ട്, ബന്ധുവെ അവർക്കിടയിൽ കാണുമെന്ന വൃഥാ പ്രതീക്ഷയോടെ, അലക്ഷ്യമായിട്ടയാൾ അലയുന്നു. ക്ഷീണിതനും പശിയാലാർത്തനുമായ റോബിനിൽ, ഏതെങ്കിലും വഴിപോക്കനെ തന്റെ ഊന്നുവടിയുപയോഗിച്ച് ഉദ്ദേശസിദ്ധിക്കു നിർബ്ബന്ധിക്കാമെന്ന ആലോചനയോടുകൂടി മിന്നിമറയുന്നു. പെട്ടെന്നവൻ ശൂന്യവും വൃത്തികെട്ടതുമായ ഒരു പാതയിലേയ്ക്കു തിരിയുന്നതാണ് നാം പിന്നീട് കാണുന്നത്. ഇളകിയാടുന്ന നിലാവെളിച്ചത്തിൽ അവൻ ഏകനായിരുന്നു. കാഴ്ചകൾ പിന്നിട്ടു പോകെ മൂന്നാമത്തെ ഭവനത്തിന്റെ പാതി തുറന്നിട്ട കവാടവിടവിലൂടെ ചുവന്ന അടിപാവാട ധരിച്ചൊരു യുവതിയുടെ ദ്രുതചലനം അവന്റെ കാഴ്ചയിൽപ്പെടുന്നു. തന്റെ അന്വേഷണം അവളിൽനിന്നാരായാൻ റോബിൻ ഒരുമ്പെടുന്നു. അവന്റെ ആകർഷകരൂപവും പരുപരുത്തശബ്ദവും ഇഷ്ടപ്പെട്ടതുകൊണ്ട് അവനോടു സംസാരിക്കാൻ അവൾ പുറത്തു വരുന്നു. ആതിഥേയത്വം പ്രകടിപ്പിക്കാൻ വന്ന അവൾ മദാലസയായിരുന്നു. അവൾ മേജറുടെ പരിചാരികയാണെന്നു നടിച്ച് അവനെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. അദ്ദേഹം നിദ്രാധീനനാണെന്നും ഭവനാന്തർഭാഗത്തേക്കു യുവാവായ അതിഥിയെ സ്വാഗതം ചെയ്യുന്നുവെന്നും അവൾ അപേക്ഷാഭാവത്തിൽ ധ്വനിപ്പിക്കുന്നു. അവളുടെ പെരുമാറ്റത്തിൽ സംശയാലുവെങ്കിലും യുവാവ് അവളെ അനുഗമിക്കാൻ ഒരുമ്പെടുന്നുണ്ട്. അടുത്തെവിടെയോ കതകടയ്ക്കുന്ന ഏകാന്തശബ്ദം അവളെ ഞെട്ടിപ്പിക്കുന്നു. ഏകയായവൾ അകത്തേക്കു ധൃതിപ്പെട്ടോടുന്നു.

അടുത്ത രംഗം നിദ്രാലസ്യംബാധിച്ച് വേച്ചുവേച്ചു നടന്നടുക്കുന്ന ഒരു കാവല്ക്കാരന്റേതാണ്. അയാളുടെ ദൃശ്യം അന്വേഷണത്തിൽനിന്ന് അവനെ വിമുഖനാക്കുന്നു, തെല്ലിട അടുത്ത മൂലയിലേയ്ക്ക് മറഞ്ഞയാൾ അദൃശ്യനാകുന്നതിനു മുൻപ് തന്റെ ചോദ്യം റോബിൻ ആവർത്തിക്കുന്നുണ്ടെങ്കിലും ബധിരത്വമാണവന് കിട്ടുന്ന മറുപടി. അവജ്ഞാനിർഭരമായ പൊട്ടിച്ചിരികൾ വീണ്ടും അവിടെ മുഴങ്ങുന്നതായിട്ടവനു തോന്നുന്നു. വശ്യശക്തിയുള്ള മന്ദഹാസത്തിന്റെ അകമ്പടിയോടെ ഒരു പെണ്ണിന്റെ സുന്ദരമായ ഹസ്തം അവനെ മാടിവിളിക്കുന്നുണ്ടായിരുന്നു, മട്ടുപ്പാവിലെ ജാലകവാതിൽക്കൽ. വൈദികന്റെ ക്രൈസ്തവവിശ്വാസിയായ മകനായതുകൊണ്ട് അവൻ ആ മാസ്മരവലയത്തിൽനിന്നൊളിച്ചോടുന്നു

പട്ടണത്തിലെ കറുത്ത ഞരമ്പുകളിലൂടെ, തന്റെ മേൽ മാന്ത്രികസ്പർശമേറ്റിട്ടുണ്ടെന്ന ബോധത്തോടെ, അവൻ അലഞ്ഞു തിരിയുന്നു.

പള്ളിഗോപുരത്തിന്റെ തണൽ വിരിച്ച അങ്കണത്തിൽ ഒരേകാന്തപഥികനെ കാണുന്നതോടെ തന്റെ ലക്ഷ്യസ്ഥാനമാർഗ്ഗോപാധി അയാളോ കനേ നിർബന്ധിക്കുന്നുണ്ട് റോബിൻ. യാത്രക്കാരൻ മുഖാവരണം അഴിക്കുന്നു. മുഖത്തിന്റെ ചെഞ്ചായം പുരട്ടിയ അർദ്ധഭാഗവും കരിവാരിപ്പൂശിയ മറുഭാഗവും റോബിന് പ്രത്യക്ഷമാകുന്നു. അയാളെ സത്രത്തിൽവെച്ച് കണ്ടിരുന്നു. അത്യുത്സുകനായ യുവാവിനു മേജറുടെ ആഗമനം താമസിയാതെ ആ വഴിയിലൂടെ ഉണ്ടായിരിക്കുമെന്ന പ്രവചനം അയാളിൽനിന്നു ലഭിക്കുന്നു. പള്ളിവരാന്തയിൽ വിശ്രമിക്കെ ഉറക്കം തലോടുന്ന റോബിന്റെ മനസ്സിൽ ചക്രവാളത്തിലൂടെ സ്വപ്നദർശനങ്ങളുടെ ദീപമാല നീങ്ങുന്നു. മയക്ക

ത്തിൻെറ മേഖലയിലൂടെ ഒഴുകിയെത്തവേ പള്ളിത്തിരുമുററത്തുടെ നടന്നടുക്കുന്ന അപരിചിതൻെറ പാദപതനശബ്ദം അവനെ ഞെട്ടിയുണർത്തുന്നു. അർദ്ധനിദ്രാവസ്ഥയിൽ, തൻെറ കാത്തിരിപ്പിൻെറ പരിധിയെത്രയാണെന്ന് റോബിൻ ചോദിക്കുന്നു. സഹകാരികളില്ലാത്ത, ഭവനഭ്രഷ്ടനായ ഗ്രാമീണയുവാവിൽ അനുകമ്പ തോന്നി അപരിചിതൻ അവനോടടുക്കുന്നു, ജീവിതകഥ കേട്ട് അയാളും കൂട്ടിനിരിക്കുന്നു.

അല്പസമയത്തിനുശേഷം അനന്തമായ ജനപ്രവാഹം കാഴ്ചയിൽപ്പെടുന്നു. റോബിന്, ഹർഷാരവങ്ങൾ മുഴക്കുന്ന കാഴ്ചക്കാരെയും ഘോഷയാത്രാനുയായികളെയും വേർതിരിച്ചറിയാൻ കഴിയുന്നു. മുഖത്ത് ചായം തേച്ച, ഖഡ്ഗധാരിയായ ഒരശ്വാരൂഢനാണതു നയിക്കുന്നത്. യാമങ്ങൾക്കു മുമ്പ് അവൻ കണ്ടുമുട്ടിയ അതേവ്യക്തി. വിവിധ വേഷധാരികളായ, ദീപവാഹകരായ അകമ്പടിക്കാർ അയാളെ അനുഗമിക്കുന്നു.

തന്നോട് ബന്ധപ്പെട്ടതാണ് ഈ ജനക്കൂട്ടമെന്ന് അവനു വെളിപാടുണ്ടാകുന്നു. പ്രകാശകിരണങ്ങൾ റോബിൻെറ മുഖത്ത് കത്തിപ്പടരുമ്പോൾ, നേതാവിൻെറ അട്ടഹാസാജ്ഞയോടെ ശബ്ദഘോഷങ്ങൾ പൊടുന്നനെ നിലയ്ക്കുന്നു. ''റോബിൻെറ കൺവെട്ടത്ത് അനാച്ഛാദിതമായൊരു വണ്ടി. ദീപങ്ങളുടെ നൂറായിരം ജ്വാലാപ്രവാഹത്തിൽ, പകലിൻ വെട്ടംപോലെ ശീതാംശുകിരണങ്ങൾ പതിക്കുന്നിടത്ത്, അത്യുന്നത മഹിമാവിൽ, അവൻെറ ബന്ധു മേജർ മോളിനെ ഇരുന്നിരുന്നു.''

മേജർ അതികായനും രാജകീയപ്രൗഢിയും ഒത്തിച്ച ദേഹമായിരുന്നു. പ്രേതതുല്യമായ മുഖം, നെററിത്തടം തുടികൊട്ടുന്ന വേദന, പേടിച്ചരണ്ട കണ്ണുകൾ, ചുണ്ടുകൾക്കററത്ത് ഒലിച്ചിറങ്ങുന്ന നുരയും പതയും. ഇതിനെയെല്ലാം മറച്ചുകൊണ്ട് ചെറിയൊരു കമ്പനം — ഇതായിരുന്നു, ബന്ധുവിൻെറ ഇപ്പോഴത്തെ അവസ്ഥ. റോബിനുമായുള്ള കൂടിക്കാഴ്ച അദ്ദേഹത്തെ ആകെ ഉലച്ചിരിക്കണം. മേജർ നൊടിയിടയിൽ റോബിനെ തിരിച്ചറിയുന്നു.

നൈരാശ്യം നിറഞ്ഞ നിശാസംഭവങ്ങൾ, ക്ഷീണം, ജനക്കൂട്ടത്തിൽനിന്നുളവായ സംഭ്രമം, ജനങ്ങളാലാക്ഷേപിതനായ ബന്ധുവിൻെറ ദൃശ്യം— അവനെ മാനസികമത്തനാക്കുന്നു.

ഘോഷയാത്രയിൽ ഒരംഗമായി അവൻെറ സംക്രമമാസ്വദിച്ചുകൊണ്ടതാ ആ കാവല്ക്കാരൻ. ചുവപ്പു പാവാട ധരിച്ചൊരു തരുണി അവൻെറ കൈകഴ തിരിക്കുന്നു. അതിലുമുപരി, ദേവാലയത്തിന്നെതിർവശത്തെ ഭവനാന്തർഭാഗത്തുനിന്ന് മറെറല്ലാ ശബ്ദനിർഘോഷങ്ങളെയും നിഷ്പ്രഭമാക്കിക്കൊണ്ട് ഉച്ചത്തിലുള്ളൊരു പൊട്ടിച്ചിരി അവിടമെങ്ങും മാറെറാലിക്കൊള്ളുന്നു. പാതവക്കിൽ കണ്ടുമുട്ടിയ പടുവൃദ്ധനാണതിൻെറ കേന്ദ്രം. അവനെ കതിരകളിപ്പിച്ചവരുടെയെല്ലാം ശബ്ദപ്രതിദ്ധ്വനികളവിടെ മുഴങ്ങുന്നു. പെട്ടെന്ന് ജനത്തിൻെറ അത്യുച്ചശബ്ദത്തിലുള്ള ചിരികൾക്കിടയ്ക്കതാ ഉയർന്നുയർന്നു പൊങ്ങുന്ന അട്ടഹാസോപമിതമായ പൊട്ടിച്ചിരി.—അതു് റോബിൻെറയായിരുന്നു.

നൈമിഷികമായതു നിലച്ചപ്പോൾ ആൾക്കൂട്ടത്തിൻെറ ചലനം വീണ്ടുമാരംഭിക്കുന്നു. അവൻെറ സഹചാരിയോടവൻ കടത്തുകടവിലേയ്ക്കു മാർഗ്ഗമാരായുന്നു. ബന്ധു അവൻെറ മുഖം ഒരിക്കൽക്കൂടി കാണാൻ ആഗ്രഹിക്കുന്നില്ല എന്നതു വ്യക്തമായിരുന്നു. സൗഹാർദ്ദരീതിയിൽ ആക്ഷേപിതനാകാതയാൾ അപേക്ഷ നിരസിക്കുന്നു. ദിവസങ്ങൾ മറയുമ്പോൾ നിർബ്ബന്ധബുദ്ധി അന്നും നിലനിൽക്കുന്നുവെങ്കിൽ അവൻെറ യാത്രാസഹായിയാകാമെന്നയാൾ വാഗ്ദാനംചെയ്യുന്നു. എങ്കിലും മറെറാരു കുറുക്കുവഴി നിർദ്ദേശിക്കുന്നുണ്ടയാൾ. ''ഇവിടത്തെ ജീവിതം നീയഭിലഷിക്കുന്നുവെങ്കിൽ, പ്രായോഗികമതിയായ നിന്നെപ്പോലുള്ള യുവാവിന്, നിൻെറ ബന്ധു മേജർ മോളിനെയുടെ സഹായം കൂടാതെതന്നെ ഉന്നതശൃംഗത്തിലെത്താമെന്നു തോന്നുന്നു''

പുൽക്കൊടിയിലെ പ്രഭാതകിരണങ്ങളേററു തിളങ്ങുന്ന മഞ്ഞുതുള്ളിപോലെ സൗന്ദര്യാത്മകമായൊരു ഹാഥോൺ കഥ. മഞ്ഞുതുള്ളി വടിച്ചെടുത്താൽ വസ്തുസത്യം നഷ്ടപ്പെട്ടില്ലെങ്കിലും കാവ്യസൗന്ദര്യം നീരാവിയാകുമല്ലോ. വെറുമൊരു വസ്തുസ്ഥിതികഥനംകൊണ്ട് ഇതിൻെറ മാററുരച്ചുനോക്കാമെന്നാർക്കുറപ്പില്ല. പരീക്ഷയിൽ അനുവാചകാനുഭൂതികൾ മരവിച്ചുനില്ക്കുന്നൊരവസ്ഥ മനസ്സിൽ കണ്ടുകൊണ്ടാണിതെഴുതുന്നത്.

ഈ കഥ ആസ്വാദകനിലുളവാക്കുന്ന മാന്ത്രികശക്തി വ്യാഖ്യാനക്ഷമമല്ല. കഥയുടെ പരമകാഷ്ഠയാകട്ടെ വർണ്ണനാതീതജടിലവും. ഇതു നിരൂപണദൃഷ്ടിക്കു വിധേയമാക്കിയവരിൽ ചിലരും

ഴിച്ചാൽ മറ്റാരും ഇതിന്റെ സങ്കീർണ്ണതയിൽ മനമൂന്നിയിട്ടില്ല എന്നാണെനിക്കു തോന്നിയിട്ടുള്ളത്. പലരും കഥയുടെ ഉപരിതലസ്പർശിയായ കാനൽജലത്തിൽ വിഭ്രമിച്ച് കാവ്യസത്യം കൈമോശം വന്നവരാണെന്നാണെന്റെ വിവക്ഷ.

സംസ്കാരത്തിന്റെ അടയിരിക്കാത്ത ഒരു ഗ്രാമീണയുവാവിന്റെ സന്ദർഭോചിതമല്ലാത്ത അലഞ്ഞുതിരിയലും, കോളനിക്കാരുടെ ഒരുക്കങ്ങൾക്കിടസ്ഥലസിപ്പോകുന്ന ലക്ഷ്യസ്ഥാനത്തിലാശങ്കയും, പിന്നീട് ബന്ധുവിനു നേരെ അവർ നടത്തുന്ന ആക്ഷേപതേജോവധങ്ങളുടെ നിശ്ശബ്ദ ദൃക്സാക്ഷിയാകേണ്ടിവന്നതിലുള്ള വീർപ്പുമുട്ടലുമായിട്ടാണ് ഇവർ ഈ കഥയെ ഇഴവിടർത്തിയിട്ടുള്ളത്. പക്ഷെ ഇത്തരം വ്യാഖ്യാനം കഥയുടെ അന്തഃസത്തയെ ചോർത്തി ഉദ്ദേശത്തെത്തന്നെ സംഹാരാത്മകമായിത്തീരുമെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. മാക്കോം കൗലിയും (Malcolm Couley) ലെവിസും (D Leavis) ഒരു പരിധിവരെ ആന്തരാനുഭൂതികൾ നുകരാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ആകപ്പാടെ അതൊരു കണ്ണിമുള്ളലായിപ്പോയി. The Portable Hawthorne' എന്ന ഗ്രന്ഥത്തിനു മുഖവുരയായി കൗലി എഴുതിച്ചേർത്ത കുറിപ്പിൽ ഒരാത്മീയപിതാവിനെ അന്വേഷിച്ചുകൊണ്ടു തന്റെ പുരുഷത്വം കണ്ടെത്താൻ ശ്രമിക്കുന്ന ഒരു യുവാവിനു തന്റെ ലക്ഷ്യവസ്തു ഒരു മൃഗതൃഷ്ണയാണെന്നു മനസ്സിലാകുന്നതാണു പ്രമേയമെന്ന് അരക്കിട്ടുറപ്പിക്കുന്നുണ്ട്. ആത്മീയപിതാവിനെ അന്വേഷിക്കുന്നു എന്ന അടിവര ഒരു മിഥ്യയാണ്; മേജറൊരു കാപട്യക്കാരനാണെന്ന ധാരണ അബദ്ധജടിലവും. കഥാരംഭത്തിൽത്തന്നെ വ്യംഗ്യരൂപത്തിലൊരു സൂചന നാമ്പു നീട്ടുന്നുണ്ട്.

കോളനിയിലേക്കു ബ്രിട്ടീഷ് മേൽക്കോയ്മ അയക്കുന്ന ഏതുതരം ഉദ്യോഗസ്ഥനും അയാളെത്ര ഉദാരമതിയായാലും ദേശീയ വാദികളാൽ വെറുക്കപ്പെട്ടു എന്നതു് ഒരു ചരിത്രസത്യമാണ്. 1951ൽ മിസ്സിസ്സ് ലെവിസ് എഴുതിയ 'Hawthorne as Poet' എന്ന ലഘുലേഖനത്തിൽ ഇംഗ്ലണ്ടിനെ തിരസിക്കുന്ന യാഥാർത്ഥ്യമായിത്തീർന്നൊരു പ്രവചനമായിട്ടാകഥാബീജത്തെ രാസക്രിയയ്ക്കു വിധേയമാക്കുന്ന ഇതും ഒരു വ്യർത്ഥശ്രമമായിത്തീർന്നു എന്നാണെനിക്കനുഭവപ്പെട്ടിട്ടുള്ളത്. മഞ്ഞണിഞ്ഞ വളപ്പൊട്ടുകൾപോലെ കഥയിലെമ്പാടും ചിതറിക്കിടക്കുന്ന റോബിന്റെ വിപ്ലവസ്വഭാവശകലങ്ങൾ മുങ്ങിത്തപ്പാനുള്ളൊരു മജ്ജനകവചമായുപയുക്തമായേക്കാം ഈ കൃതി ഒരുപക്ഷേ.

ആർലിൻ ടർനർ മറ്റൊരു കോണിലൂടെയാണ് 'എന്റെ ബന്ധു, മേജർ മോളിനോ' കാണുന്നത്'' മിഥ്യയും സത്യവും ഇടകലർത്തിക്കൊണ്ടുള്ള ഹാതോണിന്റെ സൃഷ്ടിപ്രക്രിയയുടെ ഉദാത്തമായ മാതൃകയായിട്ടാണീകഥയെ അദ്ദേഹം എടുത്തുകാണിക്കുന്നത്'.

''തന്റെ സാഹിത്യരചനകളിൽ, സങ്കല്പങ്ങളുടെ സമ്പാദകനായിട്ടാണു – ഹാതോൺ സ്വയം ചിത്രീകരിക്കാറുള്ളത്''' [1]

ഓളപ്പരപ്പുകളിൽ ചാഞ്ചാടുന്ന ധൂളികളെമാത്രം അവലംബിച്ച്, തികച്ചും ബോധതലക്കുറിപ്പുകൾ വരയ്ക്കാൻ ശ്രമിച്ച നിരൂപകരെ തള്ളിക്കളയുക. ചിലപ്പോൾ തെറ്റായ അടയാളവാക്യങ്ങളുമായേക്കാവുന്ന ഇത്തരം വൃഥാപ്രയത്നങ്ങൾ വിസ്മരിക്കുക. ദോസ്തോവ്സ്കിയുടെയും കാഫ്കയുടെയും സൃഷ്ടികൾപോലെ ഈ പ്രമേയവും ഇരട്ടമുഖനാണ്. ബോധാബോധതലങ്ങളിൽ വ്യത്യസ്ത പ്രതികരണങ്ങളുണ്ടാക്കുന്നു, ഈ കഥ. റോബിന്റെ പെരുമാറ്റരീതികൾ പിൻതുടരാൻ കഥയിൽ നിഴൽ വിരിച്ച രൂപകങ്ങൾ തിരയേണ്ടിവരും. ക്ലേശകരമായ തിരച്ചിൽ മാത്രമല്ല, ക്ലേശാർജ്ജിതമായ മനോവിജ്ഞാനീയം കൂടി ഇണയായ് വേണം, ഇതു വ്യാഖ്യാനക്ഷമമാക്കാൻ എന്നാണാസ്വാദകാഭിപ്രായം.

സൈമൻലെസ്സറെന്ന (Simon O. Lesser) നിരൂപകൻ ഒരു പരിധിവരെ ചുഴികളിലേയ്ക്കുളിയിട്ടിറങ്ങിയിട്ടുണ്ട് എന്ന മേന്മക്കാര്യമാണ്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഒരു തിരച്ചിലിന്റെ കഥ' എന്ന നാമകരണം പ്രമേയത്തിന്റെ പാർശ്വവീക്ഷണം മാത്രമേ ആകുകയുള്ളു എന്നാണ്. കഥാനായകൻ സ്വയം വിശ്വസിക്കുന്നതുപോലെ വിഖ്യാതബന്ധുവെ കണ്ടെത്തണമെന്ന അത്യാസക്തി ആന്തരാകമ്മിയാണ്. ആ സമീപനത്തിലേക്കു നയിക്കുന്ന ഊടുവഴികൾ

---

1 'Nathaniel Hawthorne–An Introduction and Interpretanion' Pp. 115. Arlin Turner.

കഥയിലെമ്പാടും ചിതറിക്കിടപ്പുണ്ട്. പട്ടണമാർഗ്ഗമദ്ധ്യേ കടത്തുകാരനോടു തൻെറ ലക്ഷ്യസ്ഥാനമാരായേണ്ടിയിരുന്നുവെന്ന ഒരാലോചന റോബിനിൽ തളിർക്കുന്നുണ്ട്. ഇത്തരം ഒററപ്പിശകുകൾക്ക് ഇന്നു ശാസ്ത്രീയമായ നിറം കൊടുക്കുന്നതിലപാകതയില്ല. റോബിൻെറ ചലനം കഥാകാരൻ വർണ്ണിക്കുന്നു. ദിനയാത്ര മുപ്പതു നാഴികയായിട്ടില്ല എന്ന ബോധത്തോടെ മന്ദഗമനം ചെയ്തുകൊണ്ട്, ചെറിയ ന്യൂ ഇംഗ്ലണ്ട് കോളനിയിലേയ്ക്കല്ല, മറിച്ച്, ലണ്ടൻ നഗരത്തിലേയ്ക്കാണു പ്രവേശിക്കുന്നതെന്നു തോന്നിപ്പിക്കുന്ന ആകാംക്ഷയോടെയാണ് റോബിൻെറ പുരോഗമനം. ഇവിടെ സ്വയം യാത്രോദ്ദേശ്യംതന്നെ വിസ്മരിക്കപ്പെടുന്ന വിചിത്രമായൊരവസ്ഥയിലാണു കഥാപാത്രത്തിൻെറ നിലപാട്. കഥയുടെ സമാരംഭത്തിൽതന്നെ പട്ടണത്തിലേയ്ക്കുള്ള യുവാവിൻെറ ആകർഷണം മററു ചില ഉദ്ദേശങ്ങളാലാണെന്നു സൂചനകൾകൊണ്ടു ദ്യോതിപ്പിക്കുന്നുണ്ട്. ഈ ഔത്സുക്യഭംഗം നമ്മെ ഒട്ടുംതന്നെ ആശ്ചര്യപ്പെടുത്തുന്നില്ല. പതിനെട്ടുകാരൻ യുവാവ്, ആദ്യസന്ദർശകനാണെന്ന കടത്തുകാരൻെറ ഊഹം. ഇതെല്ലാം എന്തുകൊണ്ട് കഥാപാത്രം ആകാംക്ഷാഭരിതനായിരുന്നു എന്നതിലേയ്ക്കുള്ള ലക്ഷണവാക്യങ്ങളാണ്. അവൻെറ ആദ്യഘട്ടത്തിലെ അന്വേഷണം തികച്ചും യാദൃച്ഛികമല്ല. സത്രത്തിൽവെച്ചുള്ള രണ്ടാമത്തെ അഭിമുഖത്തിന്നിടയിൽ വളരെ സമയം തള്ളി മാററപ്പെടുന്ന മേജറെ കാണണമെന്ന ഉൽക്കണ്ഠയല്ല, മറിച്ച്, വിഭവങ്ങളുടെ മണമേന്തുന്ന വായു വിശപ്പിനെ ആളിക്കത്തിക്കുന്നതുകൊണ്ടാണ് അവൻ അങ്ങോട്ടേയ്ക്കു കടക്കുന്നതു്. സത്രത്തിലെ തിരിച്ചടിക്കുശേഷം പാതവക്കിലെ ജനപ്രവാഹത്തിൽ മേജറെ തിരയുക എന്ന റോബിൻെറ പ്രവൃത്തിയിൽ യാതൊരു സാംഗത്യവുമില്ല. ഒരു പക്ഷെ പമ്പരവിഡ്ഢിത്തത്തിൻെറ അരികത്തെത്തുന്ന തിരച്ചിൽ രീതിയാണിതെന്നു നമ്മുടെ വിമർശനബുദ്ധിക്കു തോന്നുന്നതിൽ തെററില്ല.

അപ്രായോഗികമായ ഈ മാർഗ്ഗം ഉത്തേജനത്തോടെ അയാൾ പിൻതുടരുന്നുമില്ല. തരുണന്മാരേയും വൃദ്ധന്മാരേയും ഒരേ ഭാവത്തിലവൻ വീക്ഷിക്കുന്നു. വേഗതയാകട്ടെ വർദ്ധിക്കുന്നുമില്ല. സൈൻബോർഡിൻെറ വർണ്ണശബളമായ പശ്ചാത്തലത്തിൽ വില്പനശാലയിലെ വെട്ടിത്തിളങ്ങുന്ന സാമഗ്രികൾ കൺകുളിർക്കെ കാണാൻതന്നെ അവൻ സമയത്തിനെ കൈമുതലാക്കുന്നു. ലക്ഷ്യത്തിലെത്താനുള്ള കാലതാമസം അവനെ നൈരാശ്യത്തിലേയ്ക്കു നയിക്കുന്നില്ല എന്ന സവിശേഷതയും ശ്രദ്ധിക്കുക. മുൻകണ്ട വൃദ്ധമാന്യനെ വീണ്ടും കാണുമ്പോഴെ അവൻ ഊടുപാതകളിലേയ്ക്കിറങ്ങുന്നുള്ളു. ശാരീരികമായ വിശപ്പും ക്ഷീണവുമാണ് ഇനിയങ്ങോട്ടുള്ള വഴിപോക്കരിൽനിന്നു മാർഗ്ഗനിർദ്ദേശം കിട്ടാൻ അവനുത്സാഹം നേടിക്കൊടുക്കുന്നതു്. പക്ഷെ ഈ മനസ്ഥിതിയിലേയ്ക്ക് അവൻ നയിക്കപ്പെടുന്നതിനു മുമ്പ് യഥാർത്ഥത്തിൽ അവൻെറ പാദചലനം വൃത്തികെട്ട, ഇരുവശത്തും കുമ്മായമടർന്നു വീഴുന്ന പഴഞ്ചൻ കെട്ടിടങ്ങളുടെ ഒരുപതെരുവിലേയ്ക്കാണ് തിരിയുന്നതു്. കൺവെട്ടത്താരുമില്ലെങ്കിലും യാത്രോദ്ദേശ്യം ആവർത്തിക്കാൻ ഇവിടെ മിനക്കെടുന്നുവെന്നതു് അത്ഭുതകരമാണ്. റോബിൻ മുഖം മൂടിയില്ലാത്ത അന്വേഷണ തല്പരനാണോ എന്ന സംശയം ഊറിക്കൂടും, ചിലരിലെങ്കിലും.

ഒരു യുവതിയുമായുള്ള അവൻെറ പെരുമാററം തെരുവിൻെറ ആകർഷണരഹസ്യം വ്യക്തമാക്കിത്തരുന്നുണ്ട്, ഒരു മിന്നലൊളിയിൽ. ലൈംഗിക ദാഹതർപ്പണത്തിനുള്ള അബോധതല പ്രേരണയാണ് അവൻെറ മാർഗ്ഗദർശകനെന്നു ഉരുത്തിരിഞ്ഞെത്തുന്നു, ആസ്വാദകഹൃദയത്തിൽ. ഫ്രോയ്ഡിയൻ തത്വശാസ്ത്രം ഇവിടെ തികച്ചും പ്രായോഗികമാണ്. ഈഡിപ്പസ് കോംപ്ലക്സിനെ അദ്ദേഹം ഒററ വാക്കിൽ ഒതുക്കുന്നു. ''മാതാവുമായിട്ടുള്ള അഗമ്യഗമനവും പിതൃഹത്യയുമാണ് ഈഡിപ്പസ്സിൻെറ കുററങ്ങൾ'' 2 അർത്ഥശൂന്യമായ ഒരു മനുഷ്യചിന്തയും മനുഷ്യകർമ്മവും എന്നു ഫ്രോയ്ഡ് സ്ഥാപിച്ചതു് ശാശ്വതമാണ്. ആന്തരവാസനകൾകൊണ്ടും ബാഹ്യപരിധികൾകൊണ്ടും നിർണ്ണയിക്കപ്പെട്ടതാണ് അവൻെറ ജീവിതപ്രപഞ്ചമെന്ന ഫ്രോയ്ഡിൻെറ മതം റോബിൻെറ വിചിത്രമായ പെരുമാററത്തിൽ ആരോപിക്കുന്നതിൽ അപാകതയില്ല. ആനുഷംഗികമായി പറയട്ടെ, ഈ സിദ്ധാന്തം നരവംശശാസ്ത്രവുമായിട്ടുകൂടി ഫ്രോയ്ഡ് സംയോജിപ്പി

---

2 "Incest with the mother is one of the crimes of oedipus and parricide the other"–A General Introduction of Psycho analysis–Sigmund Freud–Pp 344

കളന്നുണ്ട്", സംശയാതീതമായി. വ്യക്തിയുടെ ബാല്യദശതന്നെയാണ് സമുദായത്തിന്റെ ആദിമദശയും. ഈ ബാല്യപ്രശ്നം മാതൃരതിയും പിതൃഹത്യയും ചേർന്ന മുൻകാണിച്ച ഈഡിപ്പസ് പ്രശ്നമാണ് എന്നതു് ഫ്രോയ്ഡിയൻ ചിന്തയുടെ ബാലപാഠമാണ്.3 നതാംഗിയായ ആ യുവതിയുടെ കെട്ടുകഥ സ്വയം വിശ്വസിക്കാൻ അവൻ ശ്രമിക്കുന്നു എന്ന വസ്തുത പ്രത്യക്ഷരം ശ്രദ്ധേയമാണ്. ബന്ധുവെ തേടിയുള്ള ഈ അന്വേഷണതൃഷ്ണയുടെ നിഴലിന്റെ പ്രഭവസ്ഥാനം ഒരു പക്ഷെ കോളനിയിലെ ഒരുന്നതോദ്യോഗസ്ഥഭവനത്തിൽ ലൈംഗികസ്വാതന്ത്ര്യം തനിക്ക് ലഭ്യമാകില്ല എന്ന ചിന്താഗതിയായിരിക്കണം. "അവളുടെ സ്വരം ആ നിശാവേളയിൽ ശ്രവിച്ചതിൽ വച്ചേററവും മധുരമായിരുന്നു സംഗീതാത്മകമായിരുന്നു; എങ്കിലും അതിലെ സത്യാംശത്തെക്കുറിച്ചവൻ സംശയാലുവായിരുന്നു. അമലിനവീഥിയുടനീളം അവൻ കണ്ണോടിച്ചു തന്റെ മുന്നിലെ ഭവനംകൂടിയും...."

"അങ്ങനെ മന്ത്രിച്ചുകൊണ്ടു ഹാരം പിടിപ്പിക്കുന്ന, ആതിഥേയത്വം വേണ്ടപോലുള്ള പരിചാരിക അവന്റെ ഹസ്തം ഗ്രഹിച്ച് അകത്തേക്കാനയിച്ചു. ആ സ്വപ്നം മാർദ്ദവമേറിയതായിരുന്നു, പ്രത്യേകമായൊരു ശക്തി, ആ കണ്ണുകളിൽ, വാക്കുകളിൽ വെളിപ്പെടുത്താത്ത രഹസ്യങ്ങൾ അവൻ ശ്രദ്ധിച്ചെങ്കിലും, ചുവന്ന അടിപ്പാവാട ധരിച്ച, ഇടുങ്ങിയ അരക്കെട്ടുള്ള അവൾ ഗ്രാമീണ യുവതിയും കരുത്തുള്ളവളയിരുന്നു. പരിപൂർണ്ണ ഇംഗിതമില്ലാത്ത അവനെ നിർബ്ബന്ധപൂർവ്വം അകത്തേക്കാനയിക്കെ, തെരുവിലെ വാതിലടയുന്ന ഏകാന്തനാദം മേജറുടെ ബന്ധുവെ ഏകനാക്കി."

റോബിന്റെ തെരുവിലേക്കുള്ള പ്രവേശനം വിശകലനം ചെയ്യുന്ന വീണ്ടും ഫ്രോയ്ഡിയൻ ചിന്തയിലേക്കു തിരിയട്ടെ. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, "യൗവനാരംഭം മുതൽ വ്യക്തി മാതൃപിതൃബന്ധങ്ങളിൽനിന്ന് സ്വതന്ത്രമാകൽ എന്ന മഹത്തായ യത്നത്തിലേർപ്പെടണം. കൗമാരദശയുടെ അന്ത്യവും സമൂഹത്തിലെ അംഗത്വവും ഈ വേർപെട്ടു പോകലിനു ശേഷം മാത്രമേ സാദ്ധ്യമാകൂ "4

റോബിന്റെ സ്വഭാവത്തിനൊരു ചൂണ്ടുപലകയായിട്ട് കാവല്ക്കാരനുമായുള്ള രംഗംതന്നെ ഉദാഹരണമായെടുക്കാവുന്നതാണ്. നിമിഷാർദ്ധത്തിനുള്ളിലാ രംഗം മറയുന്നുണ്ടെങ്കിലും ഇതിലുമനുയോജ്യനായൊരു വ്യക്തിയെ വഴികാട്ടിയായിട്ടവനു് ആ പരിസ്ഥിതിയിൽ സങ്കല്പിക്കാനേ വയ്യ. പക്ഷെ അയാളിൽനിന്നൊഴിഞ്ഞുമാറാനുള്ള അവന്റെ വ്യഗ്രത ആന്തരം അവൻ ചെയ്തുകൊണ്ടിരുന്ന പാപബോധത്തിൽനിന്നൊളിക്കളിയതാകാനേ വഴിയുള്ളൂ. സംശയാതീതമാണീ അനുമാനം, കാരണം കൗമാരദശ വിട്ട് യുവത്വത്തിലേക്കു കാലൂന്നിയ റോബിന്റെ മാനസികവ്യാപാരം വിശകലനാർഹമാണ്. ഫ്രോയ്ഡിന്റെ വാക്കുകളതേപടി ഉദ്ധരിക്കട്ടെ, "ഒരു പുത്രന്റെ പ്രധാന യത്നം മാതൃരതിജന്യമായ വികാരങ്ങളെ ബാഹ്യമായ പ്രേമതാല്പര്യങ്ങളിലേക്കു് തിരിച്ചുവിടുന്നതിലും, പിതാവിനോടുള്ള ശത്രുത തേച്ചുമാച്ചു കളയുന്നതിലും പിതാവിന്റെ കാൽക്കീഴിൽനിന്നു മുക്തിപ്രാപിക്കുന്നതിലുമാണ്"5 അല്പസമയത്തിനുള്ളിൽ മറ്റൊരു വഴിപോക്കനിൽനിന്ന് മേജറുടെ അതുവഴിയുള്ള ആഗമനത്തെപ്പററി വിവരം കിട്ടുന്നുണ്ട്. മാന്യനോടൊത്തു് ദേവാലയ പ്രാന്തത്തിൽ കാത്തുനി

---

3 Tottem and Taboo–Freud.

4 "From the time of puberty onward the human individual must devote himself to the great task of *freeing himself from the parents*; and only after this detachment is accomplished can he ceased to be a child and so become a member of social community"
A General Introduction to psycho analysis–Freud–345–46.

5 "For e son, the task consists in releasing his Ibidinal desires from his mother, in order to employ them in the Quest of an external love–object in reality, and in re-conciling himself with his father if he has remained antagonistic to him, or in freeing himself from his domination if, in the reaction to the infantile revolt, he has lapsed in to subservience to him"–
A General Introduction to psychoanalysi's–Freud–Pp 346.

ല്ലുന്ന റോബിൻ തന്റെ നയതന്ത്രജ്ഞതയേയും തന്നിലെ താൻ പോരിമയേയും ആത്മപ്രദർശനം ചെയ്യുന്നുണ്ടെന്നുള്ളത് ശ്രദ്ധിക്കുക. സ്വപ്രയത്നംകൊണ്ടും അതിൽനിന്നുദയംചെയ്യുന്ന ചെറുകിടനേട്ടങ്ങളാലും പ്രായോഗികജീവിതത്തിൽ വിജയിയാകണമെന്ന സ്വഭാവത്തിന്റെ 'ക്രോസ് സെക്ഷൻ' വ്യക്തമാകുന്നു, ഭംഗ്യന്തരേണ. അവനെ സംബന്ധിച്ചിടത്തോളം സ്വഭവനത്തിൽനിന്നുള്ള വിടവാങ്ങൽ ലൈംഗിക, സാമ്പത്തികാടിമത്വത്തിന്റെ ഭരതവാക്യമായിരുന്നു. ഫ്രോയ്ഡിന്റെ കാഴ്ചപ്പാടിലൂടെ ഇതു് മനസികതലത്തിലെ സ്വാഭാവിക പ്രതികരണങ്ങളാണ്. ഇതിനപവാദങ്ങളായവർ അദ്ദേഹത്തിന്റെ ചിന്താസരണിപ്രകാരം സിരാരോഗികളാണ്. ''സിരാരോഗികൾ മാതാപിതാക്കളിൽനിന്നുള്ള ഈ മുക്തി പ്രാപിക്കുന്നില്ല. പുത്രനാകട്ടെ സ്വന്തം ലൈംഗികാസക്തി മാററി പ്രതിഷ്ഠിക്കാനും അച്ഛന്റെ കാൽക്കീഴിൽനിന്നു വിട്ടുപോരാൻ കഴിയാതെയുമാകുന്നു''6 പട്ടണത്തിൽ ബന്ധുവിമുക്തനായി റോബിൻ സ്വയത്നംകൊണ്ടുയരണമെന്ന മാന്യന്റെ ഉപദേശം സമതലത്തിലൂടെ നോക്കിയാൽ വാഗ്രൂപം നൽകപ്പെടാത്ത യുവാവിന്റെ അഭിലാഷങ്ങളുടെ ഉയിർത്തെഴുന്നേല്പായിരുന്നു

മാന്യനെ സംബന്ധിച്ചിടത്തോളം മേജറെ കാണുന്നതിലുള്ള റോബിന്റെ വൈമുഖ്യം വ്യക്തമായിരുന്നു. ഘോഷയാത്രയുടെ ശബ്ദനിർഘോഷങ്ങൾ രൂക്ഷമാകുമ്പോൾ റോബിന് സഹചാരിയോടൊത്തു് ജനപ്രവാഹത്തിലൂടെ ഒഴുകിനീങ്ങണമെന്ന ആശ രൂക്ഷമാകുന്നു, അതേ മാർഗ്ഗത്തിലൂടെ നാഴികമണിയുടെ താളം ചവിട്ടലിനിടയ്ക്കു് കടന്നു പോകുന്ന ബന്ധുവെ കാണലാണു യാത്രോദ്ദേശ്യമെന്നു് സന്ദേശകാരനെ ഔത്യമോർമ്മിപ്പിക്കേണ്ട ഘട്ടത്തിലെത്തുന്നു മാന്യൻ. ആദ്യോന്ത്യഘട്ടംവരെ ഈ ഹാഥോൺകഥയിൽ അഗോചരമായൊരു വല വിരിച്ചിരിക്കുന്നു. സൂക്ഷ്മദൃഷ്ടിക്കുപോലും അപ്രാപ്യമായി.

മേജർ മോളിനെ കാണാതിരിക്കാനുള്ള വാഞ്ഛക്ക പിന്നിൽ താനോടിപ്പോന്ന അധികാരത്തിന്റെ ചട്ടക്കൂട്ടിലേയ്ക്കു് നയിക്കപ്പെടുമെന്ന അവബോധശങ്കയാണെന്നു് എന്നു പറയുന്നതിൽ തെററില്ല. അടിത്തട്ടിൽ, അവന്റെ നന്മ കാംക്ഷിക്കുന്ന പിതൃസമാനനായൊരു വ്യക്തിയുടെ പ്രതീകമായിട്ടാണു് മേജറെ കണക്കാക്കുന്നതു്. പിതാവിന്റെ ബന്ധു എന്ന നിലയിലും അധികാരമത്തനായൊരുദ്യോഗസ്ഥനെന്ന നിലയിലും പിതാവുമായിട്ടു് മേജർക്കു് താദാത്മ്യം കണ്ടെത്താവുന്നതാണ്. ഏതു രീതിയിലായാലും ഇതേവരെ പിതാവിനു നേരെ തിരിച്ചുവിട്ടുകൊണ്ടിരുന്ന ശത്രുതാവിപ്ലവസ്വഭാവങ്ങളുടെ ആകെത്തുക മേജറായിത്തീർന്നു എന്നു പറഞ്ഞാൽ അതു കലാസത്യത്തിനു ചുവടൊപ്പിച്ചതന്നെയായിരിക്കും.

ഈ നിഴൽ വീഴുന്ന വസ്തുതകളെല്ലാം ഉപബോധധാരകളാണ്. പള്ളിവരാന്തയിൽനിന്നുകൊണ്ടു് ദേവാലയാന്തർഭാഗത്തു നിവർത്തിവെച്ച ബൈബിളിൽ, ഏകാന്തതയുടെ നിലാവെളിച്ചത്തിന്റെ ഒരു തുള്ളി പടർന്നു കയറുന്നതു കാണുമ്പോൾ, ഉള്ളിലുണരുന്ന ഏകതാബോധം മേജറെപ്പററിയുള്ള അശുഭപ്രതീക്ഷകൾ അവനിൽ ഉണർന്നെഴുന്നേല്പിക്കുന്നു. ''ദേവാലയ പ്രാന്തത്തിൽ തല ഉയർത്തി നില്ക്കുന്ന മൃതസ്മാരകങ്ങൾ റോബിന്റെ ഹൃദയത്തിൽ അസ്വാസ്ഥചിന്തയുടെ ഇരുൾപടർത്തുന്നു. എപ്പോഴും ബഹിഷ്കൃതനായി നിലകൊള്ളുന്ന തന്റെ ദൗത്യലക്ഷ്യം എന്തുകൊണ്ടു് ഈ പ്രേതഭൂമിയിലുണ്ടായില്ല? അകലെ കാണുന്ന ഗോപുരവാതിലൂടെ മേജർ തന്റെ അരികിലെത്തി ആംഗ്യഭാഷയിൽ സ്വാഗതമോതില്ലെന്നു് എങ്ങനെ ഉറപ്പിക്കാം?'' പിന്നീടുള്ള ശൃംഖല പിതൃഗൃഹസ്മൃതികളുടെ കണ്ണിയിലാണു് വിളക്കിച്ചേർത്തിട്ടുള്ളതും വ്യാഖ്യാനക്ഷമമാണ്. ''പിതാവിനോടുള്ള വൈരം ജീവിതത്തിൽ പിന്നീടുരുംപൊട്ടുന്ന ബന്ധങ്ങളിൽനിന്നും മററനേകം ലക്ഷ്യങ്ങളിൽനിന്നുമായിരിക്കണം കൂടുതൽ ശക്തിയാർജ്ജിച്ചതെന്നുകൂടി നാം കണ്ടെത്തുന്നു. ശിശുവിനിതേവരെ അജ്ഞാതമായിരുന്ന മാതാവിനോടുള്ള രതിയും രൂപം പ്രാപിച്ചതും

6 ''In neurotics, however, this detachment from parents is not accompli shed at all, the son remains all his life in subjection to his father, and incapable of transferring his lbido to a new sexual object''
A General Introduction to Psycho Analysis-Pp 346.

ഇതേ ഗതിയിലായിരിക്കണം.''[7] അപരാഹ്നങ്ങളിൽ ഭവനാന്തരീക്ഷത്തിൽ തനിക്കുളവായിരുന്ന മനംമടുപ്പ് അവൻ ഓർമ്മിക്കുന്നു.

''ചിന്താസരണിയെ അസ്വസ്ഥമാക്കുന്ന ആ മാർഗ്ഗത്തിൽനിന്ന് തിരിച്ച്, വനാന്തരങ്ങൾക്കും പർവ്വതങ്ങൾക്കും നദികൾക്കുമപ്പുറത്ത്, ഇരുണ്ട, മടുപ്പിക്കുന്ന പിതൃഗൃഹത്തിലെ സായാഹ്നങ്ങളെപ്പറ്റി അവൻ ഭാവനയിൽ കാണാൻ ശ്രമിച്ചു. അർദ്ധനിദ്രാവസ്ഥയിലെ വിചിത്രകല്പനകളിൽ സ്ഥലകാലവിഭ്രാന്തിതന്നെ സംഭവിക്കുന്നുണ്ട്. മേജറും പിതാവും കെട്ടുപിണഞ്ഞു കാണപ്പെടുമ്പോൾ സ്വപ്നദൃശ്യം വ്യത്യസ്തസ്ഥലങ്ങളിലേയ്ക്കുവനെ നയിക്കുന്നതിൽ അസ്വാഭാവികതയില്ല. അപഗ്രഥിക്കാനാകാത്ത ഓർമ്മകളുടെ ബോധനിമിഷങ്ങളിലൂടെയുള്ള ഈ നുഴഞ്ഞുകയറ്റം ഫ്രഞ്ചുതത്വചിന്തകനായ ഹെൻറിക് ബർഗ്‌സന്റെ ആശയങ്ങളെയാണ് എന്നെ ഓർമ്മിപ്പിക്കുന്നത്. ഈ സ്വപ്നപ്രപഞ്ചത്തിലെ അന്തരീക്ഷത്തെ ഫ്രോയ്ഡിയൻ സ്വപ്നലക്ഷണങ്ങളെക്കൊണ്ട് വിശകലനം ചെയ്താൽത്തന്നെ റോബിന്റെ മാനസിക ലൈംഗികവ്യാപാരങ്ങളുടെ ചില പൊട്ടുപൊടികൾ ചിതറിക്കാണാമെന്നാണ് എന്റെ അഭിപ്രായം. കാരണം, അതേവരെ നിലനിന്നിരുന്ന മതബോധത്തെ മറികടന്നുകൊണ്ട്, പുതിയൊരു മൂല്യലോകം സൃഷ്ടിച്ചുകൊണ്ട്, റോബിന്റെ അബോധമനസ്സിന്റെ വ്യാപാരത്തിൽ ഈഗോ സ്വാധീനം ചെലുത്തുന്നു. ''സാന്മാർഗ്ഗിക നിയമത്തിനു കടപിതബോധവും നമ്മുടെ മൂല്യപരിശീലനത്തിലെ ബാലികേറാമലയും, അങ്ങനെ ധാർമ്മിക മൂല്യങ്ങളെ ധിക്കരിക്കുന്നതുമായ ഈഗോ ലൈംഗിക പ്രചോദനങ്ങളുമായി ഇണചേരുന്നതു കാണാം.''[8] ആ സ്വപ്നദർശനങ്ങളുടെ അന്ത്യരംഗത്തിൽ ബാല്യസ്മൃതികളുമായവന്റെ ബോധതലം തിരിച്ചറിയാൻ വിഷമിക്കുന്നു. ''ഞാൻ അവിടെത്തന്നെയോ? അതോ ഇവിടെയോ?'' റോബിൻ സ്വയം ചോദിക്കുന്നു.

അജ്ഞാതമായ മാനസികഭാവങ്ങളുടെ ഈ തകിടംമറിയലിൽ, ബോധതലത്തിന്നപ്രാപ്യമായ കഥാഘടകങ്ങളും ഇഴവിടർത്തുന്നുണ്ട്. ഹാതോണിന്റെ പാത്രസ്വഭാവചിത്രീകരണംതന്നെ മൂടൽമഞ്ഞു പടർന്ന വിധത്തിലാണ്. ഇതുകൊണ്ടായിരിക്കണം ഹാതോണിന്റെ വ്യാഖ്യാതാവായ ആർലിൻടർനർ ഈ കഥയെ ഹാതോണിന്റെ സങ്കല്പവും യാഥാർത്ഥ്യവും ഇടകലർന്ന സൃഷ്ടിപ്രക്രിയയുടെ നിസ്തുലമാതൃകയായി എടുത്തുകാണിച്ചിട്ടുള്ളത്. ''സങ്കല്പത്തെക്കുറിച്ച് പര്യാലോചിച്ചപ്പോൾ കലാകാരന്റെ നിയമാനുസൃതവും അതേസമയത്ത് അനുപേക്ഷണീയവുമായ ഭാവനാസൃഷ്ടമായ രചനയ്ക്ക് (യാഥാർത്ഥ്യ പ്രതിപാദനത്തിനു പകരം) ഒരുവശത്തും മനുഷ്യമനസ്സിന്റെ അപകടകരമായ വിഭ്രാന്തിമേഖലകളെ അനാവരണം ചെയ്യുന്നതിനുള്ള ഊടുവഴിയും ഈ മാതൃകയിലുള്ള സാഹിത്യരചന കൊണ്ട് കൈവരുത്താമെന്ന് ഹാതോൺ മനസ്സിലാക്കി.[9] പാത്രത്തിനു തന്നെ അപ്രാപ്യമായ ആ വശങ്ങൾ

---

7 ''We soon discover, too, that the hatred against the father has been strengthened by a number of motives arising in later periods and other relationships in life, and that the sexual desires towards the mother have, been moulded in to form which would have been as yet foreign to the child'' A Ceneral Introduction to 'Psycho analysis,-Freud-Pp 345.

8 ''The ego which has discarded all ethical bonds feels itself at one with all the demands of the sexual impulse, those which have long been condemned by our aesthetic training and those which ones contrary to all the restraints imposed by morality'' Ibid-chapt-'The Dream Censorship' Pp. 149.

9 ''In turning over in his mind the concept of illusion, Hawthorne saw in it a spectrum of possibilities, extending from the artist's legitimate and essential use of the imagined as against the real on the one, hand to the false and destructive, illusion of the human mind on the other'' Nathaniel Hawthorn-An Introduction and Interpretation-Turner-Py-115

സ്വരവ്യഞ്ജനങ്ങളിൽ കഥാകാരൻ തളച്ചിട്ടാൽ അതു് അനുവാചകനു് അരോചകമായനുഭവപ്പെട്ടേക്കാനും മതി.

വിചിത്ര സന്ദർഭങ്ങളിലല്ലാതെ അത്തരമനുഭൂതികൾ ഒരുപാടു കണ്ടെത്താനാവില്ല. കഥാഘടകങ്ങളെല്ലാംതന്നെ പ്രധാന പാത്രത്തിനടിച്ചമർത്താൻ കഴിയാത്ത വശങ്ങളെ പുറന്തള്ളാൻ പിന്നീടു് ഉത്തേജിപ്പിക്കുന്നുണ്ടു്. ഇരുളിന്റെ ആവരണമണിഞ്ഞ സാമ്രാജ്യത്വത്തിന്റെ സ്വാഗതാർഹനല്ലാത്ത വ്യക്തിയായിട്ടാണു് യുവാവിനോടൊപ്പം മറ്റെല്ലാവരുടെയും മനസ്സിൽ മേജർ വിരാജിക്കുന്നതു്. മേജറോടു് ഒരേ മാനദണ്ഡം തന്നെയാണു് വൃദ്ധമാന്യനും, കാവല്ക്കാരനും, റോബിന്റെ സഹകാരിയും വെച്ചുപുലർത്തുന്നതു്. പൊതുജനത്തിന്റെ അവഹേളനം ഇവരെതിർത്തിരുന്നുവെങ്കിൽ യുവാവിലതു പോറലേല്പിക്കുമായിരുന്നു. പ്രതിപക്ഷശബ്ദമില്ലാത്ത ജനത്തിന്റെ പെരുമാറ്റം അബോധതലത്തിലേയ്ക്കാണിയടിച്ചിറക്കിയ യുവാവിന്റെ ആന്തരാഭിലാഷങ്ങളുടെ പ്രതിദ്ധ്വനിയാണു്. ഘോഷയാത്രയിലെ അംശങ്ങൾ അവരുടെ ശക്തിപ്രകടനതാല്പര്യം ഉയർത്തുമ്പോൾ, ചുവന്ന അടിവസ്ത്രം ധരിച്ച സ്ത്രീ വീണ്ടും പ്രത്യക്ഷപ്പെടുമ്പോൾ, റോബിനും അതിലൊരംഗമാകാനുള്ള ആസക്തി തളിരെടുക്കുന്നു. സൈമൺ ലെസ്സറിന്റെ അഭിപ്രായം പ്രത്യക്ഷരം ശരിയാണു്. ''ബോധപൂർവ്വം ശ്രദ്ധിക്കാതിരിക്കാൻ ആലങ്കാരികഭാഷ ഹാഥോൺ ഉപയോഗിക്കുന്നുണ്ടെങ്കിലും, റോബിൻതന്നെ പങ്കെടുക്കുന്ന ജനക്കൂട്ടത്തിന്റെ സന്തോഷപ്രകടനത്തിൽ അന്തർഭവിച്ച വധോദ്യതമായ വെറുപ്പിനെപ്പററി നാമറിയാൻ അദ്ദേഹം പണിപ്പെടുന്നുണ്ടു്.''[10]

ഇതുകൊണ്ടാണു് റോബിൻ ആൾക്കൂട്ടവുമായി സന്ധിയിലേർപ്പെടുന്നതു്. അവൻ മററുള്ളവരെക്കാൾ ആയിരം മടങ്ങുച്ചത്തിൽ പൊട്ടിച്ചിരിക്കുന്നു. സ്വകർമ്മം അജ്ഞാതമായിരിക്കുമ്പോൾ ആൾക്കൂട്ടത്തെ ഭയക്കാനും, ആ മറ ഉയർന്നാൽ പൊട്ടിച്ചിരിക്കാനുമുള്ള പ്രവണത ഇതുകൊണ്ടാണു്. അവന്റെ ആത്മപ്രകടനങ്ങളുടെ ബാഹ്യതരകാരണങ്ങൾ മേജറെന്ന വ്യക്തിയോടുള്ള രോഷശമനവും അന്വേഷണതൃപ്തിയുടെ ആളിയൊതുങ്ങലുമാണു്. ഈ ആളിക്കത്തലിനുണ്ടായ ഊർജ്ജം അതുവരെ അനുഭവപ്പെട്ട ആന്തരിക സംഘട്ടനങ്ങളിൽനിന്നു് വിമുക്തമായ ബോധത്തിൽ നിന്നായിരിക്കണം ലഭിച്ചതു്. ഒററ നോട്ടത്തിലപ്രാപ്യമായ വ്യംഗ്യരീതി അർത്ഥദ്യോതനത്തിനു കഥാകാരൻ ഉപയോഗിക്കുന്നുണ്ടെങ്കിലും, റോബിൻതന്നെ ഭാഗമാകുന്ന ആൾക്കൂട്ടത്തിന്റെ മേജറോടുള്ള അസഹ്യമായ രോഷം പ്രകടിപ്പിക്കാൻ കഥാകാരൻ ക്ലേശിക്കുന്നുണ്ടു്. നൊടിയിടകളിൽ ആത്മപ്രകടനം നിലയ്ക്കുന്നു, ഘോഷയാത്ര വീണ്ടും മുന്നോട്ടു കുതിക്കുന്നു.

തിരശ്ശീലയ്ക്കു മുമ്പു് പ്രതീകപ്രാധാന്യത്തെക്കുറിച്ചൊരനുബന്ധം. കഥയിലങ്ങോളമിങ്ങോളം ഓളം വെട്ടുന്ന സിംബൽകഥാഗാത്രത്തിനു് അനിർവ്വചനീയമായ കൗതുകമരുളിയിട്ടുണ്ടെന്നു പറയാതെ തരമില്ല. ഡിക്കൻസിന്റെ 'ബ്ലീക്ക് ഹൗസിലെ' മഞ്ഞു് അതിശക്തമായൊരു പ്രതീകമാണു. പക്ഷേ ഡിക്കൻസ് തന്റെ പ്രതീകത്തെക്കുറിച്ചു് വാചാലനാകുന്നു, അതിനൊരു പരിനിഷ്ഠിതാർത്ഥവും കല്പിക്കുന്നു. സിംബലിന്റെ ഈ വ്യർത്ഥപ്രയോഗമല്ലാ എനിക്കീകഥയിൽ കാണാൻ കഴിയുന്നതു്. കോൺറാഡിന്റെ 'നോസ്ട്രോമ'യിലെ വെള്ളിയെന്ന സിംബലോടോ, ജോയ്സിന്റെ 'കലാകാരന്റെ പ്രതിഛായ' (Portrait of the Artist as a Young man) യിലെ ജലമെന്ന അത്യുദാത്ത പ്രതീകത്തോടോ ഈ രചനയിലെ നിലാവിനെ താരതമ്യപ്പെടുത്താം. ഈ പ്രതീകം കഥയുടെ ജീവനാണു്, കഥാപാത്രത്തിന്റെ നിഗൂഢഭാവങ്ങളുടെ ദർപ്പണമാണു് എന്നൊററവാക്കിലൊതുക്കാം. വാസ്തവത്തിലീ അതിശക്തമായ സിംബൽ അന്നുരുത്തിരിഞ്ഞിട്ടില്ലാത്ത മനോവിജ്ഞാനീയത്തിന്റെ മറെറാരു മുഖമായി വർത്തിക്കുന്നതിൽ തരക്കേടൊന്നുമില്ല. നിയതപ്പെടുത്തിയ ഒരു പരിതലവും അതിനടിയിൽ അനിയതമായ അർത്ഥവ്യാപ്തിയുടെ വൈവിദ്ധ്യവും ഈ സിംബലിനുണ്ടു്.

ബാഹ്യകാരണങ്ങൾകൊണ്ടു പാളിപ്പോയ ഒരു യുവാവിന്റെ അന്വേഷണതൃപ്തിയാണു് ജാഗ്രതാവസ്ഥയിലെ പ്രമേയം. സ്വപ്നതലചിന്തകൾ

10 Simono Lesser—'The, Image of the Father'—Five Approaches to. Literary Criticism' edited—W. S. Scott. Pp-109.

ഹാംലെററിനോട് സാദൃശ്യമുള്ളതാണ് കഥാമർമ്മവും. ഭാഗികമായി പ്രധാന പാത്രത്തിന്റെ സ്വഭാവത്തിലൊളി വീശുന്ന ഘടകങ്ങളും ഉദ്വേഗജനകമാണെങ്കിലും, റോബിനിൽ രൂഢമൂലമായിരിക്കുന്ന വൈചാരിക വൈകാരികഭാവങ്ങളുടെ സ്ഥായീരൂപം എല്ലാ വ്യക്തികളിലും അന്തർലീനമാണ്. സ്വയമജ്ഞാതനായി, സ്വന്തമസ്തിത്വം കണ്ടെത്താനുള്ള വ്യഗ്രതയിൽ അധികാരത്തെ മറികടക്കാനുള്ള നീക്കങ്ങളും യുവമനസ്സിന്റെ അവിഭാജ്യഘടകമാണ്.

അബോധമനസ്സിന്റെ ചാപല്യങ്ങളെ പരഭാഗശോഭയോടെ ചിത്രീകരിക്കുന്ന, അവബോധത്തിന്റെ ഇരുണ്ട മണ്ഡലങ്ങളിലേക്കൂളിയിട്ടിറങ്ങുന്ന സൃഷ്ടികളിലെ ഒരു 'മിനിയേച്ചർ' മാതൃകയായിട്ടാണ് 'എന്റെ ബന്ധു മേജർ മോളിനോ'യെ കണക്കാക്കേണ്ടതു്.

•

**Naked came out of my mother's womb and naked shall I return thither**

**— Old testament–Job.**

**FOR ALL KINDS OF**

**PIECE-GOODS & READY-MADE DRESSES**

**VISIT**

PHONE: 311

**ടോണി ഫേബ്രിക്സ്**

***TANA, IRINJALAKUDA***

# "ആധുനികചെറുകഥയുടെ പുതിയ മുഖം"

മലയാളസാഹിത്യത്തിന്റെ ഏററവും വളർച്ച പ്രാപിച്ച ശാഖയേതെന്നാരെങ്കിലും ചോദിച്ചാൽ, ഞാനൊരിക്കലും സംശയിക്കയില്ല, അതു ചെറുകഥയാണെന്നു പറയാൻ, മലയാള ചെറുകഥ അതിശീഘ്രം പുരോഗമിക്കുന്ന ഇരുപതാം നൂററാണ്ടിന്റെ സിംബലാണെന്നാരോ പറഞ്ഞതായോർക്കുന്നു. മലയാള ചെറുകഥാസാഹിത്യം ജന്മമെടുത്തിട്ടധികമായില്ല എങ്കിലും പുരോഗതിയുടെ പര്യായമായി സമസ്തലോകവുമംഗീകരിക്കുന്ന വിവിധഭാഷകളിലെ ചെറുകഥയോടൊപ്പം നില്ക്കാൻ, വിശ്വസാഹിത്യത്തിലർഹമായ ഒരു സ്ഥാനം പിടിച്ചു പററാൻ അതു വളർന്നുവെന്നു പറയാൻ എനിക്കഭിമാനമുണ്ട്.

ഉത്തമകലയുടെ നാരായവേരു് വ്യക്തിയാകുന്നു. വ്യക്തിയുടെ ശോകമോദങ്ങളും, മാനസികമായ മററെല്ലാ ഉയർച്ചതാഴ്ചകളുമാണ് അത്യുൽകൃഷ്ടങ്ങളായ കലാശില്പങ്ങളുടെ—പ്രത്യേകിച്ചു ചെറുകഥകളുടെ—ചോരയും നീരും. ഈ വഴിയിലൂടെ ചിന്തിക്കുമ്പോൾ നാം അത്യാധുനികരിലെത്തുന്നു.

കെ എം അബ്ദുൾ ഖാദർ
II b com

അന്തർമുഖത്വമാണ് ആധുനികകഥയുടെ സവിശേഷത. ''അന്തർഘനിമിഷ''ത്തിലെ ഭാവനയുടെ സൂക്ഷ്മാംശങ്ങൾ നീറിനീറി പ്രതിഫലിക്കുന്ന പ്രതീതി ഈ കഥ നമ്മിലുളവാക്കുന്നു. അനുഭൂതിയുടെ അകൈതവമായ തീക്ഷ്ണത ഈ കഥയ്ക്കുണ്ട്. അതേ സമയത്തു പരമ്പരാഗതമായ മൂല്യങ്ങളുടെ ഏറെക്കുറെ സമ്പൂർണ്ണനിഷേധവും ഇതിലുണ്ട്. അനുഭൂതിയുടെ സാങ്കല്പികമായ അസ്തിവാരത്തെത്തന്നെ ഇവിടെ ചോദ്യം ചെയ്തിട്ടുണ്ട്. പുരാണാവശിഷ്ടങ്ങളുടെ നടുവിൽ കടലുണ്ടി തീരത്തുനിന്നുകൊണ്ടു കഥാകാരൻ കാണുന്നതെന്താണെന്നോർമ്മിക്കുന്നു. സുന്ദരിയായ ഒരു സ്ത്രീയുടെ അസ്ഥിപഞ്ജരം പ്രപഞ്ചം നിറഞ്ഞൊഴുകുന്ന പൂനിലാവിൽ അലിഞ്ഞലിഞ്ഞില്ലാതാകുന്ന കാഴ്ച.

ഈ കഥ തികച്ചും ആധുനികമാണ്. മലയാളത്തിലിത്തരമൊരു പ്രസ്ഥാനത്തെ വളർത്തണമെന്നു ബഷീറിനു തോന്നിയില്ലായിരിക്കാം. അതുമല്ലെങ്കിൽ പുരോഗമന സാഹിത്യക്കൂടാരത്തിന്റെ തൂണുകളൊക്കെത്തകർക്കപ്പെട്ട് സർഗ്ഗശക്തിനശിച്ച സ്വയം ഒതുങ്ങിക്കൂടിയതുമാകാം. രണ്ടായാലും ബഷീർ പിന്നീടീസങ്കേതം ഉപയോഗിച്ചതായി കാണുന്നില്ല.

എം.ടിയും പ്രകടമായ മിത്തിക്കൽ ചട്ടക്കൂട് വർജ്ജിച്ച തനതായ ഒരു സരണിയിലൂടെയാണു രംഗപ്രവേശം ചെയ്തതു്. 'ഇരുട്ടിന്റെ ആത്മാവ്' പുതിയ ഒരു മിത്തോളജി സൃഷ്ടിച്ചു. ''എനിക്കു ഭ്രാന്താണ്. എന്നെ ചങ്ങലക്കിടൂ.'' ഈ നിരാശാബോധം ഓരോ എഴുത്തുകാരനെയും ബാധിച്ചിരിക്കുന്നു. യാഥാസ്ഥിതികതയുടെ നല്ലപിള്ള ചമയാനുള്ള ബോധപൂർവ്വമോ അല്ലാതെയോ

നാനിബിഡങ്ങളായ ചില രചനകളിൽ ബഷീറാണ് ഈ പുതിയ സങ്കേതം മലയാളത്തിലവതരിപ്പിച്ചത്. ''പൂനിലാവിൽ'' തികച്ചും ആധുനികമായ ഒരു കഥയാണ്. ചരിത്രബോധത്തിന്റെ ചിന്നിച്ചിതറിയ അഭ്രപാളികളിൽ സൈക്കോളജിയിലധിഷ്ഠിതമായ മിത്തിക്കൽ

ഉള്ള ഒരു ശ്രമം എം. ടിയുടെ ഇതരകഥകളിൽ കാണാനുണ്ട്. ശുദ്ധമായ ആധുനികതയെ പുണരുവാനെന്തോ ഒരയിത്തമനസ്ഥിതിയുണ്ടദ്ദേഹത്തിന്. ഇന്നത്തെ ചെറുകഥയിൽ കാണുന്ന പുത്തൻ പ്രവണതയായ പല്ലും നഖവുംകൊണ്ടെതിർക്കുന്ന മരിച്ചു മരവിച്ച മൃതകാലത്തെ പിഴുതെറിയാൻ കഴിയാത്ത, മൃതകാലത്തിൻെറ സ്മരണകളിലൂറ്റം കൊള്ളുന്ന സടകൊഴിഞ്ഞ സിംഹങ്ങളൊന്നു മനസ്സിലാക്കണം: ഇന്നലെയുടെ മരിച്ചു മരവിച്ച സംസ്കാരത്തിൻെറ കാവൽനായായിരുന്ന സാഹിത്യകാരനും ഇന്നിൻെറ സാഹിത്യകാരനും രണ്ടു ധ്രുവങ്ങളോളം അകലെയാണു നില.

ദുഃഖമാണു പ്രതിപാദ്യമെങ്കിൽ ഇന്നലെയുടെ സാഹിത്യകാരനു ദുഃഖമുണ്ടായിരുന്നു. ദാരിദ്ര്യം. ദാരിദ്ര്യം ദുഃഖമാണോ? എങ്കിൽ ദുഃഖത്തിൻെറ തീവ്രത കൂടുതൽ അനുഭവിക്കുന്നതു് ഏകാന്തതയുടെ തടവുകാരനായ ഇന്നിൻെറ സാഹിത്യകാരനാണ്. തിരക്കിനിടയിലെ ഏകാന്തത, തികഞ്ഞ വ്യർത്ഥതാബോധത്തിൻെറ, നിരാശാബോധത്തിൻെറ, നിസ്സംഗതയുടെ ദുഃഖമാണ് ആധുനികസാഹിത്യകാരൻേറതു്.

''കളിച്ചീറനായി വരുന്ന പെൺകുട്ടിയുടെ നനഞ്ഞൊലിച്ച നിതംബത്തിലും അഴിച്ചിട്ടിരിക്കുന്ന നീണ്ട ചികുരഭാരത്തിലും ഇന്നലെയും സാഹിത്യകാരൻ സൗന്ദര്യം കണ്ടെത്തി.'' ചാന്ദ്നി ചൗക്കിലും ചുവന്ന തെരുവിലും മാംസക്കച്ചവടം നടത്തുന്ന വേശ്യയുടെ ഗുഹ്യരോഗത്തിലും ''വസൂരി''യുടെ ബീഭത്സതയിലും ആധുനികസാഹിത്യകാരൻ സൗന്ദര്യം കണ്ടെത്തുന്നു. നിങ്ങൾക്കു വസൂരിവന്നിട്ടുണ്ടോ? ഇല്ലെങ്കിൽ കാക്കനാടൻെറ വസൂരി വായിക്കു. വസൂരി വരാതെ വസൂരിയുടെ ബീഭത്സത നിങ്ങൾക്കു മനസ്സിലാകും. ഇവിടെ കലാപരമായ ആത്മാർത്ഥതയുണ്ട്. മിത്തിക്കൽ ഭാവനയുടെ സൂചിത സന്നിവേശത്തിലും ശക്ത്യുപാസകനാണു കാക്കനാടൻ. (''നിഷാദസങ്കീർത്തനം'', ''ശ്രീചക്രം'') ഏഴായിരത്തിലധികം നൂറാണ്ടുകൾക്കു മുമ്പുള്ള നിഷാദനും ടെർലിൻ ഷർട്ടിൻെറ മറവിലുള്ള നിഷാദനും ഒരു നിഷാദ സങ്കീർത്തനത്തിലുണ്ട്. കൃത്രിമത്വത്തിൻെറയും പൊയ്മുഖത്തിൻെറയും മുഖത്തു നോക്കി ''ഫ്ഫൂ....'' എന്നാഞ്ഞു തുപ്പിയ നാരായണൻകുട്ടി (സാക്ഷി) ആധുനികതയുടെ പ്രതീകമാണ്. സ്വാർത്ഥതയുടെ വേലിയേററത്തിൽ വിപ്ലവം മറന്ന, വെറും റിബലുകളായി മാത്രം ജീവിക്കുന്ന ഇന്ത്യൻ വിപ്ലവകാരിയുടെ പ്രതിനിധിയാണ് ശിവൻകുട്ടി (ഉഷ്ണമേഖല). വിജയൻെറ സ്യൂക്ലീഡിയൻലാളിത്യം, ഹിപ്പോക്രസിയോടുള്ള ഒടുങ്ങാത്ത അമർഷം, സ്വന്തം അസ്തിത്വത്തിൻെറ ലജ്ജയും ഖസാക്കിൻെറ ഇതിഹാസ'ത്തിൽ തെളിഞ്ഞു കാണാം. 'രവി' ശരിക്കും ഇന്നിലൂടെ ജീവിക്കുന്ന ഒരു യുഗത്തിൻെറ ആരംഭത്തിൽ ആധുനികമനുഷ്യൻെറ വൈകല്യവും നിസ്സഹായതയും ഇവയെ അഭിമുഖീകരിക്കാൻ കരുത്തേകുന്ന പുതിയ ധീരതയും മുന്നിട്ടു നില്ക്കുന്നു.

ദുർഗ്രഹവും ദുർഗ്ഗമവുമായ ആധുനിക പ്രതിഭാസം ചിത്രീകരിക്കുമ്പോൾ സ്വാഭാവികമായും അല്പം ദുർഗ്രഹത വന്നുപോയാൽ, അതാത്മനിഷ്ഠമെങ്കിൽ, അതുകൊണ്ടുമാത്രം അതു സാഹിത്യമല്ലെന്നു നിഷേധിക്കാനാവുമോ? ഇവക്കിടയിൽ ചപ്പുചവറും കണ്ടേക്കാം. മുതലാളിത്തവ്യവസ്ഥിതി ലോകത്തിനു സംഭാവനചെയ്ത പൊയ്മുഖങ്ങളുടെ ലോകം, അതു വലിച്ചെറിയാനാഗ്രഹിക്കുന്നു, കാലഘട്ടം തന്നിലടിച്ചേല്പിച്ച തൻെറ വ്യക്തിത്വത്തിൻെറ സത്തയെ മറയ്ക്കുന്ന വേഷത്തിൽനിന്നു രക്ഷനേടാൻ ആഗ്രഹിക്കുന്ന യുവതലമുറയുടെ പ്രതീകമാണ് ആധുനിക സാഹിത്യകാരൻ. തൽസമയംതന്നെ അവൻ അവൻെറ ലോകത്തിലൊരേകാന്തപഥികനുമാണ്. സ്വയം സൃഷ്ടിച്ച ഒരു ഏകാന്തദ്വീപിലെ റോബിൻസൺ ക്രൂസോയാണ് അവൻ. തിരക്കേറിയ ഈ യുഗത്തിലെ ഏകാന്തതയെന്ന കടുത്ത ദുഃഖത്തിൻെറ, അസ്തിത്വത്തിൻെറ ലജ്ജയിൽ സ്വയം വ്യഥിതനായ പാവം മനുഷ്യൻ.

പുതിയ മേച്ചിൽപ്പുറങ്ങൾ തേടിയുള്ള സാഹിത്യകാരൻെറ പരക്കംപാച്ചിൽ ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഇന്നലെകളുടെ ചിതകളിൽ, ഇന്നിൻെറ ഗർഭത്തിൽ, നാളെയുടെ ഈററില്ലത്തിൽ അതു തുടരും. അനന്തവും അഗമ്യവുമായ നൂറുനൂറുമേച്ചിൽപ്പുറങ്ങൾ അനുഗൃഹീത സാഹിത്യകാരൻെറ മനോമണ്ഡലത്തിൽ തിക്കിത്തിരക്കിക്കടന്നുവരും. ജീവിതത്തിൻെറ മുഖം യഥാതഥാ കാണുക വൈരസ്യം നിറഞ്ഞ അനുഭവമാണ്. അതുകൊണ്ട് യഥാതഥം ചിത്രീകരണോപാസകനായ റിയലിസ്റ്റ് സാഹിത്യകാരൻെറ സർഗ്ഗശക്തിയുടെ ചിതയെരിയുകയാണ്. ലോകമനസ്സാക്ഷിയെ പിടിച്ചു കലുക്കിയ മഹായുദ്ധങ്ങളിൽ മരിച്ചുവീണ മനുഷ്യ

ത്വത്തിന്റെ ചിതകളിൽനിന്നുയിർത്തെഴുന്നേററ യുവതലമുറയുടെ ദൃഷ്ടികൾ പതിച്ചത് മോഹങ്ങളുടേയും മോഹഭംഗങ്ങളുടേയും പട്ടടപ്പറമ്പുകളിൽ നൃത്തമാടുന്ന നിരാശയുടെ കറുത്തു കരുവാളിച്ച മുഖമാണ്. വിഷാദാത്മകത്വം തെളിഞ്ഞു മായുന്ന ലോകത്തിന്റെ സ്ഥായിയായ മുഖമുദ്ര ഹതാശയായി മാറി യുദ്ധം കണ്ടിട്ടില്ലാത്ത ഇന്ത്യയുടെ ആത്മാവിലും കാലഘട്ടം ആഴത്തിലൊരു മുറിവേല്പിച്ചു. ബ്രിട്ടീഷ് ഭരണാധികാരത്തിന്റെ നാരായവേരറുക്കുന്നതോടെ പ്രോളറേററിയൻ വിപ്ലവത്തിന്റെ വിത്തു പാകി മുളപ്പിച്ചു സത്ഫലമനുഭവിക്കാമെന്നു കരുതി യാതനയും വേദനയും സഹിച്ചവരിന്നു ആടിയുലയുന്ന മന്ത്രിക്കസേരകൾക്കായി പരക്കം പായുന്നു. ഇതു കണ്ട് ആത്മാർത്ഥത കൈമുതലായുള്ള വിപ്ലവകാരിയുടെ മോഹങ്ങൾ തകരുന്നു. ഒരു കാലത്തു വിപ്ലവാശയങ്ങൾകൊണ്ടു ചടുലമായിരുന്ന മനസ്സാക്ഷി ഇന്നു മോഹഭംഗത്തിന്റെ ചുടലക്കളമാണ്.

സ്വാഭാവികമായും ഈ മോഹഭംഗത്തിന്റെ സ്വാധീനം സമകാലികസാഹിത്യത്തിലും കടന്നുകൂടി. ആധുനികയുവതലമുറ, ശാസ്ത്രസാഹിത്യങ്ങൾക്കൊപ്പം വളർന്ന യുവതലമുറ 'എന്റെ വയസ്സ് + മനുഷ്യന്റെ ഇന്നേവരെയുള്ള വയസ്സ് = എന്റെ അറിവ്'' എന്നു പ്രഖ്യാപിച്ച യുവതലമുറ, വിശ്വസാഹിത്യത്തിന്റെ മുക്കും മൂലയും പരിചയമുള്ളവരാണ്. സാർത്രും, കമ്യൂവും, കീർക്കേഗാഡും, വിജയനും, കാക്കനാടനും, മുകുന്ദനും അവനപരിചിതരല്ല. അമേരിക്കക്കാരന്റെ ദുഃഖം, ഫ്രഞ്ചു ജനതയുടെ, സ്പാനിഷുകാരന്റെ ദുഃഖം, സ്വന്തമാക്കുവാൻ, വിയററ്നാമിലെ തെരുവുകളിൽ പിടഞ്ഞു വീഴുന്ന ആത്മാവുകളുടെ രോദനം ശ്രവിക്കാൻ കഴിവുള്ള ഭാഗ്യവാനല്ലെങ്കിൽ നിർഭാഗ്യവാനാണ് ഇന്നത്തെ ആസ്വാദകനും സ്രഷ്ടാവും. ആസ്വാദകൻ ലക്ഷ്യമല്ല, മറ്റു മേ ആകൂ അപൂർണ്ണനായ സ്രഷ്ടാവിന്റെ അപൂർണ്ണമായ സൃഷ്ടിയുടെ വികലതയും അപൂർണ്ണതയും ആധുനികതയുടെ മുഖമുദ്രകളായിരിക്കാം. യുഗയുഗാന്തരങ്ങളായി പരിപൂർണ്ണതയിലേയ്ക്കുള്ള മനുഷ്യന്റെ അനന്തമായ യാത്ര തുടങ്ങിയിട്ട്. അതിനവന് പലതും സ്വീകരിക്കേണ്ടിവരും. പലതും തിരസ്കരിക്കേണ്ടതായും വരും. മതങ്ങളും ദൈവങ്ങളും പ്രകൃതിയും അതിന്റെ മാറ്റങ്ങളായിരുന്നു. സൃഷ്ടിയുടെ അദമ്യമായ വേദന അതിനു കളമൊരുക്കുന്നു. എല്ലാവർക്കും സ്രഷ്ടാവാകാനാവില്ല. സൃഷ്ടിയാകാനേ കഴിയൂ. അതൊരപൂർവ്വസിദ്ധിയാണ്.

''വേലിക്കിടയിലൂടെ തല നീട്ടുന്ന പുൽക്കൊടികൾ തിരുമ്പിനോക്കിയിട്ടുള്ളതല്ലാതെ ആ വിശാലമായ മേച്ചിൽപറമ്പിലേയ്ക്കു നാമിനിയും കടന്നുചെന്നിട്ടില്ല. (എംടി — ''കഥികന്റെ പണിപ്പുര) എന്തൊക്കെ പറഞ്ഞാലും ആധുനിക മലയാള ചെറുകഥ വളരുകയാണ്. ഒ.വി. വിജയനിലൂടെ, കാക്കനാടനിലൂടെ, മുകുന്ദനിലൂടെ, മാധവിക്കുട്ടിയിലൂടെ........

●


# HOTEL APPOLO

(OWNED BY DILICIOUS HOTEL PRIVATE LIMITED)

TANA, IRINJALAKUDA

**Most Modern : Comfortable Vegetarian & Non-Vegetarian Food**

**Special Accomodations for Partiec & Conferences**

**Undertakes Caterings for Tea-Parties & Dinners**

# "പാലായുടെ കവിത"

**പി നാരായണൻ Ipdc**

ആധുനിക കവിവര്യന്മാരിൽ അഗ്രഗണ്യനാണ് പാലാ നാരായണൻ നായർ. കവി എന്ന സ്ഥാനപ്പേരിനർഹരായവർ എണ്ണിയാൽ തീരാത്തത്ര ഉണ്ടെങ്കിലും സ്വന്തമായൊരാവിഷ്കരണരീതി സ്വായത്തമാക്കിയിട്ടുള്ള കവികൾ വിരളമെന്നേ പറയേണ്ടൂ. സമുദായത്തിന്റെ എല്ലാ ഭാഗങ്ങളേയും സ്പർശിച്ച് മറ്റുള്ളവരുടെ ദൃഷ്ടിയിൽ അത്യുത്തമമായിരിക്കുന്നു എന്ന മനോഭാവം ചെലുത്തത്തക്കവണ്ണം കവിതകൾ എഴുതി പ്രസിദ്ധി നേടിയിട്ടുള്ളവരാണ് ഭൂരിഭാഗവും. കഠിന പദങ്ങൾ കവിതയെ സുന്ദരമാക്കുന്നു എന്ന വിശ്വസിക്കുന്നവരാണ് അവർ. എന്നാൽ ഇപ്പറഞ്ഞതിനു നേരെ വിപരീതമനോഭാവംകൈക്കൊണ്ട് സംഗീതമധുരശൈലിയിൽ കവിതകളെഴുതിയിട്ടുള്ള ഏക മലയാള കവിയാണ് ''പാലാ'' എന്നു നിസ്സംശയം പറയാം.

പാലായുടെ കവിതകൾ പലരും കണ്ണുംകണക്കുമില്ലാതെ വിമർശിച്ചിട്ടുണ്ടെങ്കിലും അതിന്റെ ശോഭ നശിച്ചു കാണുന്നില്ല. ചങ്ങമ്പുഴയുടെ കവിതാശൈലിയാണ് പാലാ സ്വീകരിച്ചിരിക്കുന്നതെന്ന ഒരൊററ അപരാധംകൊണ്ടുമാത്രമാണ് അദ്ദേഹത്തിന്റെ കവിതകൾ ശുഷ്കമായി ചിലർ പരിഗണിക്കുന്നത്. എന്നാൽ ചങ്ങമ്പുഴ കവിതകളെഴുതിത്തുടങ്ങും മുമ്പേ പാലായുടെ കവിതകൾ 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചുതുടങ്ങിയെന്ന വസ്തുത പരിഗണിക്കുമ്പോൾ ആ ധാരണയുടെ കഴമ്പില്ലായ്മ മനസ്സിലാക്കാമല്ലോ. ചങ്ങമ്പുഴയിൽ പൊട്ടിമുളച്ച കവിതാശൈലിക്ക് വിത്തു പാകിയത് പാലായാണെന്ന നിഗമനത്തിൽ, അതു കാരണം നാം എത്തേണ്ടിയിരിക്കുന്നു. കെ. കെ. രാജാ അദ്ദേഹത്തെ പുകഴ്ത്തിപ്പാടിയിട്ടുള്ള വരികൾ ഈ അവസരത്തിൽ ഓർമ്മിക്കാതിരിക്കാൻ നിവൃത്തിയില്ല.

''പാലാ നാരായണൻ നായരെന്ന സരളസാ-
ഹിത്യമാർഗ്ഗാധ്വനീനൻ
ശ്രീലാനന്ദസകശാന്താനനഃ നെവിടേയുമ—
സ്സൽക്കവി പ്രൗഢനെന്നും
ചേലാളും കേരളീയാദരകലിതകലാ—
രംഗമംഗല്യപീഠം''.

എന്നുള്ള വരികളിൽനിന്നും അദ്ദേഹത്തിന്റെ ചൈതന്യം തെളിഞ്ഞുകാണാം.

"Heard Melodies are sweet, but those un-heard are sweeter still"—എന്നുള്ള ആംഗലകവിയായ കീററ്സിന്റെ അഭിപ്രായത്തോട് യോജിച്ചാണ് കവി തന്റെ മിക്ക കവിതകളും എഴുതിക്കാണുന്നത്. അതായത്, ഒരുവൻ മുൻപിൽ കാണുന്നതിനേക്കാൾ ഇഷ്ടപ്പെടുക വർണ്ണനയിലൂടെയുള്ള ബിംബമാണെന്നാശയം അദ്ദേഹം തന്റെ കവിതയിൽ ആധാരമാക്കിയിരിക്കുന്നു. അദ്ദേഹം എട്ടു ഭാഗങ്ങളായി എഴുതിയിട്ടുള്ള ''കേരളം വളരുന്നു'' എന്ന കാവ്യപരമ്പര ഇതിനൊരു ദൃഷ്ടാന്തമാണ്.

''കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ—
കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ''.

എന്നിങ്ങനെ തുടങ്ങുന്ന ആ ലളിതവും സുന്ദരവുമായ കാവ്യപരമ്പര വായിക്കുന്നവർക്ക് കേരളത്തിന്റെ സംസ്കാരചരിത്രം അനുഭവത്തിലൂടെ മനസ്സിലാക്കുന്നതിനേക്കാൾ എത്രയോ കൂടുതൽ ചാരിതാർത്ഥ്യമേകുന്നു. പൂർവ്വകാലാനുഭവത്തിലേക്ക് കവി നമ്മെ ആനയിച്ച് ജീവിതം സുരക്ഷിതവും ഭാസുരവുമാക്കിത്തീർക്കാനുള്ള ശ്രമമാണ് ആ കവിതയിൽ കാണുന്നത്. ഇതല്ലാതെ മറെറന്താണ് ഒരു കവിയെന്ന നിലയ്ക്കു സമുദായത്തിനു ചെയ്യുവാനുള്ളത്. കേരളത്തിന്റെ ആദ്ധ്യാത്മികഭൗതികവികാസങ്ങൾ വിടർത്തുന്ന പ്രസ്തുത വരികളിലൂടെ കവി കാലത്തിൽ മധുരം ചേർക്കുന്നു.

പാലാ നാരായണൻ നായരുടെ കവിതകൾ പുരോഗമനാശയങ്ങളേക്കൊണ്ടു നിറഞ്ഞിരി

ക്കുന്നു. ഇതു് അദ്ദേഹത്തിന്റെ മിക്ക കവിതകളിലും മാറ്റൊലിക്കൊള്ളുന്നുണ്ടു്. ''കേരളം വളരുന്നു'' എന്ന കൃതിയിലെ ഒന്നാം ഭാഗത്തിൽ നിന്നും എടുത്തിട്ടുള്ള ഈ വരികൾ ശ്രദ്ധേയമാണു്.

''മതവും വിവാദവും മാറിനില്ക്കട്ടെ ജാതി–
ഭേദവും നശിക്കട്ടെ മനുഷ്യൻ നന്നാവട്ടെ !
ക്ഷുദ്രമാമാചാരത്തിലാണ്ടുപോയവനണോ
ക്ഷുത്പിപാസയിൽനിന്നു കേറുവാനുപായങ്ങൾ''

എന്നിങ്ങനെയുള്ള വരികളിൽ കവി തന്റെ ജാതിമതങ്ങളോടുള്ള വെറുപ്പും കലാപത്തോടും അനാചാരത്തോടുമുള്ള എതിർപ്പും സ്പഷ്ടമാക്കുന്നു. അദ്ദേഹത്തിന്റെ ഏക ലക്ഷ്യം സമുദായോന്നമനമാണെന്നതിനു വേറെ ഉദാഹരണം ആവശ്യമില്ല. മറ്റൊരു കവിതയിൽ [''ആശമറ്റൊന്നിക്കില്ല''] ഉൾക്കൊള്ളുന്നു.

''ആശ മറ്റൊന്നിക്കില്ല മേലിലും മുന്നേപ്പോലെ–
യാസേതു ഹിമാലയം ഭാരതം ജയിക്കാവൂ!''

ഇത്തരം വരികളിൽ പുരോഗമനാശയമല്ലാതെ മറ്റെന്താണു് ജ്വലിക്കുന്നതു്. ''ചിതറിയ ചിന്തകൾ'' എന്ന കവിതയിലെ ഈ വരികൾ നോക്കുക:

''കർമ്മമെന്നോ, പാപപുണ്യ–
ഫലമെന്നോ. യോഗമെന്നോ,
ജന്മജന്മാന്തരമെന്നോ,
പറഞ്ഞുകൊള്ളൂ !
നമ്മളതിൻ സംശയത്തിൽ
മുങ്ങിനിന്നു ജീവിതത്തിൽ
കണ്മയക്കും കൗതുകങ്ങൾ—
കളഞ്ഞിടൊല്ലേ!''

എന്തൊരു നല്ല ഉപദേശമാണു് കവി നമുക്കു് കാഴ്വയ്ക്കുന്നതു്! അനന്തമായ ജീവിതത്തിന്റെ നാനാഭാഗങ്ങൾ നാം ചിന്തിച്ചു ചിന്തിച്ചു് ഒടുവിൽ അവശരാകുന്നതിനേക്കാൾ ഭേദം സുഖസുഖങ്ങൾ വേണ്ടപോലെ വിനിയോഗിക്കണമെന്ന തത്വചിന്തയിലേയ്ക്കു് ആരേയും വഴിതെളിക്കുന്നതാണു്. ഇങ്ങനെ ഏറെക്കുറെ എല്ലാ കവിതകൾ പരിശോധിച്ചാലും ഉന്നതമായൊരാദർശം ഉണ്ടെന്ന കാര്യം നഗ്നസത്യമാണെന്നു ബോധ്യമാകും. മറ്റൊരു കവിതയിലെ ചില വരികൾ കൂടി പരിശോധിക്കാം.

''നാണയക്കിലുക്കത്തിലുണ്ടായ
നാകവും നരകങ്ങളും
മാഞ്ഞുപോകട്ടെ! മാനവനൊന്നു
മന്യജീവിതം കൈവരാൻ.''

ഇവിടേയും കവി തന്റെ പുരോഗമനാശയം വെളിപ്പെടുത്തുകയാണു്. അദ്ദേഹത്തിന്റെ വളച്ച് സമുദായോന്നമനമാണെന്ന പ്രതീതിയാണു് ഈ വരികളിൽക്കൂടി ആർക്കും ഉണ്ടാകുവാനിടയുള്ളൂ.

പാലായുടെ കവിതകളിൽ തെളിഞ്ഞു കാണുന്നതു് ദുഷ്പ്രവൃത്തിയോടും നീചദൃഷ്ടിയോടുമുള്ള വെറുപ്പാണു്. സമുദായത്തിന്റെ വളർച്ചക്കു് വിലങ്ങുതടിയായി നില്ക്കുന്ന എന്തിനേയും കവി ലവലേശം കണക്കിലെടുക്കാതെ അപലപിക്കുന്നു. വിജ്ഞാനത്തിന്റെ ദൗർലഭ്യംകൊണ്ടു് പണ്ടത്തെ മനുഷ്യരുടെയിടയിൽ കടന്നുകൂടിയിരുന്ന നീചവും അപകൃഷ്ടവുമായ ആചാരങ്ങളോടുള്ള പ്രവണത കവി സ്പഷ്ടമാക്കുന്നതു നോക്കുക: മാറി നില്ക്കുവാനാദ്യം മർത്ത്യനാശിച്ചു പക്ഷെ,

''ആറുനൂറാവശ്യങ്ങൾ ചുററിലും നൃത്തംവച്ചു
നില്ക്കുവാനരുതാതെ ഭീതരാമൊരു കൂട്ടർ
വല്ക്കലം മെയ്യിൽ ചുററിപ്പിന്തിരിഞ്ഞോ
ടിപ്പോയി.
ജടയും താടിക്കെട്ടും ഭസ്മവും രുദ്രാക്ഷവും
വടിയും ചേറിപ്പോക്കും മൂഢരേക്കാണുന്നില്ലേ,
മർക്കടന്മാരാമവർ കാടുകേറട്ടെ സാക്ഷാൽ
മർത്ത്യരെക്കാണാൻ മാറു രംഗങ്ങളാരായേണം.''

എന്നു പറയുന്നതിൽനിന്നും അദ്ദേഹത്തിന്റെ അനാചാരങ്ങളോടുള്ള വെറുപ്പു് എത്രമാത്രം ഗാഢമാണെന്നു മനസ്സിലാക്കാം. ഇങ്ങനെയുള്ള മാനുഷിക സ്വഭാവം സത്യത്തിന്റേയും, അസത്യത്തിന്റേയും, ശുദ്ധിയുടേയും, അശുദ്ധിയുടേയും, നീതിയും, അനീതിയും, ബലവും ദൗർബല്യവും ചേർന്നതാണെന്നും അതിനാൽ അത്തരം സ്വഭാവത്തെ സംശയമെന്യേ ത്യജിക്കണമെന്നും സാക്ഷാൽ മനുഷ്യത്വത്തിന്റെ സൽഗുണങ്ങൾ കൈവരുവാനുള്ള ശ്രമത്തിൽ മുഴുകണമെന്നും ഉദ്ബോധിപ്പിക്കുന്നു. ''മാഞ്ഞുപോകട്ടെ'' എന്ന കവിതയിലെ പ്രതിപാദ്യം ശ്രദ്ധേയമാണു്. ''ദൈവം'' എന്ന ആ മഹാശക്തിയെ ആധാരമാക്കി 'വൈദികർ' എന്ന പേരിൽ അറിയപ്പെടുന്ന ഒരു കൂട്ടം മതവിശ്വാസികളുടെ പ്രവൃത്തികളെല്ലാം തന്നെ കപടമാണെന്നു കവി സ്ഥാപിക്കുന്നു. അവർ പരിപാലിച്ചുപോരുന്ന ഓരോ പ്രവൃത്തികളിലും ഉൾക്കൊള്ളുന്ന രഹസ്യവാസ്തവം ഓരോന്നായി വെളിപ്പെടുത്തുന്നതു ശ്രദ്ധിക്കുക:

''വക്രതകളെ മൂടിവയ്ക്കുന്ന
വിഗ്രഹങ്ങളിൽ വൈദികർ
കക്ഷിപൂരണം നിർവ്വഹിക്കുന്ന
ദക്ഷിണകളിൽ വൈദികർ
നില്പുറപ്പിക്കലാണു, പുത്തനാ—
മത്ഭുതങ്ങളിൽ വൈദികർ
അക്രമങ്ങളെ വാഴ്ത്തലാണു പൂ—
ജാർപ്പണങ്ങളിൽ വൈദികർ''

എന്നിങ്ങനെ കവി സരസവും ലളിതവുമായ ഭാഷയിൽ ''പ്രതിപാദിക്കുന്നതു്'' ഏതു ഭക്തരേയും അമ്പരപ്പിക്കുന്നതാണു്.

പാലായുടെ ചില സുന്ദരമായ കവിതകൾ അദ്ദേഹത്തിന്റെ രാഷ്ട്രീയബോധം വെളിപ്പെടുത്തുന്നുണ്ടു്. അദ്ദേഹം ഒരു സോഷ്യലിസ്റ്റാണെന്നാണു് ചില കവിതകളിൽനിന്നും നമുക്കു് മനസ്സിലാകുന്നതു്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയേയും, ഫ്രഞ്ചു വിപ്ലവനേതാക്കന്മാരായ വോൾട്ടയർ, റൂസ്സോ എന്നിവരേയും പുകഴ്ത്തിയെഴുതിയിട്ടുള്ള കവിതകൾ ഉദാഹരണങ്ങളത്രെ. രാജ്യത്തിന്റെ നട്ടെല്ലായ കൃഷകരേയും തൊഴിലാളികളേയും ഉത്തേജിപ്പിക്കുന്നതിനുവേണ്ടി വിപ്ലവഗാനങ്ങൾകൂടി അദ്ദേഹം രചിച്ചിട്ടുണ്ടെന്ന കാര്യം പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു.

''അണിനിരന്നു കേറുവിൻ
    പണിയെടുത്തു കേറുവിൻ!
അടിയുറച്ചു, കരളുറച്ചു,
    നിണമുതിർത്തു കേറുവിൻ!
അണിനിരന്നു കേറുവിൻ:
    അലയടിച്ചു കേറുവിൻ!''

(''അശരീരി'')

എന്നാരംഭിക്കുന്ന അദ്ദേഹത്തിന്റെ വിപ്ലവഗാനം ആരേയാണു് കോരിത്തരിപ്പിക്കാത്തതു്. ഈ ഗാനമിപ്പോൾ തൊഴിലാളി നാദമായി മാറിയിരിക്കുന്നു. ഇങ്ങനെ ആരേയും പുളകംകൊള്ളിക്കുമാറു് വിപ്ലവഗാനങ്ങൾ രചിച്ചിട്ടുള്ള കവികൾ കേരളത്തിൽ വിരളമാണു്.

പാലായുടെ ചില കവിതകളിൽനിന്നും നമുക്കു മനസ്സിലാകുന്നതു് അദ്ദേഹത്തിന്നൊരു 'പ്രവാസ' ബോധമുണ്ടെന്നാണു്. 'അമൃതകല' എന്ന കവിതാസമാഹാരത്തിലെ ഏതാനും കവിതകൾ അതിനു ദൃഷ്ടാന്തമാണു്. പ്രവാസബോധത്തോടെ അദ്ദേഹം അയഥാർത്ഥമായ ഈ പ്രപഞ്ചത്തിന്നപ്പുറം സ്ഥിതിചെയ്യുന്ന സത്യത്തിന്റെ ലോകത്തിലേയ്ക്കു ചെന്നെത്തുവാനുള്ള വ്യഗ്രത കാണിക്കുന്നു. ''ചിതറിയ ചിന്തകൾ,'' 'അനന്തതയിലേയ്ക്കു'', ആത്മാനുഭൂതികൾ', 'പ്രപഞ്ചശില്പി' മുതലായ കവിതകളിൽയഥാർത്ഥലോകത്തിലേയ്ക്കു പ്രവേശിക്കുന്നതിനുള്ള തന്റെ താല്പര്യമാണു് കാണിച്ചിരിക്കുന്നതു്. പാലാ നാരായണൻ നായരുടെ കവിതകളിൽ വികാരത്തിന്റെ പരിപക്വതയും, വിചാരത്തിന്റെ സുപരിചിതത്വവും ഏറിപ്പോകും. അദ്ദേഹം എഴുതിയിട്ടുള്ള 'നിർധനൻ', 'കസ്തൂരിപ്പൂ' എന്നു തുടങ്ങിയ കവിതകളിലതു ഉൾക്കൊള്ളുന്നുണ്ടു്. അലങ്കാരങ്ങളും പ്രാസങ്ങളും അദ്ദേഹത്തിന്റെ കവിതകളെ കൂടുതൽ മോടിപിടിപ്പിക്കുന്നു. ഉപമ, ഉൽപ്രേക്ഷ, രൂപകം തുടങ്ങിയ മിക്ക അർത്ഥാലങ്കാരങ്ങളും അദ്ദേഹത്തിന്റെ കവിതയിൽ കാണാം. സ്ഥലദൗർലഭ്യവും വിസ്തരഭയവും കൊണ്ടു് എല്ലാത്തിനും ഉദാഹരണം കൊടുക്കുന്നില്ല. എന്തിനേയും സമഗ്രമായി വീക്ഷിച്ചു് അതിന്റേതായ ഭംഗിയിൽ വർണ്ണിക്കുന്നതിനുള്ള കവിയുടെ പാടവം അനന്യസാധാരണമാണു്. പ്രകൃതിസുന്ദരമായ കന്യാകുമാരിയെ പാലാ വർണ്ണിച്ചിരിക്കുന്നതു് സംഗീതമാധുരികൊണ്ടും ആശയബാഹുല്യംകൊണ്ടും ഉത്തമമായിരിക്കുന്നു. അതേ വസ്തുവിനെത്തന്നെ ഗോപാലൻനായർ വർണ്ണിച്ചിരിക്കുന്നതുമായി താരതമ്യപ്പെടുത്തിയാൽ പാലായുടെ വർണ്ണനയ്ക്കു് പകിട്ടു് ഏറിപ്പോകും. പശ്ചിമഘട്ടത്തെ വർണ്ണിച്ചിരിക്കുന്നതു നോക്കുക:

''ഗിരിയാം മഹേന്ദ്രനു മാരുവാമൊഴിത്താഴെ
മലയാം മരതാനം ചേർന്ന പശ്ചിമഘട്ടം
ബൃംഹിതമ'ത്തേ'വും ശാർദ്ദൂലവിക്രീഡിത—
വിഹാലമൃഗങ്ങളും ചേർന്ന പശ്ചിമഘട്ടം
ഹരിതദ്രുമലതാശാദ്വലനികുഞ്ജങ്ങൾ
'ഹരിണച'ളതങ്ങളും ചേർന്ന പശ്ചിമഘട്ടം''

തുടങ്ങിയ ഭാഗം അദ്ദേഹത്തിന്റെ വർണ്ണനയ്ക്കു മാറ്റു കൂട്ടുന്നു.

# വിഷാദചിന്തകൾ

കാൽ നൂറ്റാണ്ടു പിന്നിട്ട സ്വാതന്ത്ര്യ ഇന്ത്യയിലെ സാമാന്യജനകോടികളുടെ സ്ഥിതിയെന്താണ്? ദേശീയോദ്ഗ്രഥനം വാഗ്ദാനങ്ങളിലൂടെ മാത്രം രൂപം കൊള്ളുന്ന ഈ കാലഘട്ടത്തിൽ പ്രവർത്തനോന്മുഖത വിരളമായേ കാണാനുള്ളൂ. തൊഴിലില്ലായ്മ, പട്ടിണി, അജ്ഞത, ജനസംഖ്യാസ്ഫോടനം രാജ്യത്തെ സങ്കീർണ്ണപ്രശ്നങ്ങളായി ഇന്നും അവശേഷിക്കുന്നു. രാജ്യസ്നേഹികളായ മനുഷ്യരുടെ വിഷാദചിന്തകൾക്ക് എങ്ങനെ കടിഞ്ഞാണിടാം എന്നതാണു പ്രശ്നം

അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ അഭ്യസ്തവിദ്യരെയാണല്ലോ കാര്യമായി തീണ്ടിയിരിക്കുന്നത്. വിദ്യാലയങ്ങളിൽനിന്നും കലാലയങ്ങളിൽനിന്നും പുറത്തു വരുന്ന അഭ്യസ്തവിദ്യരുടെ എണ്ണം ഏറെ വലുതാണ്. കൃതാവും നീട്ടി, മുടി വളർത്തി അടുത്തു വന്നാൽ നാറുന്ന വേഷം ധരിച്ച് അങ്ങുമിങ്ങും ഉലാത്തുന്ന ഈ യുവകോമളന്മാർ അവരുടെ വികാരപ്രകടനങ്ങൾ കൊണ്ടു വിളിച്ചറിയിക്കുന്നത് തൊഴിലില്ലായ്മയാണ്. ഒരു വിഭാഗം തൊഴിലില്ലായ്മയിൽ കിടന്നു വട്ടം കറങ്ങുമ്പോൾ മറുഭാഗം ഓഫീസുകളിലും ഫാക്ടറികളിലും സമരമുറകളുമായി മുദ്രാവാക്യം മുഴക്കുന്നു. മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥനും തമ്മിലുള്ള വടംവലികൾ. എങ്ങും അസ്വസ്ഥത!

സാങ്കേതികവിദ്യാഭ്യാസപ്രബുദ്ധതയുടെ വേരോട്ടമില്ലാതെ വാർത്തെടുക്കപ്പെടുന്ന ഒരു വിദ്യാഭ്യാസരീതി ഇന്നും ഇവിടെ തുടർന്നുകൊണ്ടുപോകുകയാണ്. ബ്രിട്ടീഷ് മേൽക്കോയ്മ തുടങ്ങിവച്ച അതേ വിദ്യാഭ്യാസരീതിയോടുള്ള നമ്മുടെ ഇന്നത്തെ സമീപനംകൊണ്ട് എന്താണു പ്രയോജനം? പുതിയ ഭരണത്തലവന്മാരുടെ ആശയങ്ങൾ വെള്ളക്കാരന്റേതിൽനിന്നും മറികടന്നു മുന്നോട്ടു പോയിട്ടില്ല; തീർച്ച. പഴഞ്ചൻ തത്വപ്രമാണങ്ങളെ പൂവിട്ടു പൂജിക്കുന്ന വെളുത്ത ഇന്ത്യക്കാരാണ് ഇന്നത്തെ ഭരണസാരഥികൾ. ഉന്നതവിദ്യാഭ്യാസരീതി സാമ്പത്തികമായി മുന്നോക്കം നില്ക്കുന്ന ഉപരിവർഗ്ഗത്തിനുള്ളതാണ്. സെക്കണ്ടറിവിദ്യാഭ്യാസം കഴിഞ്ഞു പുറത്തു വരുന്ന പാവപ്പെട്ടവരുടെ വിജ്ഞാനതൃഷ്ണ ആരു കണ്ടറിയുന്നു. പണത്തിന്റെ പേരിൽ ഉന്നതവിദ്യാഭ്യാസപദവിയുടെ ആദ്യശ്രേണി ഒന്നെത്തിനോക്കാൻ അനുവദനീയരല്ല ഇവർ. സമ്പദ്‌വ്യവസ്ഥ തകർന്നു തരിപ്പണമായി കിടക്കുന്നതുകൊണ്ടു വിദ്യാഭ്യാസ നിലവാരവും താണു തരംതാഴ്ത്തപ്പെട്ടു കിടക്കുന്നു എന്ന അപ്രസക്തമായ മറുപടിയാണ് ഭരണകേന്ദ്രങ്ങളിൽനിന്നു പുറത്തേയ്ക്കൊഴുകുന്നത്. മന്ത്രിമാർ പ്രമോദങ്ങൾക്കായി ചെലവിടുന്നതിന്റെ ഒരു കാൽഭാഗം രാജ്യനന്മയെ കരുതി നീക്കിവെയ്ക്കാൻ കഴിയുമോ? പ്രവർത്തനങ്ങൾ കമ്മിയാണെങ്കിലും വാഗ്ദാനങ്ങൾക്കിവിടെ യാതൊരു പഞ്ഞവുമില്ല. നിർദ്ധനരായ പട്ടിണിപ്പാവങ്ങളെ ഒതുക്കി നിർത്താനുള്ള ആത്മാർത്ഥതയില്ലാത്ത, ഉത്തരവാദിത്വമില്ലാത്ത തന്ത്രം ഇന്നത്തെ രാഷ്ട്രീയത്തിൽ പടർന്നു പന്തലിച്ചു കിടപ്പുണ്ട്. കർമ്മധീരത ഒരിടത്തും കാണാനില്ല. രാഷ്ട്രീയപ്രസരം ഒരു തരത്തിൽ വയറ്റിപ്പിഴപ്പിനുള്ളതാണ്. അതിന്റെ അതിപ്രസരം വിദ്യാലയങ്ങളിലും എത്തിക്കഴിഞ്ഞു. വിദ്യാർത്ഥികളെ സ്വന്തം താല്പര്യങ്ങൾക്കു ബലിയാടാക്കാൻ കഴിയുമെന്ന് രാഷ്ട്രീയ പാർട്ടികളും വിശ്വസിക്കുന്നതിൽ കഴമ്പില്ലേ?

ഒ എ വിൻസെന്റ് III d c

ഇന്നു നമുക്കാവശ്യം സാങ്കേതികതലത്തിൽ വിദ്യ അഭ്യസിപ്പിക്കുന്ന ഏതാനും സ്ഥാപനങ്ങളാണ്. വിദ്യാഭ്യാസം ജോലിക്കുവേണ്ടിമാത്രം ആണെന്നുള്ള തെററായ ധാരണ മാററാതെ ഗത്യന്തരമില്ല. വിദ്യാഭ്യാസത്തിന്റെ കാതലായ ഭാഗം ആരു ശ്രദ്ധിക്കുന്നു? പട്ടിണി കിടന്നു സ്വന്തം മകന്റെ വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ യത്നിച്ച മാതാപിതാക്കളുടെ അത്യുൽക്കടമായ തൃഷ്ണയാണ് അവനൊരു തൊഴിൽ സിദ്ധിക്കണമെന്നുള്ളതു്. ഫലമോ ശോചനീയം. വിദ്യയുണ്ട്; പക്ഷെ വേണ്ടത്ര തൊഴിലില്ല.

സാമാന്യചികിത്സാസമ്പ്രദായം എത്തിനോക്കിയിട്ടില്ലാത്ത ഗ്രാമങ്ങളും വിശാലമായ ഭൂപ്രദേശങ്ങളും ഇവിടെ ധാരാളമുണ്ട്. ഈ അവസ്ഥയിൽ ഡോക്ടർമാരും, കാർഷികബിരുദധാരികളും രാജ്യത്തിനു മുതൽക്കൂട്ടുതന്നെയല്ലേ? എഞ്ചിനീയറിങ്ങ് ബിരുദധാരികളും രാഷ്ട്രനിർമ്മാണത്തിൽ സജീവപങ്കുവഹിക്കുന്നവർതന്നെ. മറിച്ചുള്ള ചിന്ത ആരിലെങ്കിലും പതിയിരിക്കുന്നുണ്ടോ? മോറിസ്സ് സിങ്കിൻ അഭിപ്രായപ്പെട്ടതു പോലെ, ''........പത്രപ്രവർത്തനംതൊട്ട് ആശാരിപ്പണിവരെ സർവ്വും പഠിപ്പിക്കുന്ന പ്രായോഗികതയിലൂന്നുന്ന, 19—ാം ശതകത്തിലെ ജർമ്മനിയിലേയും 20—ാം ശതകത്തിലെ അമേരിക്കയിലേയും വിദ്യാഭ്യാസസമ്പ്രദായമായിരിക്കണം ഏഷ്യൻ രാഷ്ട്രങ്ങൾക്കു മാതൃക''യായിരിക്കേണ്ടതു്.

അദ്ധ്യാപകമണ്ഡലത്തിലെ സ്ഥിതിയും ഏറെക്കുറെ പരിതാപം കലർന്നതാണ്. നിഷ്ക്കളങ്കതയുടെ പ്രവൃത്തിപഥത്തിലേയ്ക്കു് ആനയിക്കപ്പെട്ട് അവിടമെല്ലാം വിജ്ഞാനത്തിന്റെ; സംസ്കാരത്തിന്റെ ഊർജ്ജവും ശക്തിയും പ്രദാനം ചെയ്യേണ്ട അദ്ധ്യാപകൻ സമുദായത്തിൽ അധഃപതിച്ചുകഴിഞ്ഞിരിക്കുകയാണിന്നു്. പ്രൊഫസർ ഹൃദയകുമാരിയുടെ നിഗമനത്തിൽ, 'ഒരു വ്യക്തി എന്ന നിലയിൽ അപകർഷതാബോധവും ഒരു പ്രത്യേക ജോലിചെയ്യുന്ന ആൾ എന്ന നിലയിൽ ഉദാസീനതയും ശമ്പളം വാങ്ങുന്ന ആൾ എന്ന നിലയിൽ അതൃപ്തനായ തൊഴിലാളിയുടെ മനോഭാവവും ഇന്നു് അദ്ധ്യാപകരിൽ ഒരു നല്ല പങ്കിനെ ബാധിച്ചു കഴിഞ്ഞു. സമുദായത്തിലെ ഏററവും ആദരണീയനായിരുന്ന അദ്ധ്യാപകൻ ജനാധിപത്യത്തിൽ ഇവിടംവരെ എത്തിയിരിക്കുന്നു.'' *

ത്വരിതഗതിയിലുള്ള ഒരു വ്യാവസായിക സംരംഭമാണ് ഇന്നു നമുക്കു വേണ്ടതു്. ആദർശധീരതയോടെ കർമ്മോത്സുകരായി പ്രവർത്തിച്ചാൽ മാത്രമെ നമുക്കു ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയുകയുള്ളൂ. സ്വയംപര്യാപ്തിയിലേയ്ക്കുള്ള മാർഗ്ഗമാണു് നമുക്കാദ്യമായി നേടാനുള്ളതു്. 20 വർഷങ്ങൾക്കുള്ളിൽ ഐശ്വര്യത്തിന്റെ അത്യുച്ചകോടിയിലേയ്ക്കു് ആനയിക്കപ്പെട്ട, ഉയർത്തപ്പെട്ട ജപ്പാന്റെ മാതൃക നാം അനുവർത്തിക്കുന്നതു് കൊള്ളാം. 70 കോടിയിൽപ്പരം ജനസംഖ്യയുള്ള ചൈനയുടെ സ്വയംപര്യാപ്തി നമുക്കാവേശം തരുന്നു.

ആഫീസുകളിലേയും ഫാക്ടറികളിലേയും കുത്തഴിഞ്ഞ സംവിധാനങ്ങൾക്കും, അസ്വസ്ഥതകൾക്കും വിരാമമിടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിനാദ്യമായി ചെയ്യേണ്ടതു് ഉദ്യോഗസ്ഥർ തമ്മിലുള്ള ഭീമമായ സാമ്പത്തിക വിടവു നികത്തുകയെന്നതാണ്. ഭരണസിംഹാസനത്തിലെ ദുർവ്യയങ്ങൾക്കും അറുതി വരുത്തിയേ മതിയാകൂ. ഉന്നതശ്രേണിയിലിരിക്കുന്നവർ ഉത്തമന്മാരായി ജീവിച്ചാൽ മതി. കൊള്ളയും, കൊലയും, കൈക്കൂലിയും, പൂഴ്ത്തിവെയ്പും, കരിഞ്ചന്തയും ഈ രാജ്യത്തുനിന്നു പമ്പകടക്കും.

ദേശസാത്കരണം എന്ന പുരോഗമനാശയത്തിൽ വിശ്വസിച്ചുപോരുന്ന ചിലരുടെ നിഗമനത്തിൽ വിദ്യാലയങ്ങളുൾപ്പെടെ രാജ്യത്താകമാനമുള്ള എല്ലാററിനേയും ദേശസാൽക്കരിക്കുക എന്നുള്ളതാണ്. ഇതവരുടെ മുക്കാററം ആത്മാർത്ഥതകൊണ്ട് വിശ്വസിച്ചുപോരുന്നവയായിരിക്കാം. സർക്കാരധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെക്കുറിച്ച് ഒന്നു വിചിന്തനം ചെയ്താൽ ഈ നിലപാട് അർത്ഥശൂന്യമായി നിലംപതിക്കും. ഭീമമായ നഷ്ടമാണ് ദേശസാൽക്കരണത്തിന്റെ അകക്കാമ്പ്.

ഈ രാജ്യത്തെ വിഭവസാദ്ധ്യതകൾ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി ഉപയോഗപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ, കൃഷി, വ്യവസായം, വാണിജ്യം, പൊതുജനാരോഗ്യം, ദേശീയവികാസം എന്നിവയുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് ആധികാരികമായി ചിന്തിച്ച സനിഷ്ക്ക

* മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഡിസംബർ 19, 1972.

ഷ്കരിച്ച് വിജയിത്തി പ്രായോഗികവും ഭാവനാസമ്പന്നവുമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച് അർപ്പണബോധത്തോടെ, ആത്മാർത്ഥതയോടെ നടപ്പാക്കണമെന്ന് ഇന്നത്തെ രാഷ്ട്രീയനേതാക്കൾ വിരളമായേ ആഗ്രഹിക്കുന്നുള്ളൂ. മന്ത്രിസ്ഥാനംപോലും ഇന്നൊരു ആർഭാടപ്രകടനോപാധിയായിട്ടേ കാണാൻകഴിയൂ. പരസ്പരവൈരുദ്ധ്യങ്ങളും അബദ്ധങ്ങളും നിറഞ്ഞതുമായ പ്രസ്താവനകൾ ഇറക്കുന്നതോടൊപ്പം പൊതുമുതൽ ധൂർത്തടിക്കുക യെന്നതും ഇന്നൊരു കലയായിത്തീർന്നിരിക്കുന്നു.

വയററിപ്പിഴപ്പിനു വകയില്ലാത്ത ശിപായിയുടെ ജീവിതരീതി ഒരു മന്ത്രിയുടേതുമായി തട്ടിച്ചുനോക്കുമ്പോൾ, എന്തൊരു വൈപരീത്യം! എല്ലാവരുടേയും സാമ്പത്തികഭദ്രതയ്ക്ക് ഉറപ്പുവരുത്താനും സാമ്പത്തികരംഗത്തെ അസമത്വങ്ങളെ ഉന്മൂലനം ചെയ്യാനും അവസരസമത്വം സ്ഥാപിക്കാനുംവേണ്ടിയാണല്ലോ സോഷ്യലിസം എന്ന ബൃഹത്തായ ആശയം നാം അംഗീകരിക്കുകയുണ്ടായത്. ജനങ്ങളുടെ നന്മയും വളർച്ചയും ലാക്കാക്കാതെയുള്ള ഒരു പുരോഗമനചിന്ത ഇവിടെ വളർന്നു പുഷ്ടിപ്രാപിക്കാൻ പോകുന്നില്ല. അന്ധമായ മുദ്രാവാക്യം മുഴക്കലാണോ ഇന്നത്തെ രാഷ്ട്രീയപ്രമാണം! ന്യൂനപക്ഷമായി രംഗത്തവതരിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടേതായ ഒരു സമ്പന്നവർഗ്ഗത്തെ വാത്തെടുക്കാൻവേണ്ടി ദരിദ്രരായ ജനകോടികളിൽനിന്നു ഞെക്കിപ്പിഴിയുന്ന നികുതി ആദായം ഒരു അർത്ഥത്തിൽ എങ്ങനെ പുരോഗതിയിലേയ്ക്കുള്ള പാത വെട്ടിത്തുറക്കും? മുമ്പോ, പിമ്പോ എന്നറിയാതെയുള്ള എടുത്തുചാട്ടം നമ്മെ ശൂന്യതയിൽ കൊണ്ടുചെന്നെത്തിക്കും.

ലക്ഷ്യബോധത്തോടെയുള്ള കഠിനാദ്ധ്വാനംകൊ പുരോഗമനം സിദ്ധിക്കും നാട്ടിലെ കഷ്ടപ്പാടുകൾക്കും ദാരിദ്ര്യത്തിനും അറുതി വരും. അങ്ങനെ, ശൂന്യതാബോധത്തിന്റേയും ജീവിതനൈരാശ്യത്തിന്റേയും ഇരുട്ടിൽനിന്നു മുക്തിനേടി സാമൂഹ്യ — സാമ്പത്തിക — സാംസ്കാരിക രംഗത്തെമ്പാടും ആധുനിക ഭാരതീയൻ വിരാജിക്കുന്നതു കാണാം.

ജീവിതത്തിന്റെ നാനാ തുറകളിൽനിന്നുകൊണ്ട് അസംഘടിതരായ ഒരു കൂട്ടം പക്വമതികൾ രാജ്യത്തെ സാമൂഹ്യ—സാമ്പത്തിക—രാഷ്ട്രീയമണ്ഡലങ്ങളിലെ ദുഃസ്ഥിതികളെ നിസ്സഹായരായി നോക്കിക്കാണുന്നുണ്ട്. ആദർശശാലികളും അപക്വമതികളുമായ വേറൊരു കൂട്ടർ—വിദ്യാർത്ഥികളും യുവജനങ്ങളും—ശോഭനമായ ഒരു ഭാവിക്കുവേണ്ടി മുറവിളികൂട്ടുന്നുണ്ടെങ്കിലും രാഷ്ട്രീയപ്രേരണയാൽ അവർ വഞ്ചിതരാകുന്നു. ഉൽക്കടമായ നൈരാശ്യവും വ്യർത്ഥതാബോധവും യുവഹൃദയങ്ങളിൽ വളർന്നു രൂപം പ്രാപിക്കുന്നു. അരച്ചാൺ വയറിനുവേണ്ടിയുള്ള കേരളീയ യുവാക്കളുടെ പരക്കംപാച്ചിൽ ഇതരസംസ്ഥാനങ്ങളിൽ ബഹുശല്യമായപ്പോൾ 'മണ്ണിന്റെ മക്കൾക്കു ജോലി' എന്ന പുതിയ കാഴ്ചപ്പാടിലൂടെ കേരളീയനു ജോലി നിഷേധിക്കപ്പെടുന്നു. വ്യാവസായികമായി മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു പിൻപന്തിയിലാണെങ്കിലും ഈ കൊച്ചു കേരള സംസ്ഥാനം ഭാരതത്തിന്റെ ഒരു ഭാഗമല്ലേ?

നമ്മെ ഏററവുമധികം അലട്ടുന്ന ജനസംഖ്യാവർദ്ധനവിനു വിരാമമിട്ടാൽ മാത്രമെ സ്വയം പര്യാപ്തിയിലേയ്ക്കുള്ള നമ്മുടെ പാത സുഗമമായിത്തീരുകയുള്ളൂ. ജനസംഖ്യാസ്ഫോടനത്തെപ്പററി ആവലാതിപ്പെടാത്ത ഒരൊററ മനുഷ്യജീവിപോലും ഇന്നു ഭാരതത്തിലുണ്ടാവുമെന്നു തോന്നുന്നില്ല. വ്യവസായവൽക്കരണം സാധിതപ്രായമാക്കാൻ പോംവഴികൾ കണ്ടുപിടിച്ചേ മതിയാവൂ

ജനസംഖ്യാസ്ഫോടനം തടഞ്ഞ്, വ്യവസായവൽക്കരണം ഊർജ്ജിതപ്പെടുത്തി, ധനദുർവ്യയത്തെ തടഞ്ഞ്, കാര്യക്ഷമതയ്ക്കും ചുമതലാബോധത്തിനും മുൻതൂക്കം നൽകി അഭിവൃദ്ധിയിലേയ്ക്കുള്ള, പുരോഗതിയിലേയ്ക്കുള്ള ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാം എന്ന ദൃഢവിശ്വാസത്തോടെ നമുക്കു മുന്നേറാം. അങ്ങനെ മനുഷ്യമനസ്സിന്റെ അന്തരാത്മാവിൽനിന്ന് ഉരുത്തിരിഞ്ഞു ബഹിർഗ്ഗമിക്കുന്ന ''വിഷാദചിന്തകൾ''ക്ക് കടിഞ്ഞാണിടാം.

ജയ്ഹിന്ദ്

# HINDI SECTION



# जाग, मनुष्य जाग

padiyoor anand

दुनिया हो गया है काला,
मर्त्यरूपी कसाई की शाला ॥
ज़िन्दगी हो गया है मुश्किल,
मर गया है सीधा मन आजकल ॥

मार डालता है मनुष्य मनुष्य को
चूस लेता है धनी मजूर को ॥
शिष्य डरते भी नहीं गुरु से
गुरु समझते नहीं शिष्य को ॥

नौकरी कहीं नही मिलती
निराशा ही जवान में भरते ॥
विद्यार्थीं है राजनैतिक नेता
राजनैतिक तो लोगों को चूसता ॥

उठो मनुष्य दुनिया को बचाओ
अनीति का शीश तलवार से काटो ॥
मनुष्य है बलवान, सुन्दर, दुर्बल नहीं
दुनिया है मनुष्य का, शैतान का नहीं ॥

# युग चेतना

**kaith**

जिये रहो तुम हिन्दुस्तान,
जय भारती जय भारत संतान।
जीकर तुम ने क्या पाया सोचो,
जीनाही है—यह मानव का धर्म।

कर्मक्षेत्र यह मनुज मनुज को
कर्म धर्म में जीना हो दृढ संकल्प।
मानवता में आभूषित हो जीवन
मानवता से हो यह जीवन उज्वल।

मायामय हो यह जगत शायद्
मरकर भी जीना हो यही संभव।
लघु भी न्याय मार्ग तो उचल अटल
तंग मार्ग ही पुण्यमार्ग वह सोचो।

हम में है महान त्याग की महिमा
हमी रहे असीम विश्वासी और प्रेमी।
देखकर इस जग संघर्ष का ज्वाल
दंगे रह जाना—है यह अशोभन।

जाति-भीति की इस जटिल जंजाल में
अकट मरना न हो भाई प्रियवर।
अपने में ही जो शक्ति वह निर्भर
अपना कर ही हो तुम जीवन विजयी।

युग गया वह आदर्श सुन्दर
युग रहा अब सत्य कर्म का।
उस परंपरा का उस असमय का
उखाड दो वह आदर्श वह संकल्प।

मानव तुम हो मननशील उज्वल
मानना ही हो वह सत्य जो ऊंचा।
मनु का तुम संतान रहकर भी
मात खाना हो इस जीवन रण में।

सुमधुर सुकुमार भावना का और
सुखद सुशीतल हो यह जीवन।
शान्त सुन्दर प्रियजन प्रीत जो वह
शत शत युग युग प्रिय प्राण रहे।

समानता और समभावना का
स्वप्नलोक यह धरो धरावासियों।
धारणा और वह संकल्प भावना भी
धरे रहो भव सत्य से मेलकर।

मातृभूमि यह कर्मभूमि हमें
माता तुल्य माननीय वह सुप्रीत।
बिना संदेह और आत्म संघात के
बने रहे दृढ संकल्प दृढ विश्वासी।

रहो रहो चिरंजीवी तुम भारतवासी
राह देख के उस चिर सत्य की।
वही चिर सत्य वह सुन्दर शाश्वत
वहीं रहो तुम जहां सत्य अविनाशी रहे।

जयी रहो तुम भारत देश हमारा।
जयी रहो तुम विश्व राज्य की संतान॥

# वही देश हमारा

v sudhakaran

है भारत हमारा सुन्दर देश।
है यह हमारे लिये सुख स्वर्ग॥

पुण्य तीर्थ गंगा है यहाँ।
उत्तुंग पर्वत हिमालय भी॥

काश्मीर है हमारा पुनीत अंग।
कन्याकुमारी हमारा विश्राम स्थल॥

भारत एक सुन्दर फुलवारी।
जहाँ कई रंग के फूल खिलते हैं॥

कई रूप कई भाषा और कई जाति के।
फूलों का सम्मिलित यह फुलवारी॥

जैन बुद्धादि महर्षिगण यहाँ।
है गांधि जवहरादि नेता गण भी यहाँ॥

बोस रामादि शासक भी थे यहाँ।
ठाकुर कालिदासादि साहित्यकार भी हुए॥

यह है भी मधुमय स्वर्ग।
यह है भारतमाता का गोद॥

# जीवन एक सपना

paul thuluvath

मैं ढूँढता चला नव सुख
संसार के सब कोनों में
नगर नगर में ग्राम ग्राम में
सुख का उपवन ढूँढता था मैं ॥

प्रेमी के बदन में देखा मैं ने
केवल नैमिषक सुख का अंश ।
सुखद गलियों में खोजता था मैं
अनश्वर सुख का साक्षात्कार ॥

ऐसे अंत हुआ मेरा मनुष्यत्व ही
गिर गया मेरा सत्भाव भी ।
बन गया था एक जानवर मैं
मृगीय विकार का एक जीवि मैं ॥

मैं ने देखा पेड़ों की छाया में
ठंड से कांपते पतित मानव को ।
मैंने देखा भिखारी के उन
दुबले-पतले हाथों को भी वहाँ ॥

सुना मैं ने नदी के कलरव में भी
दुख के धड़कन के स्पन्दन को ।
देखा मैं ने फूल के श्वेत होंटों में
मृत्यु के भयानक चित्रण को ही ॥

संसार यह विस्तृत नाटकवेदी है
हम सब इस के अभिनेता हैं ।
जाना मैं ने यह शाश्वत सत्य
फिर भी खोजता था वह चिर सुख !

# संसार यह स्वार्थी

vicsar

वह उठा उत्फुल्ल बिस्तर से
शुद्ध किया पेस्ट ब्रश से मुख ॥
और नहा का पीकर
हुआ तैयार आफीस जाने ॥
जल्दी ही वह निकला आफीस
अपने नव प्लयर वाहन में ॥
दफ्तर में वह बैठा रहा
मोटी कुशन-कुर्सी में ॥

याद किया उस ने उस समय
बंधु के घर जाने की बात ॥
तभी लीव लिख दिया वहीं
और घर लौटा उसी ऊपर कार में ॥
कर्तव्य को भूलते ही है ये
स्वार्थ को ही रखते हैं मन में ॥
सामने के फयलों को भूलते तो है
नियम को भूलते, खुद को भूलते !

सारी जनता को वंचित करके
स्वार्थ पालन को चला वह दंभी ॥
इसी तरह के गंवारों को
दूर करना ही कर्तव्य हमारा ॥
किन्तु देखा भी तो उस नौकर को
सबेरे से उठता है वह ॥
पहले करता अपना दिनचर्य
और खेत में जाता था सबेरे ॥

एसें पहले ही काम जल्दी करते
शाम को घर लौट आता भी था ॥
तो पति पत्नी आनन्द मनाते
बच्चों के साथ खेलते-कूदते ॥
नियम मानकर कर्तव्य किया था
स्वार्थ घमंड को दूर किया भी था ॥
इसी तरह के मनुष्यों को हम
याद करें और नित्य स्मरण करें ॥

# जीवन मुक्ति

rapai padayattil

देखो इस हँसते आसमान को ।
पहाड़ पर चढ़ते सूरज को
पुलकित होते किरणों को
झिलमिल करते उन हिमकिरणों को
सब में है शांति विराजित
सन्तोष भी है सब में कहीं ॥

सन्तोष है ही देखते हम-तुम ।
लहराते इस हरे खेत में
मन्दहास करते मधुर पुष्प में
नाचते रहते उन लता भर में
क्या देखते सन्तोष नहीं उन
रोमांचित सब विटपों में ॥

नाचते रहते उन शलभों में ।
गुन गुनाते उन भ्रमरों में
क्या नहीं देखता सन्तोष कभी
पक्षियों के मोहन स्वर में
यह चारों ओर है एक मैदान
शान्ति और संतोष का मनहर ॥

फिर भी है मानव हृदय में ।
दुख है केवल अशान्ति भी
निराशा है सबै में सब को
साहस तो है ही न किसी में
अस्त-व्यस्त न रखना मन को
मरना ही है इस नश्वर जग में ॥

अत: रखना है शान्ति को मन में ।
और करते रहे आशा आलोकित ॥

# सह शिक्षा

gopakumar p

सहशिक्षा का अर्थ है—लड़के और लड़कियों की साथ-साथ शिक्षा। इसका मतलब यह है कि बालक और बालिकायें एक ही विद्यालय में रहकर पढ़ें। हम समाज में साथ-साथ रहते हैं। इसलिए यह अचंभे की बात है कि सहशिक्षा के संबन्ध में पिछले तीस वर्षों से जोरदार विवाद चलता रहा है और दोनों पक्षों के समर्थकों ने अपने-अपने पक्ष में काफी जोरदार युक्तियाँ दी है।

स्त्रियां पढ़ें या न पढ़ें, यह प्रश्न भी अब से सौ साल पहले उठा और बहुत धीरे-धीरे स्त्रियों की शिक्षा प्रारंभ हुई। अब प्रश्न यह है कि लड़कियों की शिक्षा के लिए अलग संस्थायें हो या उनको लड़कों के साथ ही एक ही विद्यालय में पढ़ने दिया जाय।

सहशिक्षा के संबन्ध में कुछ लोग प्राचीन परम्परा के अनुयायी है। उनका मत यह है कि लड़के और लड़कियाँ अलग-अलग रहे। उनके मनमें ब्रह्मचर्य और चरित्र-संबन्धी बातें मुख्य है। वे कहते हैं कि चढ़ती जवानी के दिनों में युवक और युवतियों में आवेश तो अधिक है, लेकिन विवेक कम होता। इसलिए यदि उस दशा में उनको सहशिक्षा दें, तो उनका ध्यान पढ़ाई की ओर केन्द्रित नहीं हो सकेगा।

दूसरी बात यह है कि प्रकृति ने स्त्री और पुरुष को अलग-अलग कार्य के लिए बनाया है। दोनों के रूप, भावना, सब अलग है। पुरुष तो कठोर काम कर सकते हैं। वे साहस भी कर सकते हैं। लेकिन स्त्रियाँ स्वभाव से ही कोमल और सुकुमार होती है। वे छोटे कार्य भी धीरे-धीरे बहुत लम्बे समय तक करती रहती है। ऐसे देखा जाय तो हम यह समझ सकते है कि स्त्री और पुरुष एक दूसरे के पूरक है। इसलिए स्त्री और पुरुष की शिक्षा भी इन्हें एक दूसरे का अच्छा पूरक बनाने के लिए होनी चाहिए। लेकिन दोनों को एक ही प्रकार की शिक्षा मिलने से दोनों में

एक ही प्रकार के गुण विकसित होंगे और वे एक दूसरे के पूरक न बनकर एक दूसरे के प्रतिस्पर्धी बन जायेंगे।

लेकिन सहशिक्षा के गुण तो अधिक है। सहशिक्षा में लड़के और लड़कियों को निकट रहने का अवसर मिलता है। वे एक दूसरे से बहुत परिचित हो जाते हैं। लड़के-लड़कियों की पास पास उपस्थिति में, अधिक भद्र और शिष्ट व्यवहार करना वे सीखते हैं। लड़कियाँ लड़कों की उपस्थिति में सौम्य और शान्त रहना सीखती है। अनुभव से देखा गया है कि सहशिक्षा देने वाले विद्यालयों के छात्र-छात्रायें अधिक परिष्कृत रुचि के होते हैं।

सहशिक्षा के अभाव से अनेकों दोष भी हैं। जहाँ सहशिक्षा न हो वहाँ के लड़के-लड़कियाँ बहुत संकोची होते हैं। लड़कियाँ-लड़कों से डरने लगती है। इस तरह दोनों के व्यक्तित्व का समुचित विकास नहीं हो सकता।

चरित्र के बिगड़ने का भय हो तो वह, सहशिक्षा के अभाव में अधिक संभव है। जो वस्तु दूर हो, उसके प्रति आकर्षण होना स्वाभाविक है। इसलिए लड़कियों से बिल्कुल अलग रहनेवाले लड़के और लड़कों से बिल्कुल अलग रहनेवाली लड़कियों में एक-दूसरे के पास पहुँचने और दूसरे को प्राप्त करने की कामना अधिक होती है। इसके कारण उस दशा में चरित्रदोष का भय अधिक हो सकता है। लेकिन सहशिक्षा के समय लड़के-लड़कियाँ सारे समय एक दूसरे के साथ रहते हैं, अतः उनमें वैसा आकर्षण नहीं होता।

सहशिक्षा तो नैतिक चरित्र को सुधारने में सहायक है।

॥ जय हिन्द ॥

# STATEMENT OF OWNERSHIP
# AND OTHER PARTICULARS ABOUT NEWSPAPER

## (The Annual, Christ College)

(*SEE RULE 8*)

| | | | |
|---|---|---|---|
| 1. | Place of Publication | — | Irinjalakuda. |
| 2. | Periodicity of Publication | — | Annual. |
| 3. | Printer's Name | — | Stanley Paul. |
| | Nationality | — | Indian. |
| | Address | — | Christ College, Irinjalakuda. |
| 4. | Publisher's Name | — | Stanley Paul. |
| | Nationality | — | Indian. |
| | Address | — | Christ College, Irinjalakuda. |
| 5 | Editor's Name | — | V. C. Thomas |
| | Nationality | — | Indian. |
| | Address | — | Christ College, Irinjalakuda. |
| 6. | Name and address of individual who owns the newspaper | — | Christ College, Irinjalaknda. |

I, Stanley Paul, hereby declare that the particulars given are true to the best of my knowledge and belief.

30—5—1973.

Sd. (STANLEY PAUL)
*Signature of the Publisher*

PRINTED AT THE UNION PRESS, MARIAPURAM, TRICHUR-680005


MOO!
BAW!
ഇതാ!
ജഴ്സി
ബ്രാൻഡ്
കൊപ്രാ
പിണ്ണാക്ക്
കേരളത്തിൽ
ആദ്യമായി
ശാസ്ത്രീയരീതിയിൽ
നിർമ്മിച്ച
പുതിയ കാലിത്തീററ
കന്നുകാലികൾക്ക് ഏററവും നല്ലത് എണ്ണമയം കുറഞ്ഞതും, മാംസ്യം (പ്രോട്ടീൻസ്) അധികമുള്ളതുമായ പിണ്ണാക്കാണ്. ഈ ഗുണങ്ങൾ അടങ്ങിയ ഏക കാലിത്തീററയാണ്,
ജഴ്സി ബ്രാൻഡ് കൊപ്രാപിണ്ണാക്ക്.
ജഴ്സി ബ്രാൻഡ് കൊപ്രാപിണ്ണാക്കിൻെറ പ്രത്യേകതകൾ:
1. എണ്ണമയം കുറവ്.
2. മാംസ്യം (പ്രോട്ടീൻസ്) അധികം.
3. കാറൽ കൂടാതെ വളരെക്കാലം സൂക്ഷിക്കാവുന്നതാണ്.
4. വെള്ളത്തിൽ അതിവേഗം അലിഞ്ഞുചേരുന്നു.
5. കൂടുതൽ രുചികരം.
JERSEY
BRAND
ഒരു ഉത്തമ "ക്ലെക്സി" ഉൽപ്പന്നം.
JERSEY
കേരള സോൾവെൻറ്
എക്സ്ട്രാക്ഷൻസ് ലിമിററഡ്,
സോൾവെൻറ് റോഡ്, ഇരിങ്ങാലക്കട.
nimas—KSE·1665